# ഞാൻ സ്നേഹിക്കുന്ന ഇസ്ലാം

**അടിയാർ**

വിവർത്തനം

**അബ്ദുർറഹ്മാൻ മുന്നൂര്**

ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്
**കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ**

# പ്രസ്താവന

**ശ്രീ**. അടിയാർ 1935-ൽ കോയമ്പത്തൂർ ജില്ലയിലെ തിരുപ്പൂരിൽ ജനിച്ചു. ഇന്റർമീഡിയറ്റ് വരെ വിദ്യാഭ്യാസം നേടി. സ്കൂൾ-കോളേജ് ജീവിതകാലത്തുതന്നെ സാഹിത്യത്തിൽ വലിയ അഭിരുചിയായിരുന്നു. കോളേജിൽ തമിഴ് സാഹിത്യ വിഭാഗത്തിന്റെ സെക്രട്ടറിയായിരുന്നു.

ആചാര്യ വിനോബഭാവയുടെ കൂടെ ഭൂദാനപ്രസ്ഥാനത്തിൽ സജീവമായി പങ്കുകൊണ്ടു. പ്രസ്ഥാനത്തിന്റെ മുഖപത്രമായ 'ഗ്രാംദാനി'ന്റെ എഡിറ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. തമിഴ്നാട്ടിലെ പ്രസിദ്ധ ദിനപത്രങ്ങളായ 'മുരശൊലി', 'തെന്നരുൾ' എന്നിവയുടെ റിപ്പോർട്ടറായും അസിസ്റ്റന്റ് എഡിറ്ററായും ജോലി ചെയ്തു. 'നീരോട്ടം' ദിനപത്രത്തിന്റെ എഡിറ്ററായിരുന്നു.

വിദ്യാഭ്യാസകാലത്തു തന്നെ അടിയാർ ദ്രാവിഡ മുന്നേറ്റ കഴക(ഡി.എം.കെ)വുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നു. 1949-ൽ പാർട്ടിയിൽ അംഗമായി. ഡി.എം.കെ.യുടെ വളർച്ചയിൽ അടിയാറുടെ തൂലിക വലിയ പങ്കുവഹിച്ചിട്ടുണ്ട്. അടിയന്തരാവസ്ഥക്കാലത്ത് ആദ്യം അറസ്റ്റ് ചെയ്യപ്പെട്ട ഡി.എം.കെ. നേതാവ് അടിയാറായിരുന്നു. ജയിൽ മോചനത്തിന് ശേഷം എം.ജി.ആർ അദ്ദേഹത്തെ എ.ഐ.ഡി.എം.കെ.യിലേക്ക് ക്ഷണിച്ചു. അങ്ങനെ കുറച്ചുകാലം എം.ജി.ആറിനോടൊപ്പം പ്രവർത്തിച്ചു. പിന്നീട്, അദ്ദേഹത്തിന്റെ മദ്യനയത്തിൽ പ്രതിഷേധിച്ച് രാജിവച്ചു. 1987-ൽ ഇസ്‌ലാം സ്വീകരിച്ചു.

അടിയാർ നിരവധി നാടകങ്ങൾ എഴുതിയിട്ടുണ്ട്. ഒരു കാലത്ത് സിനിമയ്ക്കുവേണ്ടി സംഭാഷണങ്ങളുമെഴുതിയിരുന്നു. അദ്ദേഹമെഴുതിയ സംഭാഷണങ്ങളും ലേഖനങ്ങളും വമ്പിച്ച സ്വീകാര്യതയാണ് നേടിയത്. തമിഴ് ഭാഷയിൽ ഉജ്വലനായ ഒരു പ്രസംഗകൻ കൂടിയാണ് അദ്ദേഹം.

കുട്ടിക്കാലത്ത് ധാരാളം മുസ്‌ലിം സഹപാഠികളുണ്ടായിരുന്ന അടിയാറിന്റെ അധ്യാപകരിലും ഒട്ടേറെ പേർ മുസ്‌ലിംകളായിരുന്നു. രാഷ്ട്രീയത്തിലും പത്രപ്രവർത്തനത്തിലും ധാരാളം മുസ്‌ലിം സഹപ്രവർത്ത

കരെ അദ്ദേഹത്തിന് ലഭിച്ചു. അവർ മുഖേന ഇസ്‌ലാം മതത്തെ സംബന്ധിച്ച് പലതും മനസ്സിലാക്കാൻ കഴിഞ്ഞു. പിന്നീട് ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ സ്വയംതന്നെ താൽപര്യം ജനിക്കുകയും ഇസ്‌ലാമിക ഗ്രന്ഥങ്ങൾ ആഴത്തിൽ പഠിക്കുകയും ചെയ്തു. അടിയന്തരാവസ്ഥയിൽ 'മിസ' പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട അദ്ദേഹത്തിന് ഒന്നര വർഷക്കാലത്തെ ജയിൽജീവിതം ഇസ്‌ലാമിനെ സംബന്ധിച്ച ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിന് നല്ലൊരവസരമായിത്തീർന്നു. ജയിൽ വിമോചനത്തിനു ശേഷം തന്റെ പത്രമായ 'നീരോട്ട'ത്തിൽ പ്രസിദ്ധീകരിച്ച 'നാൻ കാതലിക്കും ഇസ്‌ലാം' എന്ന ലേഖന പരമ്പരയുടെ വിവർത്തനമാണ് ഈ കൃതി. ഇതര മതങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിനോട് തനിക്കുള്ള പ്രത്യേക സ്നേഹത്തിന്റെയും ആദരവിന്റെയും കാരണമാണ് ഇതിൽ അടിയാർ വിവരിക്കുന്നത്. ഉർദു, ഹിന്ദി, സിന്ധി തുടങ്ങിയ വിവിധ ഭാഷകളിൽ ഇതിന്റെ തർജമ പുറത്തുവന്നിട്ടുണ്ട്. മദ്രാസിലെ ജമീൽ അഹ്മദ് സാഹിബിന്റെ ഉർദു തർജമയെ ആശ്രയിച്ചാണ് ഈ മലയാള വിവർത്തനം തയ്യാറാക്കിയിട്ടുള്ളത്.

1987 – ൽ അടിയാർ ഇസ്‌ലാമാശ്ലേഷിച്ചതിനുശേഷം ഇസ്‌ലാമിനെക്കുറിച്ച് നിരവധി കൃതികൾ രചിച്ചിട്ടുണ്ട്. അവയിൽ 'തടവറയിൽനിന്ന് പള്ളിയിലേക്ക്' എന്ന കൃതി ഐ.പി.എച്ച്. മലയാളത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. തന്റെ ഇസ്‌ലാമാശ്ലേഷ കഥയാണ് പ്രസ്തുത കൃതിയിൽ അദ്ദേഹം വിവരിക്കുന്നത്.

1996 സെപ്തംബർ 19 – ന് അടിയാർ അന്തരിച്ചു.

'ഞാൻ സ്നേഹിക്കുന്ന ഇസ്‌ലാമി'ന്റെ പതിനൊന്നാം പതിപ്പാണ് ഇത്. മുൻ പതിപ്പുകളെപ്പോലെ ഈ ഒമ്പതാം പതിപ്പും അനുവാചകർ തുറന്ന മനസ്സോടെ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മേരിക്കുന്ന് **– പ്രസാധകർ**

27–2–2006

# ഉദാത്ത മാതൃക

**ഇ**സ്ലാംമതത്തെ സവിശേഷമായ ബഹുമാനാദരവുകളോടെയാണ് ഞാൻ കാണുന്നത്. അനുവാചകൻ ശ്രദ്ധാപൂർവം വായിക്കുമെന്ന പ്രതീക്ഷയോടെ അതിനെക്കുറിച്ചുള്ള എന്റെ വീക്ഷണങ്ങൾ ഇവിടെ കുറിക്കുകയാണ്.

ഇക്കാലത്ത് മതാചാര്യൻമാർ പൊതുവേ പിന്തിരിപ്പൻമാരായാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ, തങ്ങളുടെ കാലത്തെ അന്ധമായ ആചാരങ്ങൾക്കെതിരെ ശബ്ദമുയർത്തിയ വിപ്ലവകാരികളായിരുന്നു എല്ലാ മതാചാര്യന്മാരുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ഹിന്ദുമതത്തിന്റെ അഥവാ വൈദിക മതത്തിന്റെ പരിഷ്കരണത്തിനുവേണ്ടി പരിശ്രമിച്ച ശ്രീ ശങ്കരാചാര്യർ വിപ്ലവകാരിയായിരുന്നു. വേദം പാരായണം ചെയ്യാൻ പാടില്ലെന്നും വേദം എന്ന വാക്കിന്റെ ഒരർഥം ദൃഷ്ടിയിൽനിന്നു മറച്ചുപിടിക്കുകയാണെന്നും തുടങ്ങിയ ആശയങ്ങൾ വച്ചുപുലർത്തിയ ഒരു ലോകത്ത് 'വേദം എല്ലാവർക്കുമുള്ളതാണ്' എന്ന് ഉറക്കെ വിളിച്ചുപറഞ്ഞ രാമാനുജത്തിന് ഒരു വിപ്ലവകാരിയുടെ വ്യക്തിത്വമാണുണ്ടായിരുന്നത്.

തന്റെ കാലത്തെ അന്ധമായ ആചാരങ്ങൾക്കെതിരെ ശബ്ദമുയർത്തിയ വിപ്ലവകാരിയായിരുന്നു യേശു ക്രിസ്തുവും. ഇങ്ങനെ, മതചരിത്രം പരതി നോക്കിയാൽ അതിലെ പ്രമുഖ വ്യക്തിത്വങ്ങളെല്ലാം പിന്തിരിപ്പൻമാരല്ല, വിപ്ലവകാരികളായിരുന്നുവെന്ന് കാണാവുന്നതാണ്.

ഈ വിപ്ലവകാരികളിൽ ഏറ്റവും വലിയ വ്യക്തിത്വം മുഹമ്മദ് നബി(സ) ആയിരുന്നുവെന്ന് ഉച്ചൈസ്തരം ഘോഷിക്കാൻ എനിക്ക് യാതൊരു സങ്കോചവുമില്ല. മുഹമ്മദ് നബി ഒഴികെയുള്ള വ്യക്തിത്വങ്ങൾ ആരോടെങ്കിലുമുള്ള സഹവർത്തിത്വത്തിലൂടെയാണ് അറിവും

ജ്ഞാനവും നേടിയത്. എന്നല്ല, മാതാപിതാക്കളും കുടുംബവും അവരുടെ ശിക്ഷണത്തിന്റെ മാർഗമായിരുന്നിട്ടുമുണ്ട്. എന്നാൽ നബിയുടെ സ്ഥിതി തികച്ചും വ്യത്യസ്തമായിരുന്നു. അദ്ദേഹം ജനിക്കുന്നതിന് മുമ്പേ പിതാവ് അബ്ദുല്ല പരലോക പ്രാപ്തനായി. ഒരു പിതാവിന്റെ മുഖം കാണാൻ ഭാഗ്യം സിദ്ധിക്കാത്തവർക്കേ നബിയുടെ അന്നത്തെ വേദനയും വിഷമങ്ങളും നല്ലപോലെ മനസ്സിലാക്കാൻ കഴിയൂ.

പിതൃവിയോഗം വരുത്തിയ ദുഃഖം തീർന്നിട്ടില്ല; ആറു വയസ്സാണ് നബിക്കന്നു പ്രായം. വൽസലയായ മാതാവിന്റെ തണലും ആ ബാലന് നഷ്ടപ്പെട്ടു. മാതാവിന്റെയും ഉമ്മു അയ്മൻ എന്ന ഭൃത്യയുടെയും കൂടെ അദ്ദേഹം യസ്‌രിബിലേക്ക് പോവുകയായിരുന്നു. അവിടെയായിരുന്നു പിതാവിന്റെ ഖബ്ർ. വഴി മധ്യേ മാതാവ് മരണപ്പെട്ടു.

ഉപ്പയുടെ മുഖം ആ കുരുന്നുകണ്ണുകൾ കണ്ടിട്ടില്ല. ഇതാ ഇളം പ്രായത്തിൽത്തന്നെ ഉമ്മയും അവനെ വേർപിരിഞ്ഞു. അതോ, യാത്രക്കിടയിലും. അങ്ങനെ ഈ അനാഥ ബാലന്റെ സംരക്ഷണത്തിന്നായി പിതാമഹൻ അബ്ദുൽ മുത്തലിബ് മുന്നോട്ടുവന്നു. പക്ഷേ, രണ്ടു വർഷം കഴിഞ്ഞില്ല. അദ്ദേഹവും ഇഹലോകവാസം വെടിഞ്ഞു.

പിതാവ്, മാതാവ്, പിതാമഹൻ–ഇവരുടെയെല്ലാം ലാളന ഒന്നിനു പിറകെ മറ്റൊന്നായി അദ്ദേഹത്തിന് നഷ്ടപ്പെട്ടു. അതോ, ഏഴു വയസ്സിനുള്ളിൽ! അങ്ങനെ നബി(സ) തനിച്ചായി.

മാനവലോകത്തെ ദൈവാനുഗ്രഹത്തിലേക്ക് ആനയിക്കേണ്ട തിരുമേനി ആലംബഹീനനായി നിലകൊണ്ടു.

ഈ ഘട്ടത്തിൽ പിതൃവ്യൻ അബൂത്വാലിബ് അദ്ദേഹത്തിന്റെ രക്ഷക്കെത്തി. പക്ഷേ, മാതാപിതാക്കളില്ലാത്തവർക്കല്ലേ അനാഥരുടെ ദുഃഖമറിയൂ.

ഇങ്ങനെ നിരാലംബനായ ഒരനാഥയുടെ കരങ്ങളിലൂടെയാണ് ഇസ്‌ലാമിനെപ്പോലെയുള്ള ഒരു മഹദ് സമ്പത്ത് ലോകത്തിന് ലഭിച്ചത്. ഈ അനാഥയുടെ പ്രബോധനം സ്പെയിൻ മുതൽ ചൈന വരെ–ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ– എത്തിച്ചേരുന്നത് അദ്ഭുതാവഹമാണ്. പാപമുക്തവും സകല ന്യൂനതകളിൽനിന്നും പരിശുദ്ധവുമായ നബിയുടെ ജീവിതമായിരുന്നു ഇസ്‌ലാമിന്റെ ഈ പ്രചുരപ്രചാരത്തിനുള്ള സവിശേഷ കാരണം. ഉത്തമ മനുഷ്യന്റെ ഉദാത്തമാതൃകയായിരുന്നു നബി തിരുമേനി.

# ഇടയനായ മഹാരാജാവ്

നബി(സ)യുടെ ജീവിതം കുട്ടിക്കാലം മുതൽ അന്ത്യം വരെ ഉന്നതമായൊരു മാതൃകയാണ്. ജീവിതത്തിന്റെ പ്രാരംഭ ദശ ദുർമാർഗത്തിലകപ്പെട്ടുപോയ എത്രയോ മതാചാര്യന്മാരും നേതാക്കളുമുണ്ട്. എന്നാൽ, ബോധമുദിക്കുന്ന പ്രായം മുതൽ അവസാനം വരെയുള്ള നബി(സ)യുടെ ജീവിതം തികച്ചും പരിശുദ്ധമായിരുന്നു. യാതൊരു കളങ്കവും ന്യൂനതയും അതിലുണ്ടായിരുന്നില്ല.

പിതൃവ്യൻ അബൂത്വാലിബിന്റെ സംരക്ഷണത്തിൻ കീഴിലായിരുന്നു അദ്ദേഹം. അബൂത്വാലിബിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടതായിരുന്നില്ല. അതിനാൽ, അദ്ദേഹത്തിന്റെ സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനുവേണ്ടി നബി (സ) കൂലിക്ക് കന്നുകാലികളെ മേയ്ക്കാൻ തുടങ്ങി.

ഓ, എന്റെ യജമാനൻ!

– അഖിലലോകത്തിനും വഴികാട്ടിയായി ദൈവം നിയോഗിച്ച നായകൻ!

– ജ്ഞാനവും വിവേകവുംകൊണ്ട് അറബികളെ ധന്യരാക്കിയ നേതാവേ!

– റോമാ സാമ്രാജ്യത്തിന്റെ വമ്പിച്ച സൈനികശക്തിയെ പരാജയപ്പെടുത്തിയ ജേതാവേ!

– ജ്ഞാനവും കർമവും എന്നല്ല ലോകത്തിന്റെ മുഴുവൻ നിക്ഷേപങ്ങളും ഇസ്‌ലാംമതാനുയായികൾക്ക് നേടിക്കൊടുത്ത മഹാത്മാവേ!

– ഓ മഹാരാജാ!

ചെറുപ്രായത്തിൽ താങ്കൾ കന്നുകാലികളെ മേയ്ക്കുന്നു! എത്രയെത്ര

കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളുമാണ് അങ്ങനുഭവിച്ചത്! ആലോചിക്കുമ്പോൾ കണ്ണുകൾ ഈറനണിയുന്നു!!

മഹത്തായ സ്വഭാവഗുണങ്ങൾ ഒത്തിണങ്ങിയ ആ വ്യക്തിത്വത്തിന്റെ നേതൃത്വം മുസ്‌ലിംകൾക്കാണ് ലഭിച്ചത്. തീർച്ചയായും അസൂയാർഹരും ഭാഗ്യശാലികളുമാണവർ.

അദ്ദേഹം ആടുമേച്ചു. പന്ത്രണ്ടു വയസ്സായ ഒരു കുട്ടിയായിരിക്കെ പിതൃവ്യനോടൊപ്പം കച്ചവടത്തിനുവേണ്ടി വിദൂരദേശത്തേക്ക് യാത്ര ചെയ്തു.

കച്ചവടത്തിനു പോകുമ്പോൾ കുടുംബക്കാരുടെ ചരക്കുകളോടൊപ്പം ദുർബലരും നിസ്സഹായരുമായ സ്ത്രീകളുടെ വാണിജ്യവസ്തുക്കളും അദ്ദേഹം കൂടെയെടുത്തിരുന്നു. ആ പാവങ്ങൾക്കും അല്പം വരുമാനമുണ്ടാവട്ടെ എന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. കഷ്ടപ്പെടുന്നവരെ അദ്ദേഹം സദാ ശ്രദ്ധിച്ചിരുന്നു.

'ഞാൻ അങ്ങാടിയിൽ പോവുകയാണ്. വല്ലതും കൊണ്ടുവരേണ്ടതുണ്ടോ?' അയൽവാസികളായ പാവപ്പെട്ടവരോട് തിരുമേനി ചോദിക്കുമായിരുന്നു. അവർ വല്ലതും ആവശ്യപ്പെട്ടാൽ അത് അദ്ദേഹം കൊണ്ടുവന്നു കൊടുക്കും.

അശരണരുടെയും മർദിതരുടെയും സഹായാർഥം 'ഹൽഫുൽ ഫുദൂൽ' എന്ന സംഘടന രൂപീകൃതമായപ്പോൾ അദ്ദേഹം അതിൽ ഭാഗഭാക്കാവുകയും പരിപൂർണമായും അതിനോട് സഹകരിക്കുകയും ചെയ്തു.

സത്യസന്ധതയുടെ നിദർശനമാണ് അദ്ദേഹത്തിന്റെ ജീവിതം. ഒരിക്കൽപോലും അദ്ദേഹം വാക്ക് ലംഘിച്ചിട്ടില്ല.

ഒരു സംഭവം: 'ഇവിടെ നില്ക്കുക. ഞാനുടനേ വരാം' എന്നു പറഞ്ഞ് നബിയെ ഒരിടത്ത് നിർത്തി ഒരാൾ സ്ഥലംവിട്ടു.

നബി(സ) അവിടെ നിന്നു. ഒന്നല്ല, രണ്ടല്ല, മൂന്ന് ദിവസം. പക്ഷേ, അയാൾ വന്നില്ല.

നബി(സ)യെ അവിടെ നിർത്തിയാണ് താൻ പോന്നതെന്ന കാര്യം ആ മനുഷ്യൻ മറന്നിരുന്നു. മൂന്നാം ദിവസം യാദൃച്ഛികമായി ആ വഴിക്ക് കടന്നുപോവുമ്പോൾ നബി(സ) അവിടെ നിൽക്കുന്നത് അയാളുടെ ശ്രദ്ധയിൽപെട്ടു. ജാള്യതയോടെ അയാൾ ആരാഞ്ഞു: 'അല്ല, നീ ഇവിടെ നില്ക്കുകയായിരുന്നോ?' നേരിയൊരു നീരസം പോലുമില്ലാതെ വിനയപുരസ്സരം നബി(സ) പ്രതിവചിച്ചു:

'എന്നോട് ഇവിടെ നില്ക്കാൻ താങ്കൾ പറഞ്ഞിരുന്നുവല്ലോ.'

ഉദാത്തമായ ഈ ഗുണവിശേഷത്തെ മാനിച്ച് ജനങ്ങൾ 'അൽ അമീൻ' എന്നും 'അസ്സിദ്ദീഖ്' എന്നും അദ്ദേഹത്തെ വിളിച്ചു.

ഈ സദ്ഗുണ സമ്പന്നനെ ഹസ്രത്ത് ഖദീജ തന്റെ ജീവിത തോഴനായി തിരഞ്ഞെടുത്തു. യഥാർഥത്തിൽ ഖദീജ(റ)യുടെ ഭാഗ്യമായിരുന്നു അത്.

ഹസ്രത്ത് ഖദീജ നേരത്തെ രണ്ടുതവണ വിവാഹം കഴിച്ചിരുന്നു. നബിയേക്കാൾ പതിനഞ്ചു വർഷത്തെ പ്രായാധിക്യവും അവർക്കുണ്ടായിരുന്നു.

ഖാസിം, അബ്ദുല്ല(ത്വാഹിർ), സൈനബ്, റുഖിയ്യ, ഉമ്മുകുൽസൂം, ഫാത്വിമ എന്നീ സന്താനങ്ങൾക്ക് അവർ ജൻമം നൽകി. ഇവരിൽ ഖാസിമും അബ്ദുല്ലയും ചെറുപ്പത്തിൽതന്നെ മരിച്ചുപോയി.

ഹസ്രത്ത് ഖദീജയെ വിവാഹം ചെയ്തതിനുശേഷം നബി(സ)ക്ക് അല്പം സാമ്പത്തിക സുസ്ഥിതി കൈവന്നുവെങ്കിലും അദ്ദേഹത്തിന്റെ ചിന്ത മുഴുവൻ മനുഷ്യരുടെ സമുദ്ധാരണത്തിലായിരുന്നു.

കുടുംബബാധ്യതകൾ പൂർത്തീകരിച്ചുകൊണ്ട് പ്രബോധനത്തിന്റെയും ദൈവികമത സംസ്ഥാപനത്തിന്റെയും ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നത് ഈ മഹാത്മാവിന്റെ ജീവിതത്തിലേ നാം കാണുന്നുള്ളൂ.

ഗൗതമബുദ്ധൻ സന്യാസം സ്വീകരിച്ചിരുന്നു.

ശങ്കരാചാര്യർ വിവാഹം കഴിച്ചിരുന്നില്ല.

യേശുക്രിസ്തു അവിവാഹിതനായിരുന്നു.

സന്യാസികളോ ബ്രഹ്മചാരികളോ അവിവാഹിതരോ ആയ മതനേതാക്കന്മാർ ഒട്ടനവധിയുണ്ട്.

എന്നാൽ, നബി(സ) തന്റെ കുടുംബബാധ്യതകൾ നിർവഹിക്കുകയും അതോടൊപ്പം മതസംസ്ഥാപനത്തിന്റെ സകല ഉത്തരവാദിത്വങ്ങളും ശിരസാവഹിക്കുകയും ചെയ്യുന്നതായി നാം കാണുന്നു.

ഒന്നല്ല, അനേകം ഭാര്യമാരുടെ ബാധ്യതകളുണ്ടായിരുന്നു അദ്ദേഹത്തിന്റെ ശിരസ്സിൽ. ഇത്രയേറെ ഭാരങ്ങളുണ്ടായിട്ടുപോലും മാതൃകാപരമായിരുന്നു അദ്ദേഹത്തിന്റെ കുടുംബജീവിതം; സാമൂഹിക ജീവിതവും.

വിശ്വസ്തനെന്നും സത്യസന്ധനെന്നുമാണ് ജനങ്ങൾ അദ്ദേഹത്തെ വിളിച്ചിരുന്നത്. എന്നാൽ പ്രബോധനമാരംഭിച്ചപ്പോൾ അതേ ജനങ്ങൾതന്നെ അദ്ദേഹത്തെ രൂക്ഷമായെതിർക്കാൻ തുടങ്ങി.

മതചരിത്രത്തിൽ എത്രയോ വിപ്ലവകാരികൾ പ്രബോധനം നടത്തിയിട്ടുണ്ട്. പക്ഷേ, അവരാരും ഇത്രയും കടുത്ത എതിർപ്പുകൾ നേരിട്ടിട്ടില്ല. ഇത്രയധികം എതിർപ്പുകൾ ഉണ്ടാവാൻ അദ്ദേഹത്തിന്റെ പ്രബോധനത്തിൽ എന്താണുണ്ടായിരുന്നത്?

## വിഗ്രഹപൂജയില്ലാത്ത മതം

**'വി**ഗ്രഹങ്ങൾ, രൂപങ്ങൾ, ചിത്രങ്ങൾ ഇവയെയൊന്നും ആരാധിക്കരുത്'– നബി(സ)യൊഴികെ ലോകത്തൊരു വിപ്ലവകാരിയും ഇങ്ങനെ പറഞ്ഞിട്ടില്ല. പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പാണ് നബി(സ) ഈ അധ്യാപനം നല്കിയത്. വിഗ്രഹങ്ങളെയും ചിത്രങ്ങളെയും ആരാധിക്കരുത് എന്നു പറഞ്ഞ് മതിയാക്കാമായിരുന്നു. എന്നാൽ, ഒരടികൂടി മുന്നോട്ടുവെച്ച് അദ്ദേഹം വിഗ്രഹങ്ങൾ തകർക്കുകയും ചിത്രങ്ങൾ നശിപ്പിക്കുകയും ചെയ്തു.

തമിഴ്നാട്ടിൽ നാം ഇ.വി.ആറിനെ മഹാനായൊരു വിപ്ലവകാരിയായി കണക്കാക്കുന്നു. ബിംബാരാധനയെ പുച്ഛിക്കുക മാത്രമല്ല അവയെ തകർക്കുക കൂടി ചെയ്തിരുന്നു അദ്ദേഹം. പിള്ളയാരുടെ ഒരു പ്രതിമ സ്വന്തമായി നിർമിച്ച് അതിനെയാണ് അദ്ദേഹം തകർത്തത്. എന്നാൽ നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ നബി(സ) "സത്യം വന്നുകഴിഞ്ഞു, അസത്യം തിരോഭവിച്ചു. അസത്യം തിരോഭവിക്കുക തന്നെ ചെയ്യും" എന്ന ഖുർആൻ സൂക്തം ഉരുവിട്ടുകൊണ്ട് കഅ്ബാലയത്തിലെ വിഗ്രഹങ്ങളെയെല്ലാം തച്ചുടക്കുകയുണ്ടായി.*

മുസ്ലിംകളുടെ ഏറ്റവും വലിയ ആഘോഷമാണ് ബലിപെരുന്നാൾ.

* മക്കാ വിജയത്തെത്തുടർന്നാണ് ഈ സംഭവം. മക്കയിലെ വിഗ്രഹാരാധകരെല്ലാം ഏകദൈവ വിശ്വാസികളായിക്കഴിഞ്ഞിരുന്നപ്പോൾ വിഗ്രഹപൂജ ഉപേക്ഷിച്ച അവരെക്കൊണ്ടുതന്നെ വിഗ്രഹങ്ങളെ നശിപ്പിക്കുകയാണ് നബി ചെയ്തത്. ആദ്യം ജനമനസ്സുകളിൽനിന്നു വിഗ്രഹങ്ങളെ തകർത്ത ശേഷമായിരുന്നു ഈ നടപടി. ബലപ്രയോഗം നടന്നില്ലെന്നു ചുരുക്കം.– വിവ:

ആരുടെ സ്മരണക്കുവേണ്ടിയാണ് ഈ ആഘോഷം കൊണ്ടാടപ്പെടുന്നത്? എന്തായിരുന്നു അദ്ദേഹം ചെയ്തത്?

ഹസ്രത്ത് ഇബ്റാഹീം(അ) തന്റെ ഏക സന്താനത്തെ അല്ലാഹുവിന്റെ മാർഗത്തിൽ ബലിനൽകാൻ സന്നദ്ധനായി. ഈ സംഭവത്തിന്റെ അനുസ്മരണമായാണ് ബലിപെരുന്നാൾ കൊണ്ടാടുന്നത്.

ഇബ്റാഹീമി(അ)ന്റെയും ഇസ്മാഈലിന്റെയും പ്രതിമകൾ കഅ്ബയിലുണ്ടായിരുന്നു. എന്നാൽ, പെരുന്നാളാഘോഷിക്കാൻ കല്പന നല്കിയ, അതുവഴി ആ മഹാത്മാക്കളുടെ സ്മരണയെ അനശ്വരമാക്കിയ മുഹമ്മദ് നബി, മറ്റു പ്രതിമകളോടൊപ്പം ആ രണ്ടു പുണ്യാത്മാക്കളുടെ പ്രതിമകളേയും തച്ചുടച്ചു. ഇതിലും വലിയ ഒരു വിപ്ലവ നടപടി സങ്കല്പിക്കാമോ!

മാത്രമോ? ഏത് രാജ്യത്താണ് ഈ വിപ്ലവം അരങ്ങേറിയത്? അജ്ഞതയും ബിംബാരാധനയും ജനങ്ങളുടെ സിരകളിലൊഴുകുന്ന ഒരു നാടായിരുന്നു അത്.

റഷ്യയിൽ കമ്യൂണിസ്റ്റ് ഭരണമാണ്. അത് ദൈവത്തെ നിഷേധിക്കുന്നു. പക്ഷേ, ദേവീദേവന്മാരുടെ പ്രതിമകളെ തകർക്കാനോ നീക്കംചെയ്യാനോ അതിന് ചങ്കൂറ്റമില്ല.

തമിഴ്നാട്ടിലെ ചില വിപ്ലവകാരികൾ പാടുകയുണ്ടായി, ഇവിടെയുള്ള പ്രതിമകളെല്ലാം തച്ചുടക്കപ്പെടുന്ന ആ സുപ്രഭാതം എന്നാണ് പുലരുകയെന്ന്. പക്ഷേ, ഇന്നും തെരുവായ തെരുവുകളിലൊക്കെയും വഴിയായ വഴികളിലൊക്കെയും ഇവിടെ പ്രതിമകളാണ്.

എന്നാൽ, പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പ് അജ്ഞാനയുഗത്തിന്റെ പ്രതിമകളെല്ലാം കഅ്ബാലയത്തിൽനിന്നും നബി(സ) നീക്കംചെയ്തു. മാനവചരിത്രത്തിലെ ധീരോദാത്തമായ ഒരു നടപടിയായിരുന്നു അത്.

സ്വന്തം നാട്ടിൽ, സ്വന്തം പിതാവും പിതാമഹൻമാരും പൂജിച്ചുപോന്ന പ്രതിമകളെ തകർത്തു തൂത്തെറിയുക- അനന്യസാധാരണമായ ഒരു ധീരത തന്നെയാണത്. മാനുഷചരിത്രത്തിൽ ഇത്രയും വിപ്ലവാത്മകമായ ഒരു കൃത്യം നബിതിരുമേനിയേ നിർവഹിച്ചിട്ടുള്ളൂ.

പുരോഗമനത്തെപ്പറ്റി ഉറക്കെ ഘോഷിക്കുന്നവരാണ് ഇന്നത്തെ ആളുകൾ. ദൈവനിഷേധത്തെയും നിരീശ്വരത്വത്തെയും തങ്ങളുടെ പുരോഗമനപരതക്ക് സ്ഥിരീകരണായി അവർ മുമ്പോട്ടുവെക്കുന്നു. എന്നാൽ, ഇന്നും പ്രതിമകളുടെയും ചിത്രങ്ങളുടെയും അടിമകളാണവർ.

ദൈവത്തെ നിഷേധിക്കുകയും കുറച്ചുകൂടി മുന്നോട്ട് വന്ന് ദേവീദേവന്മാരുടെ പ്രതിമകളെത്തന്നെ അനാശാസ്യമായി കണക്കാക്കുകയും ചെയ്യുന്ന ഈ പുരോഗമനവാദികൾതന്നെ, തങ്ങളുടെ നേതാക്കൻമാരുടെ പ്രതിമകൾ സ്ഥാപിച്ച് അവയ്ക്കു മുമ്പിൽ ശിരസ്സു നമിക്കുന്നത് എത്ര പരിഹാസ്യമല്ല!

അവർ ദേവീദേവന്മാരുടെ ചിത്രങ്ങൾ നീക്കംചെയ്യുന്നു. എന്നിട്ട് തൽസ്ഥാനത്ത് സ്വന്തം ചിത്രങ്ങൾ പതിക്കുകയും ചെയ്യുന്നു. ചിത്രമാവട്ടെ, പ്രതിമയാവട്ടെ– മനുഷ്യന്റെ ദൗർബല്യത്തിന്റെ ലക്ഷണമാണവ രണ്ടും.

ഈ ദൗർബല്യത്തെ സംബന്ധിച്ച വിവരം നല്കിയതും അതിൽനിന്ന് മനുഷ്യരെ മോചിപ്പിച്ചതും നബിതിരുമേനിയാണ്. പതിനാല് നൂറ്റാണ്ടുകൾക്കപ്പുറത്ത് വെച്ചുതന്നെ ഈ കൃത്യം അദ്ദേഹം നിർവഹിച്ചുകഴിഞ്ഞിരുന്നു.

പ്രതിമകളുടെയും ചിത്രങ്ങളുടെയും സഹായമില്ലാതെ പ്രവർത്തിക്കുന്ന വല്ല പ്രസ്ഥാനവും ഇന്നുണ്ടെങ്കിൽ അത് ഇസ്‌ലാമാണ്.

വിഗ്രഹാരാധനയും ചിത്രപൂജയുമില്ലെങ്കിൽ സൗന്ദര്യാസ്വാദന ശേഷി നശിച്ചുപോവുമെന്ന് ചിലർ പറയാറുണ്ട്. എന്നാൽ, അവയിൽനിന്നെല്ലാം പരിശുദ്ധരായ മുസ്‌ലിംകൾ അനർഘസുന്ദരങ്ങളായ ഒട്ടനവധി വാസ്തുശില്പങ്ങൾ ലോകത്തിന് സമ്മാനിച്ചിട്ടുണ്ട്.

പ്രതിമകളുടെയും ചിത്രങ്ങളുടെയും ബന്ധനത്തിൽനിന്ന് ഭാവനയെ സ്വതന്ത്രമാക്കിയതിന്ന് ശേഷം മുസ്‌ലിംകൾ നിർവഹിച്ച മഹത്തായ കൃത്യങ്ങൾ കാണുക:

1. ഗണിതശാസ്ത്രത്തിൽ നിലവിലുള്ള ബീജഗണിതത്തിന് ജന്മംനല്കി.

2. ആൾജിബ്ര നിലവിൽ വരുകയും വികസിക്കുകയും ചെയ്തു.

3. വാസ്തുവിദ്യയിൽ അനവദ്യസുന്ദരങ്ങളായ മന്ദിരങ്ങളും പള്ളികളും നിർമിച്ചു.

4. രസതന്ത്രത്തിൽ സിൽവർ നൈട്രേറ്റും സൾഫ്യൂരിക് ആസിഡും കണ്ടുപിടിച്ചു.

5. വൈദ്യശാസ്ത്രത്തിൽ:

എ) ഫാറാബിയുടെ 'ശസ്ത്രക്രിയ.'

ബി) അവിസന്നയുടെ 'അൽഖാനൂൻ.'

സി) അലി ഇബ്നു അബ്ബാസിന്റെ 'കിതാബുൽ മാലികി' തുടങ്ങിയ പ്രാമാണിക ഗ്രന്ഥങ്ങൾ.

6. കവിതയിൽ മുതനബ്ബി മുതൽ ഇഖ്ബാൽ വരെയുള്ള കാലഘട്ടത്തിലെ കല്പനാമധുരങ്ങളായ കാവ്യകല്ലോലിനികൾ.

7. ഗദ്യസാഹിത്യത്തിൽ ആയിരത്തൊന്നു രാവുകൾ, ലൈലാമജ്നൂൻ തുടങ്ങിയ നിധി ശേഖരങ്ങൾ.

അഭിമാനാർഹങ്ങളായ ഇത്തരം കൃത്യങ്ങൾ ഇതര സമുദായങ്ങളും സാധിച്ചിട്ടില്ലേ എന്ന് ചോദിക്കാം. 'ഇത്രത്തോളമില്ല' എന്നാണ് മറുപടി.

മറ്റൊരു സവിശേഷത കൂടിയുണ്ട്: ഈ അധ്യാപനങ്ങളുമായി എഴുന്നേറ്റുവന്ന ജനത പ്രകൃതിസൗന്ദര്യം തൊട്ടുതീണ്ടിയിട്ടില്ലാത്ത, മെയ്യുരുക്കുന്ന ചൂടു മാത്രമുള്ള മരുഭൂമിയിലെ നിവാസികളായിരുന്നു; എന്നിട്ടും ലോകത്തിനവർ നല്കിയ ഈ സൗന്ദര്യാസ്വാദനം എത്ര മഹത്തരമല്ല!

അതെ, ഒരു നിരക്ഷരന്റെ അധ്യാപനമാണ് ഇതെല്ലാം സാധിച്ചത്. മാനവലോകത്തെ മഹത്വത്തിന്റെ മഹോന്നതിയിലെത്തിച്ച ആ പ്രവാചകൻ എഴുത്തും വായനയും ശീലിക്കാത്തവനായിരുന്നു.

# ഞാൻ എന്തുകൊണ്ട് ഇസ്‌ലാമിനെ സ്നേഹിക്കുന്നു?

**അ**ദ്ഭുതകൃത്യങ്ങൾ കൂടാതെ ഏറ്റവും വലിയ അദ്ഭുതം കാണിച്ച നബി!

സാമാന്യ ജനങ്ങൾ മതനേതാക്കളിൽ എളുപ്പം വിശ്വാസമർപ്പിക്കുകയില്ല. മിക്ക മതനേതാക്കളും അമാനുഷികവും പ്രകൃത്യതീതവുമായ കാര്യങ്ങൾ കാണിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ അതിൽ വിസ്മയം പൂണ്ട് ജനങ്ങൾ അവരെ വിശ്വസിക്കുന്നു.

പല മതങ്ങളിലും ദൈവവിശ്വാസം പോലും അദ്ഭുത കൃത്യങ്ങളോടുള്ള ജനങ്ങളുടെ ഈ അഭിനിവേശത്തിൻമേലാണ് നിലനിൽക്കുന്നത്.

സദ്വൃത്തരായ ആളുകൾക്ക് അനശ്വരവും ദുർവൃത്തർക്കു ദുരിതപൂർണവുമായ ഒരു ഭാവി ജീവിതമുണ്ടെന്ന് വിശ്വസിക്കാത്തിടത്തോളം പരിശുദ്ധവും പവിത്രവുമായ ഒരു ജീവിതം സ്വായത്തമാക്കാൻവേണ്ടി ബദ്ധകങ്കണരായി മുന്നോട്ടു വരാൻ ജനങ്ങൾക്ക് കഴിയുകയില്ല എന്നാണ് യാഥാർഥ്യം.

ഈ ഉദ്ദേശ്യത്തിന്റെ സാഫല്യത്തിനും ഇക്കാര്യങ്ങൾ ഗ്രഹിപ്പിക്കുന്നതിനും വേണ്ടി മതപ്രബോധകർ പലതരത്തിലുള്ള പ്രകൃത്യതീത മാർഗങ്ങൾ സ്വീകരിച്ചതായി പുരാണങ്ങളിലും വേദങ്ങളിലും പഴയനിയമത്തിലും നമുക്ക് കാണാൻ കഴിയും.

ഇത്തരം അദ്ഭുതങ്ങളൊന്നുമില്ലാത്ത, പരിശുദ്ധിയും ഗാംഭീര്യവുമാർന്ന

ജീവിതം നബിതിരുമേനിയിലേ നാം കാണുന്നുള്ളൂ.

അത് മാത്രമല്ല, അദ്ഭുതങ്ങൾ കാണിക്കണമെന്നാവശ്യപ്പെട്ടപ്പോൾ അതിന് മറുപടിയായി അദ്ദേഹം ഖുർആൻ അവർക്കു മുമ്പിൽ വെച്ചു കൊടുക്കുകയാണ് ചെയ്തത്. പ്രത്യക്ഷമായ അദ്ഭുതകൃത്യങ്ങളുടെ സഹായമില്ലാതെ വിജ്ഞാനത്തിലേക്ക് പ്രബോധനം ചെയ്ത വിപ്ലവകാരി മുഹമ്മദ് നബി(സ)യാണ്.

ഒരേസമയം മതനേതാവും സേനാനായകനുമായിരുന്നു അദ്ദേഹം.

ഉപദേശ നിർദേശങ്ങൾ നല്കുന്ന ഒരുപദേശകൻ. സമർഥനായ ഭരണാധികാരിയും നേതാവും. രണ്ടു നിലക്കുമുള്ള അദ്ദേഹത്തിന്റെ വ്യക്തിത്വം ഉദാത്തഗംഭീരമായിരുന്നു.

ബദ്ർ, ബനൂഖൈനുഖാഅ്, സവീഖ്, ഉഹുദ്, തബൂക്, ഖൈബർ- ഏതൊരു യുദ്ധക്കളത്തിലും സമർഥനും ധീരനുമായ ഒരു പടത്തലവനായി അദ്ദേഹം നമ്മുടെ മുമ്പിലെത്തുന്നു.

മതനേതാവും പടനായകനും- ഈ രണ്ടു ഗുണങ്ങളും ഒരേസമയം അദ്ദേഹത്തിന്റെ ജീവിതത്തിലേ നാം കാണുന്നുള്ളൂ.

ജിഹാദിൽ അഥവാ യുദ്ധതന്ത്രത്തിൽ നിപുണനായിരുന്നു അദ്ദേഹം. വിശ്വാസത്തിന്റെയും ആദർശത്തിന്റെയും പിൻബലത്തിൽ തന്റെ അനുചരൻമാരിൽ അദ്ദേഹം സൃഷ്ടിച്ച ധീരത ചരിത്രത്തിലെ മഹത്തായ ഒരു സംഭവമാണ്.

രാജ്യങ്ങളെ വെട്ടിപ്പിടിക്കാനുള്ള അഭിനിവേശംകൊണ്ടല്ല അദ്ദേഹം യുദ്ധം ചെയ്തത്. പ്രതിയോഗികളെ അധീനപ്പെടുത്താനുള്ള ആവേശം കൊണ്ടുമല്ല. സത്യത്തിന്റെ സമുത്ഥാനം മാത്രമായിരുന്നു അദ്ദേഹം ലക്ഷ്യമാക്കിയിരുന്നത്. ജിഹാദ് എന്ന് അതിന് പേർ സിദ്ധിച്ചതും ഈ ജിഹാദിൽ ജീവൻ ബലി നല്കിയ വീരകേസരികളെ ശഹീദ് എന്ന് വിളിക്കുന്നതും അതുകൊണ്ടാണ്. ജീവൻ ബലി നല്കി സത്യസാക്ഷ്യം നിർവഹിച്ചവർ എന്നാണ് ശഹീദ് എന്ന വാക്കിന്റെ അർഥം.

'യുദ്ധക്കളത്തിൽ പേടിച്ച് പിന്തിരിഞ്ഞോടുന്നതും നരകശിക്ഷക്ക് ഹേതുവാണ്.'

ജിഹാദിനെ സംബന്ധിച്ച നബി(സ)യുടെ മഹത്തായ അധ്യാപനമായിരുന്നു ഇത്. അതുൾകൊണ്ടതിൻ ഫലമായി അദ്ദേഹത്തിന്റെ അനുചരന്മാർ ധീരരും നിർഭയരുമായി സത്യസന്ദേശവും വഹിച്ചു സ്പെയിൻ മുതൽ

ചൈനവരെ വ്യാപിച്ചു.

നബി(സ) കാണിച്ചുകൊടുത്ത മാർഗത്തിൽനിന്ന് വ്യതിചലിച്ചതോടെ മുസ്ലിംകളുടെ അധഃപതനവും തുടങ്ങി. അതിനു മുമ്പ് പരാജയത്തിന്റെ മുഖം അവർ കണ്ടിട്ടുണ്ടായിരുന്നില്ല.

റോമാസാമ്രാജ്യം ഒരു മഹച്ഛക്തിയായിരുന്നു നബിയുടെ കാലത്ത്. എന്നാൽ, നബിയുടെ നിർഭയവും അചഞ്ചലവുമായ വിശ്വാസദാർഢ്യ ത്തിനു മുമ്പിൽ അതിന് നിലനില്പുണ്ടായില്ല. അതെ, അതായിരുന്നു നബി(സ). മരുഭൂമിയിൽ ജനിച്ച്, ദരിദ്രനായി വളർന്ന്, മാനവരാശിയുടെ നേതാവായിത്തീർന്ന മുഹമ്മദ് നബി.

യുദ്ധസാമഗ്രികളിൽ തോലിന്റെ ഒരു കടിഞ്ഞാൺ പോലും അദ്ദേ ഹത്തിന്റെ വശമുണ്ടായിരുന്നില്ല. ഗത്യന്തരമില്ലാതെ തുണിശ്ശീല പിരിച്ചു കുതിരക്ക് കടിഞ്ഞാൺ കെട്ടേണ്ടി വന്നിട്ടുണ്ട്.

പക്ഷേ, ആദർശത്തിന്റെ അടിയുറപ്പുള്ള നബിയും അനുചരൻമാരും അല്ലാഹുവിൽ സർവസ്വം ഭരമേൽപിച്ച് പടപൊരുതി; വിജയം വരിച്ചു. ഒരു വശത്ത് ലോക സന്ന്യക്തരായ പുരോഹിതൻമാരെക്കാൾ അശക്തനും ലളി തകായനും. മറുവശത്ത് അറേബ്യയും അയൽപ്രദേശങ്ങളും ജയിച്ചടക്കിയ വിജിഗീഷുവുമായ ഭരണാധികാരി. എന്നിട്ടും അദ്ദേഹത്തിന്റെ ജീവിതം അങ്ങേയറ്റം ലളിതമായിരുന്നു. ഒരു സാധാരണ വീട്ടിലാണ് അദ്ദേഹം താമ സിച്ചിരുന്നത്. നേതാക്കളുടേതോ ഭരണാധികാരികളുടേതോ ആയിരുന്നി ല്ല അദ്ദേഹത്തിന്റെ ജീവിത നിലവാരം.

ലളിതമായ ഭക്ഷണം! പലപ്പോഴും പട്ടിണി!! ഓർത്താൽ കണ്ണിൽ ജലമൂറും.... ഈ ഗുണങ്ങളത്രയും അദ്ദേഹം പ്രബോധനം ചെയ്ത ഇസ്‌ലാമിന്റേതായിരുന്നു. അതുകൊണ്ടാണ് ഇസ്‌ലാമിനെ ഞാൻ സ്നേഹിക്കുന്നത്.

## യേശു ദൈവപുത്രനോ?

**പി**താവ്, പുത്രൻ, പരിശുദ്ധാത്മാവ്- ഇവരുടെ ത്രിയേകത്വം ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറയാണ്. പാപം ചെയ്തവർക്ക് മോചനം നല്കാനും മനുഷ്യന്റെ പാപഭാരം വഹിപ്പാനും വേണ്ടി യേശുക്രിസ്തു കുരിശിലേറി മൃത്യുവരിച്ചു. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി. ഇതാണ് ക്രൈസ്തവരുടെ വിശ്വാസം.

1. യേശുക്രിസ്തു ദൈവപുത്രനാണ്.
2. അദ്ദേഹം മരണാനന്തരം പുനരുത്ഥാനം ചെയ്തു.

ഇപ്പറഞ്ഞ രണ്ട് കാര്യങ്ങളിൽ വിശ്വസിക്കാത്ത ഒരാൾ ക്രിസ്ത്യാനിയാവുകയില്ല. നബി(സ)യുടെ ആഗമനകാലത്ത് ഈ രണ്ട് വിശ്വാസങ്ങളും ക്രൈസ്തവലോകത്ത് പരക്കെ വ്യാപിച്ചിരുന്നു. ഈ വിശ്വാസങ്ങൾ രണ്ടും അബദ്ധമാണെന്ന് നബി(സ) പറഞ്ഞു. അദ്ദേഹം അരുളി:

'യേശുക്രിസ്തു ദൈവത്തിന്റെ പുത്രനല്ല'. ദൈവത്തിന്റെ പ്രവാചകൻ മാത്രമാണദ്ദേഹം. യഥാർഥത്തിൽ യേശു ക്രൂശിക്കപ്പെട്ടിട്ടില്ല. അദ്ദേഹത്തെ ബന്ധനസ്ഥനാക്കുവാൻ വേണ്ടി ഒരു കൂട്ടമാളുകൾ അദ്ദേഹത്തിന്റെ മുറിയിലേക്ക് കടന്നുവന്നു. അവിടെയുണ്ടായിരുന്ന ഒരാൾക്ക് യേശുവിനോട് രൂപസാദൃശ്യമുണ്ടായിരുന്നു. ഇദ്ദേഹത്തെയാണ് അവർ കുരിശിലേറ്റിയത്. ഖുർആൻ പറയുന്നത് കാണുക:

“അദ്ദേഹത്തെ വധിക്കുകയോ ക്രൂശിക്കുകയോ ചെയ്തിട്ടില്ല. യാഥാർഥ്യം അവർക്ക് അവ്യക്തമാക്കപ്പെടുകയാണുണ്ടായത്...”(4: 157). ബൈബിളിൽ പരാമൃഷ്ടരായ മിക്ക പ്രവാചകന്മാരെസ്സംബന്ധിച്ചും ഖുർആൻ പരാമർശിക്കുന്നുണ്ട്. ആദം, ഇബ്റാഹീം, ഇസ്ഹാഖ്, ഇസ്മാഈൽ, യാഖൂബ്, യൂസുഫ്, മൂസാ, ഹാറൂൻ, ദാവൂദ്, യൂനുസ്, ഇൽയാസ്, സകരിയ... തുടങ്ങിയവർ ഉദാഹരണം. ഈ പ്രവാചകന്മാരുടെ കൂട്ടത്തിൽ ഹസ്രത്ത് ഈസാ(അ)ന്റെ നാമധേയവും ഖുർആൻ എടുത്തുപറയുന്നു. ഹസ്രത് ഈസാ ഒരു പ്രവാചകനായിരുന്നുവെന്ന കാര്യം ഖുർആൻ ശരിക്കും സ്പഷ്ടമാക്കിയിട്ടുണ്ട്. അദ്ദേഹത്തിൽ ദിവ്യത്വത്തിന്റെ യാതൊരു ലക്ഷണവുമുണ്ടായിരുന്നില്ല. മുസ്ലിംകൾക്കും ക്രൈസ്തവർക്കുമിടയിലുള്ള അഭിപ്രായഭിന്നതകളെ ഇവിടെ ചർച്ചാവിധേയമാക്കുന്നില്ല. പ്രശ്നത്തിന്റെ മറ്റൊരു വശത്തിന്നാണ് ഞാൻ ഊന്നൽനല്കുന്നത്. അക്കാലത്ത് ആധിപത്യം വാഴുകയും ഒരു മഹാശക്തിയായി ലോകത്ത് നിലനില്ക്കുകയും ചെയ്തിരുന്ന ക്രിസ്ത്യാനിസത്തിന്റെ തെറ്റായ വിശ്വാസങ്ങൾക്കെതിരെ യാതൊരു പക്ഷപാതബുദ്ധിയും കൂടാതെ നബി(സ) ശബ്ദമുയർത്തി. ക്രൈസ്തവ വിശ്വാസത്തിനെതിരെയുള്ള ഈ കടന്നാക്രമണത്തിന്നിടയിലും യേശുക്രിസ്തുവിനോടുള്ള അദ്ദേഹത്തിന്റെ ആദരവിനും ബഹുമാനത്തിനും യാതൊരു കുറവും സംഭവിച്ചില്ല.

യേശുക്രിസ്തുവിന്റെ കരം പരിശുദ്ധാത്മാവിനാൽ ശക്തിപ്പെട്ടതായിരുന്നു. പരിശുദ്ധാത്മാവ് മുഖേന അദ്ദേഹത്തിന് സുവിശേഷം നല്കപ്പെട്ടിരുന്നു. ഈ രണ്ടു വസ്തുതകളും വിശുദ്ധ ഖുർആൻ തികഞ്ഞ അഭിമാനത്തോടും ആദരവോടും കൂടി സ്ഫുടമായ വാക്കുകളിൽ വിവരിക്കുന്നുണ്ട്. ഇതേ രൂപത്തിൽത്തന്നെ ഇതര മതങ്ങളിലെ അബദ്ധങ്ങളെയും ഖുർആൻ നിരാകരിക്കുന്നു. അവിടെയും ആ മതങ്ങളുമായി ബന്ധപ്പെട്ട വ്യക്തിത്വങ്ങളെ ആദരിക്കണമെന്ന് ഖുർആൻ ഉപദേശിക്കുന്നു.

തെറ്റുകളെ വിമർശിക്കുക,

വ്യക്തിത്വങ്ങളെ ആദരിക്കുക-

ഈ രണ്ടു കാര്യങ്ങളെ ഇസ്ലാം തമ്മിൽ കൂട്ടിക്കുഴക്കുന്നില്ല. മറിച്ച്, വ്യക്തമായ വാക്കുകളിൽ അവ രണ്ടിനെ സംബന്ധിച്ചും പഠിപ്പിക്കുകയാണ് അത് ചെയ്തിട്ടുള്ളത്.

അടിയന്തരാവസ്ഥ കാലത്ത് മിസ പ്രകാരം ഞാൻ അറസ്റ്റു ചെയ്യപ്പെട്ടിരുന്നു. തദവസരത്തിൽ ലോകത്തെ വ്യത്യസ്ത മതഗ്രന്ഥങ്ങൾ പാരാ

യണം ചെയ്യാൻ എനിക്ക് അവസരം സിദ്ധിച്ചു. എന്റെ ബന്ധുക്കളും സ്നേഹിതന്മാരും ചില മുസ്‌ലിം സുഹൃത്തുക്കളുമാണ് ആ വിശുദ്ധ ഗ്രന്ഥങ്ങൾ എനിക്കെത്തിച്ചുതന്നത്.

പ്രസ്തുത ഗ്രന്ഥങ്ങളിൽ എന്നെ ഏറ്റവുമധികം സ്വാധീനിച്ചതും എന്റെ ദൃഷ്ടിയിൽ ഏറ്റവും വിലപ്പെട്ടതും പരിശുദ്ധ ഖുർആൻ ആയിരുന്നു.

# ഖുർആന്റെ സവിശേഷതകൾ

**മ**തഗ്രന്ഥങ്ങൾ പലതരത്തിൽ കാണപ്പെടുന്നുണ്ട്. അവയോരോന്നിനും സ്വന്തമായ സവിശേഷതകളുണ്ട്.

ഹിന്ദുമതത്തിലെ ഏറ്റവും പരിശുദ്ധമായ ഗ്രന്ഥം വേദങ്ങളാണ്. മുനികളും ഋഷിമാരും ദൈവത്തെ പ്രകീർത്തിച്ചുകൊണ്ട് ആലപിച്ച ഗീതങ്ങളുടെ സമാഹാരമാണ് വേദങ്ങൾ.

ക്രൈസ്തവരുടെ ബൈബിളിന്റെയും ജൂതരുടെ തോറയുടെയും കുറേ ഭാഗങ്ങൾ യഥാർഥത്തിൽ മനുഷ്യർ എഴുതിച്ചേർത്ത പ്രവാചക ചരിത്രങ്ങളും സംഭവ വിവരണങ്ങളുമാണ്.

ഇങ്ങനെ എത്ര മതഗ്രന്ഥങ്ങൾ കാണപ്പെടുന്നുണ്ടോ അവയെല്ലാം പുണ്യപുരുഷന്മാർ ആലപിച്ച ദൈവസങ്കീർത്തനങ്ങളുടെയോ മനുഷ്യർ എഴുതിച്ചേർത്ത, മഹാൻമാരുടെയും പ്രവാചകൻമാരുടെയും ചരിത്രത്തിന്റെയോ സമാഹാരങ്ങളാണെന്ന് കാണാം.

ഖുർആന്റെ സ്ഥിതിയതല്ല. നബി(സ) എഴുതിയുണ്ടാക്കിയ ഗ്രന്ഥമല്ല അത്; ദൈവത്തെ പ്രകീർത്തിച്ചുകൊണ്ട് മനുഷ്യൻ ആലപിച്ച ഗീതങ്ങളുടെ സമാഹാരവുമല്ല; കേവലം ഒരു ചരിത്രത്തിന്റെ നിലയുമല്ല അതിനുള്ളത്.

പ്രത്യുത:

● അല്ലാഹു ലൗഹുൽ മഹ്ഫൂളിൽ(സുരക്ഷിതഫലകം) സൂക്ഷിച്ചിരിക്കുന്ന ആദരണീയ ഗ്രന്ഥമാണത്.

● ലൗഹുൽ മഹ്ഫൂളിലെ ആ ഗ്രന്ഥം ജിബ്‌രീൽ എന്ന മലക്ക് നബി(സ)ക്ക് ഖണ്ഡശ്ശഃ എത്തിച്ചുകൊടുത്തു.

ഇതാണ് മുസ്‌ലിംകളുടെ വിശ്വാസം. വിശുദ്ധ ഖുർആൻ എഴുതപ്പെട്ട ഗ്രന്ഥമല്ല; വെളിപാടു ഗ്രന്ഥമാണ്. ഇക്കാര്യത്തിൽ അചഞ്ചലരായി വിശ്വസിക്കുന്നവരാണ് മുസ്‌ലിംകൾ.

ഈ ഗ്രന്ഥത്തിന് പല വിശിഷ്ടഗുണങ്ങളുമുണ്ട്. അതിലെ വാക്കുകളിലെ സ്വരൈക്യം എന്നെ ആനന്ദതുന്ദിലനാക്കുകയുണ്ടായി. ശബ്ദങ്ങൾക്ക് വല്ല വിശുദ്ധിയുമുണ്ടോ? ഞാൻ പറയുന്നു, അതെ, ഉണ്ട്. ശബ്ദം ലോകത്തിന്റെ ആധാരമാണ്.

'ഓം' എന്ന ശബ്ദത്തിൽനിന്നാണ് വിശ്വം പണിതതെന്ന് വേദം പറയുന്നു.

ആദിയിൽ വചനവും അനന്തരം ലോകവുമുണ്ടായി എന്ന് ബൈബിൾ ഉദ്ഘോഷിക്കുന്നു.

വിശുദ്ധ ഖുർആനിലെ ശബ്ദം ഉദാത്തമായൊരു ഗദ്യത്തിന്റെ ശബ്ദമാണ്. എന്നാൽ, അത് അതിനുള്ളിൽ ഉത്കൃഷ്ടമായൊരു കാവ്യത്തിന്റെ സ്വരൈക്യം വഹിക്കുന്നുണ്ട്. മനോഹരമായൊരു ദൃശ്യത്തിന്റെ സൗകുമാര്യവും അതിൽ പ്രകടമാണ്.

ഈ വചനങ്ങൾ, സദൃശമായ മറ്റൊന്നുണ്ടാക്കാൻ സാധ്യമല്ലാത്തവണ്ണം മനോഹരമാണോ? ഈ ചോദ്യം ഇന്നും ചോദിക്കപ്പെടുന്നുണ്ട്. ഖുർആൻ അവതീർണമായ കാലത്തും ഇതുതന്നെ ചോദിക്കപ്പെട്ടിരുന്നു. ഈ ചോദ്യത്തിന് ഖുർആൻ മറുപടി നല്കി: 'സാധ്യമാണെങ്കിൽ അങ്ങനെയൊന്ന് കൊണ്ടുവരൂ.'

ഈ വെല്ലുവിളി സ്വീകരിക്കാൻ ലോകത്തിനു ഇന്നേവരെ കഴിഞ്ഞിട്ടില്ല. അതിനു ശ്രമിച്ചവരൊക്കെ തോറ്റു മണ്ണുകപ്പി.

"ഇന്നാ അഅ്ത്വൈനാക്കൽ കൗസർ

ഫസ്വല്ലി ലിറബ്ബിക വൻഹർ

ഇന്ന ശാനിഅക ഹുവൽ അബ്തർ"

ഇതുപോലെ സുന്ദരവും യുക്തിബന്ധുരവുമാണ് ഖുർആനിലെ വചനങ്ങൾ. അതിനെ നേരിടാൻ അക്കാലത്തെ കഴിവുറ്റ കവികൾ പരിശ്രമിച്ചു നോക്കി. പക്ഷേ, 'ഇതൊരു മനുഷ്യന്റെ വാക്കുകളല്ല' എന്ന് അവർക്ക് സമ്മതിക്കേണ്ടിവന്നു.

മനുഷ്യരും ജിന്നുകളും ഒത്തു ശ്രമിച്ചാൽപോലും ഖുർആന്ന് സമാനമായ ഒന്നു കൊണ്ടുവരാൻ സാധ്യമല്ലെന്ന് ഖുർആൻ വെല്ലുവിളിച്ചു പറഞ്ഞു.

ഖുർആനിൽനിന്നുതന്നെ അതിന്റെ വിവിധ നാമങ്ങൾ നമുക്ക് ലഭിക്കുന്നുണ്ട്. അവയോരോന്നും പ്രധാനപ്പെട്ടതും ഓരോ യാഥാർഥ്യങ്ങളുടെ ദർപ്പണവുമാണ്.

1. അൽകിതാബ് - ഗ്രന്ഥം
2. ഹബ്ലുല്ലാ- ദൈവിക പാശം
3. അൽ ബയാൻ- വിശദ വിവരണം
4. അൽ ബുർഹാൻ- സുവ്യക്ത ദൃഷ്ടാന്തം
5. അൽ മുഹൈമിൻ- സംരക്ഷിക്കുന്നത്
6. അൽ മുബാറക്- അനുഗൃഹീതം
7. അൽ മുസ്വദ്ദിഖ്- സത്യപ്പെടുത്തുന്നത്
8. അദ്ദിക്റാ- ഉദ്ബോധനം
9. അന്നൂർ- പ്രകാശം
10. അൽബസ്വാഇർ- ഉൾക്കാഴ്ച തരുന്നത്
11. അൽ ഹുദാ- സൻമാർഗം
12. അർറഹ്മ- കാരുണ്യം
13. അശ്ശിഫാ- ശമനം
14. അൽ മൗഇള- ഉപദേശം
15. അൽ ഹകം- വിധി നല്കുന്നത്, വിധിക്കുന്നത്
16. അൽ മുബീൻ- സുസ്പഷ്ടം
17. അൽ അറബി- അറബി ഭാഷയിലുള്ളത്
18. അൽ ഹിക്മ- യുക്തിജ്ഞാനം
19. അൽ ഹഖ്- പരമസത്യം
20. അൽ ഖയ്യിം- ഭദ്രം
21. അൽ ഫുർഖാൻ- സത്യാസത്യ വിവേചകം
22. അത്തൻസീൽ- അവതീർണം
23. അൽ ഹകീം- യുക്തിശാലി
24. അദ്ദിക്ർ- അനുസ്മരണം
25. അൽ ബശീർ- സുവാർത്തയറിയിക്കുന്നത്
26. അന്നദീർ- താക്കീത് നല്കുന്നത്
27. അൽ അസീസ്- പ്രതാപമുള്ള
28. അർറൂഹ്- ചൈതന്യവത്തായത്
29. അൽ അജീബ്- അദ്ഭുതം നിറഞ്ഞത്

30. അൽ മജീദ്- മഹത്ത്വമിയന്നത്
31. അൽ കരീം- ഉദാരം
32. അൽ മുകർറമ- ആദരണീയം
33. അൽ മർഫൂഅ- ഉന്നതം
34. അൽ മുത്വഹ്ഹറ- പവിത്രം
35. അന്നിഅ്മ- അനുഗ്രഹം

ഖുർആൻ എന്ന വാക്കിന്റെ അർഥം വായിക്കപ്പെടുന്നത് എന്നാണ്. അതെ, വായിക്കപ്പെടുന്ന ഒരു ഗ്രന്ഥമാണിത്; ലോകത്ത് ഏറ്റവുമധികം വായിക്കപ്പെടുന്ന ഗ്രന്ഥം.

# നിരക്ഷരനായ നബി

**അ**ല്ലാഹുവിങ്കൽനിന്ന് അവതീർണമായ ഈ ഗ്രന്ഥം ആദ്യമായി പാരായണം ചെയ്ത വ്യക്തി 'ഉമ്മി'യായിരുന്നു- എഴുത്തും വായനയും അറിയാത്തവൻ.

'ഉമ്മി' എന്നതിന്റെ അർഥം ബുദ്ധിയും വിവേകവുമില്ലാത്തവൻ എന്നല്ല. നല്ല ഓർമശക്തിയുള്ളവരെസ്സംബന്ധിച്ചും എഴുത്തും വായനയും അറിയാത്ത കാരണത്താൽ 'ഉമ്മി' എന്നു പറയാറുണ്ട്.

കവിത ഒരിക്കൽ കേട്ട് മനഃപാഠമാക്കിയവരെയും മൂന്നു തവണ കേട്ടു മനഃപാഠമാക്കിയവരെയും നാലു തവണ കേട്ടു മനഃപാഠമാക്കിയവരെയും സംബന്ധിച്ച കഥകൾ തമിഴ് സാഹിത്യത്തിൽ പ്രസിദ്ധമാണ്. അവർ സ്ഥാനക്രമത്തിൽ പ്രശംസിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ഓർമയിൽനിന്ന് തുരുതുരാ കവിതകളെടുത്ത് ചൊല്ലാൻ കഴിയുന്ന നൂറുകണക്കിന് നിരക്ഷരരുണ്ടായിരുന്നു അറബികൾക്കിടയിൽ.

കവിതയിൽ മാത്രമല്ല, ഗണിതശാസ്ത്രത്തിലും ഇത്തരം അദ്ഭുതാവഹമായ ഓർമശക്തിയുള്ളവർ കാണപ്പെടുന്നു. 214-നെ 314 കൊണ്ട് ഗുണി

ക്കാൻ അഭ്യസ്തവിദ്യർക്കുപോലും ഏറെ സമയമെടുക്കേണ്ടിവരും. എന്നാൽ, എഴുത്തും വായനയും ശീലിച്ചിട്ടില്ലാത്ത, നിശിതമായ ഓർമശക്തിയുള്ള ചിലർ ക്ഷണനേരംകൊണ്ട് അതിന്റെ ഉത്തരം ഓർമയിൽനിന്ന് എടുത്തുപറയുന്നു. അതുപോലെത്തന്നെ തലമുറകളോളം ചെന്നെത്തുന്ന കുടുംബപരമ്പര ഇടതടവില്ലാതെ എണ്ണിപ്പറയാൻ കഴിയുന്നവരും അക്കാലത്തെ അറബികൾക്കിടയിലുണ്ടായിരുന്നു.

'ഉമ്മി' എന്നാൽ ബുദ്ധിയില്ലാത്തവൻ എന്നല്ല അർഥം. അങ്ങനെയാണ് വിവക്ഷിക്കപ്പെടുന്നതെങ്കിൽ നബി(സ)യുടെ കച്ചവടത്തിനും കുശാഗ്രബുദ്ധിക്കും ഒട്ടനവധി സംഭവങ്ങൾക്കും യാതൊരു വ്യാഖ്യാനവും സാധ്യമാവുകയില്ല. നബിക്ക് എഴുത്തും വായനയും അറിഞ്ഞിരുന്നില്ലെന്നത് ശരിതന്നെ. എന്നാൽ, നിശിതമായ ഓർമശക്തിയുടെയും അതുല്യമായ ബുദ്ധികൂർമതയുടെയും ഉടമയായിരുന്നു അദ്ദേഹം.

ദിവ്യബോധനം ലഭിച്ചപ്പോൾ അത് അക്ഷരം പ്രതി ഹൃദിസ്ഥമാക്കി സ്ഫുടമായി ചൊല്ലിക്കേൾപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത് അതുകൊണ്ടാണ്.

നബി(സ)ക്ക് അല്ലാഹുവിന്റെ സഹായം ലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ അനുചരന്മാരിലും അല്ലാഹുവിന്റെ പ്രത്യേകം ഔദാര്യമുണ്ടായിരുന്നു. തിരുമേനിയുടെ അനുഗൃഹീത ജിഹ്വയിൽനിന്ന് അദ്ദേഹത്തിന്റെ അനുചരൻമാർ ദിവ്യവചനങ്ങൾ ശ്രവിച്ചു. അവരത് മനഃപാഠമാക്കി. ഖുർആൻ പരിപൂർണമായും മനഃപാഠമാക്കിയവർ ഇന്നുമുണ്ട്. അവർ ഖുർആൻ പാരായണം ചെയ്യുന്നത് കേൾക്കുമ്പോൾ അവരുടെ കഴിവ് നമ്മെ അസൂയപ്പെടുത്തുകയും ഖുർആന്റെ അമാനുഷികതയിൽ നാം ആശ്ചര്യഭരിതരാവുകയും ചെയ്യുന്നു. അതെ, ഈ മഹൽകൃത്യങ്ങൾ സാധിച്ചത്, മഹത്തായ ഈ യോഗ്യതകൾ വളർത്തിയെടുത്തത് ഒരു നിരക്ഷരനായിരുന്നു.

ബുദ്ധിശൂന്യർ, അജ്ഞർ, കൊള്ളയും കൊലയും സ്വഭാവമാക്കിയവർ, ദുഃസ്വഭാവികൾ എന്നൊക്കെയാണ് അറബികളെപ്പറ്റി സാധാരണ പറയപ്പെടാറുള്ളത്. ഇതപ്പടി തെറ്റാണ്. സഹസ്രാബ്ദങ്ങൾക്കപ്പുറം ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ അധിവസിച്ചിരുന്ന ജനങ്ങൾക്ക് എന്തെല്ലാം നന്മകളും ന്യൂനതകളും ഉണ്ടായിരുന്നോ, ആ നന്മകളും ന്യൂനതകളും അറബികൾക്കുമുണ്ടായിരുന്നുവെന്ന് മാത്രം. അറബികൾക്കുണ്ടായിരുന്ന ഒരു സവിശേഷത, അധികകൂറും എഴുത്തും വായനയും അറിയാത്തവരായിരുന്നു അവർ എന്നതാണ്. പക്ഷേ, അവരുടെ ഓർമശക്തി അദ്ഭുതാവഹമായിരുന്നു. മറ്റു ദേശക്കാരുടെ ഓർമശക്തി ഇതുമായി തുലനം ചെയ്യുമ്പോൾ തുലോം തുച്ഛമാ

യിരുന്നു. വിദ്യാഭ്യാസമില്ല എന്നതുകൊണ്ടുമാത്രം അജ്ഞതയുണ്ടാവുകയില്ല. അറബികളുടേതിനെക്കാൾ വലിയ വിവരക്കേട് കാണിച്ച നിരവധി നാടുകളുണ്ട്.

മനുഷ്യരുടെ തലയറുത്ത് കോട്ടകളിൽ കെട്ടിത്തൂക്കിയിടുക, ജീവനുള്ള മനുഷ്യരെ അടുക്കിവെച്ച് ഭിത്തിനിർമിക്കുക, ആനകളെക്കൊണ്ട് ആളുകളെ ചവിട്ടിയരപ്പിക്കുക, കുരിശിലേറ്റി ആണി തറക്കുക, ജീവനോടെ കുഴിച്ചുമൂടുക, ചുണ്ണാമ്പിൽ മുക്കുക, വിശക്കുന്ന സിംഹത്തിനു മുമ്പിൽ എറിഞ്ഞുകൊടുക്കുക-റോം മുതൽ തമിഴ്നാടുവരെ ചരിത്രതാളുകളിൽ ഇതെല്ലാം നമുക്കു കാണാം. ഇതിലും വലുതായിരുന്നുവോ അറബികളുടെ അജ്ഞത? അറബികൾക്കെതിരിൽ ഉന്നയിക്കപ്പെടുന്ന നിരർഥകമായ ഒരാരോപണം മാത്രമാണിത്. നബി(സ)യുടെ പ്രബോധനത്തെ അറബികൾ എതിർത്തുവെന്നും അദ്ദേഹത്തിന് വിഷമങ്ങൾ സൃഷ്ടിച്ചുവെന്നും പറയപ്പെടുന്നു. എന്നാൽ നബി(സ)യുടെ ഉറ്റമിത്രങ്ങളായി അദ്ദേഹത്തിന് വേണ്ടി ജീവൻ ഉഴിഞ്ഞുവെച്ച, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജീവൻ അപായപ്പെടുത്തി യുദ്ധം ചെയ്ത മദീനാവാസികളും അറബികൾ തന്നെയായിരുന്നു.

നബിയുടെ നേതൃത്വത്തിൽ കഅ്ബാലയത്തിൽ പ്രതിഷ്ഠിച്ചിരുന്ന ബിംബങ്ങളെ നീക്കംചെയ്യുകയും അവയെ ആരാധിക്കുന്നത് തെറ്റായി ഗണിക്കുകയും ചെയ്ത വിപ്ലവ പ്രവർത്തനങ്ങൾ നടത്തിയതും അറബികൾതന്നെയായിരുന്നു.

ഇന്ത്യയിലോ ചൈനയിലോ മറ്റേതെങ്കിലും രാജ്യങ്ങളിലോ ആണ് പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പ് ഈ വിപ്ലവം അരങ്ങേറിയതെങ്കിൽ അറബികൾ കൈവരിച്ച വിജയം അവർ കൈവരിക്കുമായിരുന്നോ?

ഈ വശത്തിലൂടെ അറബികളെ വീക്ഷിക്കുമ്പോഴാണ് അവരുടെ

മഹത്ത്വം നമുക്ക് വ്യക്തമാവുന്നത്. അറേബ്യൻ ഭൂപ്രദേശം മണലാരണ്യമാണ്. അതെ, ആ മണൽക്കാട്ടിൽ തന്നെയാണ് മഹത്തായ ഈ വിപ്ലവം അരങ്ങേറിയത്. ആ രാജ്യത്തെയും അതിലെ നിവാസികളെയും ഞാൻ ആദരവിന്റെയും ആദർശത്തിന്റെയും ദൃഷ്ടികൊണ്ട് നോക്കുന്നതും ഈ നിലക്കാണ്. അവർക്കെന്റെ ഒരായിരം സലാം.

ഈ വിപ്ലവം സൃഷ്ടിച്ച മഹത്തായ ആ ഗ്രന്ഥത്തിന്റെ സവിശേഷതകളെക്കുറിച്ച് അല്പം ചിലതുകൂടി പറയാനുണ്ട്.

## ജീവത്തായ ഭാഷ, ജീവത്തായ ഗ്രന്ഥം

**ഖു**ർആന്നും വേദം, ബൈബിൾ തുടങ്ങിയ ഇതര ഗ്രന്ഥങ്ങൾക്കുമിടയിൽ വലിയൊരു അന്തരമുണ്ട്.

ഹിന്ദുമതത്തിന്റെ പ്രാമാണിക ഗ്രന്ഥമാണല്ലോ ചതുർവേദങ്ങൾ. സംസ്കൃതമാണ് അവയുടെ ഭാഷ.

നവീന ഭാഷ, പരിഷ്കൃത ഭാഷ എന്നൊക്കെയാണ് സംസ്കൃതത്തിന് അർഥം. ചിലർ വിശ്വസിക്കുന്നതുപോലെ ലോകോൽപത്തി മുതൽതന്നെ വേദം മനുഷ്യർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അർഥം സംസ്കൃതമല്ല, അതിനു മുമ്പുള്ള മറ്റേതെങ്കിലും ഭാഷയാണ് വേദങ്ങളുടെ മൂലഭാഷയെന്നാണ്.

ശേഷം വന്ന ഭാഷയിൽ വേദം എഴുതപ്പെട്ടപ്പോൾ മൂല ഭാഷയിലും പുതിയ ഭാഷയിലുമുള്ള വേദങ്ങൾ തമ്മിൽ അന്തരമുണ്ടാവുക സ്വാഭാവികമാണ്.

എന്നാൽ, ഖുർആൻ അറബി ഭാഷയിലാണ് അവതീർണമായത്. അതേ ഭാഷയിൽ തന്നെ മുടിനാരിഴ വ്യത്യാസം കൂടാതെ അതിന്നും നമ്മുടെ മുമ്പിലുണ്ട്.

യഹൂദികളുടെ തോറാ നോക്കുക. അവതീർണമായി നൂറ്റാണ്ടുകൾ പിന്നിട്ട ശേഷമാണ് ഇസ്രായീലികൾ അത് ഗ്രന്ഥരൂപത്തിലാക്കിയത്.

സംഗതി ഇങ്ങനെയാണ്: മൂസാനബിക്ക് ഹിബ്രു ഭാഷയിലാണ് തോറാ ഇറക്കപ്പെട്ടത്. ശതാബ്ദങ്ങൾക്കു ശേഷം അത് എഴുതപ്പെട്ടു. ലത്തീൻ, ഗ്രീക്ക് എന്നീ ഭാഷകളിലുള്ള ബൈബിൾ മാത്രമാണ് അവ ശേഷിച്ചത്. പിന്നീട് ഈ ഭാഷകളിലുള്ള തോറാ പരിഭാഷകളിൽനിന്ന് ഇസ്രായീല്യർ വീണ്ടും ഹിബ്രുവിലേക്കുതന്നെ തോറാ പകർത്തി. ഇങ്ങനെ തർജമകളിൽനിന്ന് മൂലഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഒരു ഗ്രന്ഥത്തിന്റെ അവസ്ഥയെന്തായിരിക്കുമെന്ന് ഏവർക്കുമറിയാവുന്ന താണ്. ചാവുകടലിനടുത്ത ഖംറാൻ ഗുഹയിൽനിന്നു കണ്ടെടുത്ത ഹിബ്രു ലിപിയിൽ എഴുതപ്പെട്ട കടലാസ് ചുരുളുകളിൽ ബൈബിളിന്റെ ചില ചിതറിയ ഏടുകൾ മാത്രമാണുണ്ടായിരുന്നത്. ബൈബിളിനെ സംബ ന്ധിച്ച ഏറ്റവും പുതിയ ഗവേഷണമാണിത്.

തർജമകളല്ലാതെ, അവതരിക്കപ്പെട്ട അതേ ഭാഷയിൽ തന്നെ നില നിൽക്കുന്ന വല്ല ഗ്രന്ഥവുമുണ്ടെങ്കിൽ ഖുർആൻ മാത്രമാണത്. യേശുക്രി സ്തുവിന്ന് ബൈബിൾ അവതരിക്കപ്പെട്ടത് അരാമിയാ എന്ന ഒരു സംസാര ഭാഷയിലായിരുന്നു. എന്നാൽ, ആദ്യമായി അത് ലിഖിത രൂപത്തിലാക്ക പ്പെട്ടത് ഗ്രീക്ക് ഭാഷയിലാണ്. പിന്നീട്, ഗ്രീക്കിൽനിന്നും ലത്തീനിലേക്ക് പകർക്കപ്പെട്ടു. അനന്തരം ഒട്ടനവധി ഭാഷകളിൽ അതിന്ന് വിവർത്തനങ്ങ ളുണ്ടായി. യഥാർഥ ഭാഷയിൽ ബൈബിൾ ഇന്ന് നിലനിൽക്കുന്നില്ല. നമ്മുടെ കയ്യിലുള്ളത് അതിന്റെ പരിഭാഷകൾ മാത്രമാണ്.

എന്നാൽ ഖുർആൻ അതിറങ്ങിയ അതേ ഭാഷയിൽതന്നെ ഇന്നും നമ്മുടെ മുമ്പിലുണ്ട്.

ഖുർആന്റെ മറ്റൊരു സവിശേഷത ഇതാണ്:

● വേദങ്ങൾ അവയുടെ മൂലഭാഷയിലല്ല പകരം സംസ്കൃതത്തിലാണ് എഴുതപ്പെട്ടത്. എന്നാൽ സംസ്കൃതവും ഇന്നൊരു സംസാരഭാഷ അല്ലാ തായിട്ടുണ്ട്.

● യഹൂദികളുടെ വിശുദ്ധ ഗ്രന്ഥമായ തോറയുടെ ഭാഷയായ ഹിബ്രു നൂറ്റാണ്ടുകളോളം സംസാരിക്കപ്പെട്ടിരുന്നില്ല. (ഇസ്രായീല്യർ തങ്ങളുടെ ജന ങ്ങൾക്കുമേൽ ആ ഭാഷക്ക് വീണ്ടും ആധിപത്യം നല്കുകയാണുണ്ടായ

ത്.)

● അപ്രകാരം യേശുവിന്റെ ഭാഷയായ 'അരാമിയ'യും ഗൗതമബുദ്ധന്റെ ഭാഷയായ 'പാലി'യും ഇന്ന് സംസാരഭാഷയല്ലാതായിട്ടുണ്ട്.

വെളിപാടു ഗ്രന്ഥങ്ങൾ അവതീർണമായ മുഴുവൻ ഭാഷകളും നിർജീവങ്ങളായി കഴിഞ്ഞിട്ടുണ്ട്. ഖുർആൻ മാത്രമാണ് ഇതിന്നൊരു അപവാദം. സംസാരിക്കപ്പെടുന്ന സജീവമായ ഭാഷയിൽ സജീവമായ ഒരു ഗ്രന്ഥമായി അതിന്നും നിലനിൽക്കുന്നു.

ഖുർആന്റെ മറ്റൊരു സവിശേഷത:

ചതുർവേദങ്ങൾ

യഹൂദികളുടെ തോറാ

യേശുവിന്റെ സുവിശേഷങ്ങൾ

ഗൗതമബുദ്ധന്റെ ത്രിപിടകങ്ങൾ

ഈ ഗ്രന്ഥങ്ങളത്രയും അവ ഇറക്കപ്പെട്ട വ്യക്തികൾ മരണപ്പെട്ട് യുഗങ്ങൾക്കു ശേഷമാണ് ഗ്രന്ഥമാക്കപ്പെട്ടതും ക്രോഡീകരിക്കപ്പെടുന്നതും. കാലവിളംബമില്ലാതെ ക്രോഡീകരിക്കപ്പെട്ട ഒരേയൊരു ഗ്രന്ഥം ഖുർആനാണ്. ഇറങ്ങുന്നതിനനുസരിച്ചുതന്നെ ഖുർആൻ ക്രോഡീകരിക്കപ്പെടുകയും എഴുതപ്പെടുകയും ചെയ്തുകൊണ്ടിരുന്നു.

ആ ജോലി നബിതിരുമേനി തന്നെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയും പ്രത്യേകം നിർദേശങ്ങൾ നല്കിക്കൊണ്ടിരിക്കുകയും ചെയ്തു. നബി(സ)

യുടെ വിയോഗാനന്തരം പ്രഥമ ഖലീഫയായ അബൂബക്ർ(റ) നബിതിരുമേനി പറഞ്ഞ ക്രമമനുസരിച്ച് ഒരു ഗ്രന്ഥത്തിൽ അത് സമാഹരിച്ചു. ഖുർആന്റെ സംരക്ഷണം ലക്ഷീകരിച്ചുകൊണ്ടാണ് അദ്ദേഹമത് ചെയ്തത്. ഖുർആന്റെ അവതരണകാലത്തുതന്നെ നബിയുടെ അനുചരന്മാർ തോലുകളിലും മറ്റും അതെഴുതുകയും നബിക്ക് വായിച്ചു കേൾപിക്കുകയും ചെയ്തിരുന്നു. ഖുർആൻ ശരിയായ വിധത്തിൽ എഴുതി സൂക്ഷിക്കുന്നതിന് അങ്ങേയറ്റം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

അവതരിച്ചുകൊണ്ടിരിക്കുന്നതിനനുസരിച്ച് പ്രത്യേക ശ്രദ്ധയോടെ, ശരിക്കും മുറക്കും അതെഴുതി സൂക്ഷിക്കുന്നതിനുള്ള വ്യവസ്ഥകളുണ്ടായിരുന്നു. ഇത്രയും ശ്രദ്ധാപൂർവവും സൂക്ഷ്മതയോടെയും എഴുതപ്പെടുന്ന ഗ്രന്ഥം ഖുർആനല്ലാതെ വേറെയില്ല.

## മറച്ചുവെക്കപ്പെടാത്ത ഗ്രന്ഥം

**ഖു**ർആനിലെ മുഴുവൻ സൂക്തങ്ങളും അല്ലാഹുവിങ്കൽനിന്ന് അവതീർണമായവയാണ്. എന്നാൽ വേദങ്ങളിൽ, ദൈവത്തെ പ്രകീർത്തിച്ചുകൊണ്ട് മനുഷ്യർ ആലപിച്ച ഗീതങ്ങൾ ഉൾക്കൊള്ളുന്നു. 'തോറാ'യിലാവട്ടെ, ഇസ്രായീല്യരുടെ ചരിത്രവും പ്രവാചകന്മാരുടെ ഉപദേശങ്ങളും ചേർക്കപ്പെട്ടിരിക്കുന്നു. സുവിശേഷങ്ങളിലുമുണ്ട് ചരിത്രവും പ്രവാചകന്മാരുടെ ഉപദേശനിർദേശങ്ങളും. ദൈവത്തിങ്കൽനിന്ന് അവതീർണമായ സൂക്തങ്ങൾ മാത്രമുള്ള ഗ്രന്ഥം ഖുർആനേയുള്ളൂ. മനുഷ്യരുടെ സമുദ്ധാരണത്തിനായി, അശ്രദ്ധയിൽനിന്ന് അവരെ ഉണർത്തുന്നതിനായി, മനുഷ്യർക്ക് ഉപദേശം നല്കുന്നതിനായി ചരിത്രസംഭവങ്ങളും, ശരീരത്തെയും പ്രപഞ്ചത്തെയും സംബന്ധിച്ച സൂചനകളും, യുക്തിയും ജ്ഞാനവും നിറഞ്ഞ ഉപദേശങ്ങളുമെല്ലാം ഈ ഗ്രന്ഥത്തിലും കാണാവുന്നതാണ്. എന്നാൽ, അവ മുഴുവൻ ദൈവത്തിങ്കൽനിന്ന് അവതരിക്കപ്പെട്ടതാണ്. നബിയിൽനിന്നോ മറ്റേതെങ്കിലും ആളിൽനിന്നോ ഉള്ള യാതൊന്നും അതിൽ ഉൾപ്പെട്ടിട്ടില്ല.

നബി(സ)യുടെ വാക്കുകളും പ്രവൃത്തികളും ഉപദേശങ്ങളും വേറെ ത്തന്നെ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്. അവയിൽനിന്നുള്ള യാതൊന്നും ഖുർ ആനിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇങ്ങനെ യാതൊരുവിധ കലർപ്പുമില്ലാത്ത, ദൈവികവചനങ്ങളുടെ മാത്രം സമാഹാരമായ ഒരേയൊരു ഗ്രന്ഥം ഖുർ ആനാണ്.

ഇതര മതഗ്രന്ഥങ്ങൾ ഏതെങ്കിലും പ്രത്യേക വർഗത്തിന് മാത്രം പാരായണം ചെയ്യാനുള്ളവയായിരിക്കും; ബ്രാഹ്മണർ, ആചാര്യർ, സന്യാസികൾ എന്നിവരെപ്പോലെ.

വേദം എന്ന വാക്കിന്റെ ഒരർഥംതന്നെ മറച്ചുപിടിക്കുക എന്നാണ്. അതായത്, സാധാരണക്കാരിൽനിന്നു അത് മറച്ചുപിടിക്കപ്പെടേണ്ടതാണ് എന്ന്. എന്നാൽ ദൈവത്തിന്റെ വചനങ്ങൾ എല്ലാവർക്കുമുള്ളതാണ്, വിവേചനവും ഭിന്നതയുമില്ലാതെ സാധാരണക്കാരും വിശിഷ്ടരുമായ മുഴു വൻ ജനങ്ങൾക്കുമുള്ളതാണ്. എല്ലാവർക്കും പാരായണം ചെയ്യുന്നതിനും മനഃപാഠമാക്കുന്നതിനുമുള്ളതാണ് തുടങ്ങിയ അധ്യാപനങ്ങൾ നല്കുന്ന ഏക ഗ്രന്ഥം ഖുർആനത്രേ. ഖുർആൻ ഹൃദിസ്ഥമാക്കിയ നൂറുകണക്കി നാളുകൾ എല്ലാ കാലങ്ങളിലും എല്ലാ ദേശങ്ങളിലും ഉണ്ടായിരുന്നു. ഖുർ ആനല്ലാതെ മറ്റൊരു ഗ്രന്ഥത്തിന്നും ഈ സവിശേഷത ഇല്ല.

ചില വിഭാഗം ആളുകൾ വേദം പാരായണം ചെയ്യുന്നതും കേൾക്കു ന്നതും ശിക്ഷാർഹമായി കണക്കാക്കപ്പെട്ടിരുന്നുവെന്നും അവർക്ക് ശിക്ഷ നല്കപ്പെട്ടിരുന്നുവെന്നും ചരിത്രത്തിൽനിന്ന് മനസ്സിലാവുന്നുണ്ട്.

എന്നാൽ, ഇതിന്റെ നേർവിപരീതമാണ് ഖുർആന്റെ അധ്യാപനം. ഖുർ ആൻ പറയുന്നത്, ഈ വചനങ്ങൾ ദൈവത്തിങ്കൽനിന്നുള്ളതാണെന്നും അത് കേൾക്കുകയെന്നത് എല്ലാവരെ സംബന്ധിച്ചും അനിവാര്യവും അന്ത സ്സിന്റെ നിദാനവുമാണെന്നുമത്രേ.

വേദം പാരായണം ചെയ്തതിന്റെ പേരിൽ രാമാനുജത്തിന് പീഡന മേൽക്കേണ്ടിവന്ന സംഭവം ചരിത്രത്തിലുണ്ട്. എന്നാൽ, ദൈവത്തിന്റെ വച നങ്ങൾ കേൾക്കാൻ എല്ലാവർക്കും അവസരമുണ്ടാക്കിക്കൊടുക്കണമെ ന്നാണ് ഖുർആൻ ആവശ്യപ്പെടുന്നത്.

വേദങ്ങളുടെ വ്യാഖ്യാതാവായ ആദിശങ്കരനോട്, അദ്ദേഹത്തിന്റെ മാതാ വിന്റെ മരണസമയത്ത് ജനങ്ങൾ നിസ്സഹകരിച്ചെങ്കിൽ മറുവശത്ത്, ഖുർ ആൻ ഉച്ചത്തിൽ പാരായണം ചെയ്യുന്ന ആളായ ഹസ്രത്ത് അലിയെ ജന ങ്ങൾ 'വിജ്ഞാനത്തിന്റെ കവാടം' എന്നു വിളിച്ച് ആദരിക്കുന്നു. അല്ലാഹു വിന്റെ ഗ്രന്ഥം ജനങ്ങൾക്കുള്ളതാണെന്നും അവരത് വായിക്കേണ്ടതാ

ണെന്നും ഊന്നിപ്പറഞ്ഞ മതമാണ് ഇസ്ലാം.

ഈ അധ്യാപനത്തിന്റെയും ഊന്നലിന്റെയും ഫലമായി ഖുർആൻ നഷ്ടപ്പെട്ടുപോവാതെ സുരക്ഷിതമായി നിലകൊണ്ടു. ഇന്ന് മൊറോക്കോ മുതൽ ഇറാഖ് വരെയുള്ള കോടിക്കണക്കിനാളുകളുടെ സംസാരഭാഷ ഖുർആന്റെ ഭാഷയായ അറബിയാണ്. ലോക ജനതക്ക് ജീവിത സന്ദേശം നല്കുക മാത്രമല്ല, അറബി ഭാഷയെ അനശ്വരമാക്കുക കൂടി ചെയ്തു ഖുർആൻ.

ചില വെളിപാടു ഗ്രന്ഥങ്ങൾ മനുഷ്യജീവിതത്തെ സംബന്ധിച്ച ആവശ്യമില്ലാത്ത വിവരങ്ങൾ നല്കി പല തരത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വേറെ ചില ഗ്രന്ഥങ്ങൾ മനുഷ്യനെയും അവന്റെ പ്രശ്നങ്ങളെയും തീരെ സ്പർശിക്കുന്നില്ല; തത്ത്വശാസ്ത്രത്തിന്റെ ഒരു ഘോരവിപിനമായി അവ അനുഭവപ്പെടുന്നു. ആദ്യം പറഞ്ഞ ഗണത്തിൽപെട്ട ഗ്രന്ഥങ്ങൾ മനുഷ്യരെ കാരണം കൂടാതെ അനാവശ്യമായ ബന്ധങ്ങളിൽ കുരുക്കിയിടുന്നു. രണ്ടാമത്തെ ഗണത്തിൽപെട്ടവ മനുഷ്യരെ കടിഞ്ഞാണില്ലാതെ വിടുകയും ചെയ്യുന്നു. എന്നാൽ, ഇവ രണ്ടിൽനിന്നും വ്യത്യസ്തമാണ് ഖുർആൻ. ഈ ഗ്രന്ഥം ഒരു വശത്ത് മൗലികമായ ആദർശസിദ്ധാന്തങ്ങളെക്കുറിച്ച അധ്യാപനങ്ങൾ നല്കുന്നു. മറുവശത്ത് നിയമങ്ങളെയും വ്യവസ്ഥകളെയും പരിധികളെയും സംബന്ധിച്ച ബോധമുളവാക്കുന്നു. ഈ പരിധികൾ ഒരിക്കലും വിട്ടുകടക്കാൻ അതനുവദിക്കുന്നില്ല. ആദർശസിദ്ധാന്തങ്ങളും ദൈവിക പരിധികളും നിർണയിച്ചശേഷം ഖുർആനുമായി താദാത്മ്യം പ്രാപിക്കാൻ അത് മനുഷ്യന്റെ ചിന്തക്കും കർമശേ

ഷിക്കും സ്വാതന്ത്ര്യം നല്കുന്നു. ഇങ്ങനെ അടിസ്ഥാനാദർശങ്ങളിൽ വ്യവസ്ഥകളേർപ്പെടുത്തി ശാഖാപരമായ കാര്യങ്ങളിൽ ചിന്തക്കും കർമത്തിനും സ്വാതന്ത്ര്യം നല്കുന്ന ഒരു ഗ്രന്ഥം ഖുർആനല്ലാതെ മറ്റൊന്നില്ല.

മതഗ്രന്ഥങ്ങൾ പൊതുവേ ഭരണാധികാരികളുടെയോ പ്രഭുക്കളുടെയോ ശക്തിയും സ്വാധീനവുമുള്ളവരുടെയോ കരങ്ങളെ ബലപ്പെടുത്തുകയും പാവങ്ങളെ മർദിക്കുന്നതിൽ അവരെ സഹായിക്കുകയും ചെയ്യുന്നതായി നമുക്കു കാണാം. എന്നാൽ, മർദകരെ തടുത്തുനിർത്തുകയും മർദിതരെ സഹായിക്കുകയും ചെയ്യുന്ന ഗ്രന്ഥമാണ് ഖുർആൻ. അതിശയോക്തിയില്ലാതെത്തന്നെ ഖുർആൻ മാനവസ്വാതന്ത്ര്യത്തിന്റെ മാഗ്നാകാർട്ടയെന്ന് പറയാവുന്നതാണ്.

# മാനവരാശിയുടെ മാഗ്നാകാർട്ട

**മ**നുഷ്യരെ ദൈവവുമായി ബന്ധിപ്പിക്കുന്നു എന്നാണ് പൊതുവേ മതഗ്രന്ഥങ്ങളുടെ വാദം. എന്നാൽ, പാവപ്പെട്ടവരെക്കൊണ്ട് ഭരണാധികാരികളുടെയും പ്രഭുക്കളുടെയും മുമ്പിൽ ശിരസ്സ് കുനിപ്പിക്കുകയും അവരുടെ കരങ്ങളിൽ ചങ്ങലച്ചാർത്തുകളിടുകയും അവരെ നിസ്സഹായരാക്കിത്തീർക്കുകയുമാണ് ഫലത്തിൽ അവ ചെയ്യുന്നത്.

ഭരണാധികാരികൾക്ക് ദൈവത്തിന്റെ അവതാരം, പ്രതിപുരുഷൻ, ദൈവത്തിന്റെ തണൽ തുടങ്ങിയ പേരുകൾ നല്കുന്നു. ചില ഗ്രന്ഥങ്ങളിൽ കടലാസിന്റെ അറ്റം വരെ മനുഷ്യസ്വാതന്ത്ര്യത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ടാവും. എന്നാൽ, പ്രായോഗികമായി മനുഷ്യരെ അടിമത്തത്തിൽനിന്ന് രക്ഷിക്കുന്നതിൽ അവ പരാജയങ്ങളാണ്. മറുവശത്ത് ഖുർആൻ വിളിച്ചുപറയുന്നു:

“മനുഷ്യരെ മനുഷ്യർ അടിമകളാക്കരുത്; മനുഷ്യർ മനുഷ്യരെ പൂജിക്കരുത്; മനുഷ്യർ മനുഷ്യർക്കുനേരെ സഹായഹസ്തം നീട്ടരുത്.” ഖുർആൻ തദനുയായികളുടെ സിരകളിലെ രക്തമായിത്തീരും വിധമാണ് ഇക്കാര്യങ്ങൾ ഉദ്ബോധിപ്പിക്കുന്നത്. ഇപ്രകാരം ഖുർആൻ, മനുഷ്യന്റെ അടിമത്തത്തിനും അനുസരണത്തിനും സഹായാഭ്യർഥനക്കും യഥാർഥ അർഹൻ അല്ലാഹു മാത്രമാണെന്ന് വ്യക്തമാക്കുന്നു.

ഈ അധ്യാപനങ്ങൾ സ്വീകരിച്ചാൽ എന്താണുണ്ടാവുക? എന്താണുണ്ടായത്? മനുഷ്യന്റെ മേൽ മനുഷ്യൻ ദൈവം ചമയുന്നത് അവസാനിച്ചു. മനുഷ്യനെ മനുഷ്യൻ ആക്രമിക്കുന്നതിനുള്ള അവസരം നീക്കിക്കളഞ്ഞു; മനുഷ്യന്റെ ചിന്താകർമങ്ങളുടെ പുരോഗതി തടയുന്ന വിഘ്നാതങ്ങളെ തട്ടിനീക്കി.

മനുഷ്യർക്ക് പരിപൂർണ സ്വാതന്ത്ര്യം ലഭിച്ചു. ഓരോ ആത്മാവിന്റെയും കണ്ണുതുറന്നു. മനുഷ്യജീവിതത്തിൽനിന്നും അനീതി ഓടിയകന്നു. ഒരു പ്രകാശം പൊട്ടിപ്രവഹിച്ചു.

മനുഷ്യചിന്തയുടെ പൂങ്കാവനത്തിൽ വസന്താഗമനമുണ്ടായി. ജനം ഹർഷപുളകമണിഞ്ഞു. മനുഷ്യരെ മനുഷ്യരുടെ ദൈവത്വത്തിൽനിന്ന് പരിപൂർണമായും മോചിപ്പിക്കുന്നതിൽ വിജയംവരിച്ചുവെന്ന മഹത്ത്വമർഹിക്കുന്ന ഗ്രന്ഥമേതോ അതിന്റെ പേരാണ് വിശുദ്ധ ഖുർആൻ.

അടിമകളുടെ കൈകളിലിരുന്ന തുടലുകളെ ഖുർആന്റെ ഈ സ്വാതന്ത്ര്യ പ്രഖ്യാപനം പൊട്ടിച്ചെറിഞ്ഞു. തുല്യ അവകാശങ്ങളോടെ മനുഷ്യരെയെല്ലാം ഒരുമിച്ച് അണിനിരത്തി, മനുഷ്യസ്വാതന്ത്ര്യത്തിന്റെ ഈ പ്രഖ്യാപനം, ഈ പ്രകാശഗോപുരം. സമസ്ത മനുഷ്യരെയും അഭിസംബോധന ചെയ്തുകൊണ്ട് ഖുർആൻ പറയുന്നു: “ജനങ്ങളേ, നിങ്ങളെ ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണ് നാം സൃഷ്ടിച്ചത്. പിന്നീട് നിങ്ങൾ പരസ്പരം തിരിച്ചറിയാൻ വേണ്ടി നിങ്ങളെ ഗോത്രങ്ങളും വംശങ്ങളുമാക്കി.”

മനുഷ്യരാശി ഒരൊറ്റ കുടുംബമാണെന്ന് ഇത് പഠിപ്പിക്കുന്നു. അവരെ വിവിധ ഗോത്രങ്ങളും വംശങ്ങളുമാക്കിയത് പരസ്പരം തിരിച്ചറിയാൻ വേണ്ടിയാണ്.

- ജനനം അടിസ്ഥാനമാക്കിയുള്ള ഉച്ചനീചത്വം
- ഗോത്രം അടിസ്ഥാനമാക്കിയുള്ള ഉച്ചനീചത്വം
- കുടുംബം അടിസ്ഥാനമാക്കിയുള്ള ഉച്ചനീചത്വം

ഇത്യാദി വിവേചനങ്ങളെല്ലാം വേരോടെ പിഴുതെറിയപ്പെട്ടു.

എല്ലാ മനുഷ്യരും ജനിക്കുന്നത് സ്വതന്ത്രരായാണ്. അവരെല്ലാം തുല്യമായ അവകാശങ്ങളും തുല്യമായ ജീവിതവും അർഹിക്കുന്നുണ്ട്. ഇവിടെ ഒരു ചോദ്യം ഉദ്ഭവിക്കുന്നു. മനുഷ്യനെ മറ്റുള്ളവരുടെ അധികാരത്തിൽനിന്നു സ്വതന്ത്രരാക്കുകയും തുല്യമായ അവകാശങ്ങൾ നല്കുകയും ചെയ്തുകൊണ്ട് ഖുർആൻ അവരെ കടിഞ്ഞാണില്ലാതെ വിടുകയല്ലേ ചെയ്തത്? അവരെ ധിക്കാരികളും ഉത്തരവാദിത്വബോധമില്ലാത്തവരുമാക്കുകയല്ലേ ചെയ്തത്? അല്ല, ഒരിക്കലുമല്ല.

ദൈവത്തോട് ഭക്തിയുള്ളവരായി ജീവിക്കാൻ ഖുർആൻ ശക്തിയായി ഉദ്ബോധിപ്പിക്കുന്നുണ്ട്. ഏകദൈവത്തെ മാത്രം ഭയപ്പെടുക; മറ്റാരെയും പേടിക്കാതിരിക്കുക. ഈ അധ്യാപനങ്ങൾ അനുസരിച്ച് മനസ്സിൽ ദൈവഭക്തി കുടിയിരുത്തി ദൈവിക നിയമങ്ങൾക്കു മുമ്പിൽ മാത്രം ശിരസ്സ് നമിക്കാനുള്ള ആവേശം ഖുർആൻ മനുഷ്യർക്ക് നല്കിയിരിക്കുന്നു.

മർദക ഭരണകൂടങ്ങൾ, നീതിയില്ലാത്ത നിയമങ്ങൾ, ചൂഷകർ, യുദ്ധം, രോഗം, മരണം, ദാരിദ്ര്യം, ധനത്തിന്റെയും പ്രശസ്തിയുടെയും നഷ്ടം തുടങ്ങിയ യാതൊന്നിനെക്കുറിച്ചും ഭയപ്പെടുകയോ വെപ്രാളപ്പെടുകയോ ചെയ്യരുതെന്ന് പഠിപ്പിച്ചുകൊണ്ട് ഖുർആൻ മനുഷ്യനെ ധീരനും ഗാംഭീര്യവും അന്തസ്സുമുള്ളവനുമാക്കുന്നു. മനുഷ്യനെ ഇതുപോലുള്ള അനുഗ്രഹങ്ങൾകൊണ്ട് ധന്യനാക്കുന്ന മറ്റൊരു ഗ്രന്ഥവുമില്ല. മരുഭൂമിയിൽ വസിച്ചിരുന്ന അറബികൾ ഗോത്രയുദ്ധങ്ങൾക്കൊണ്ട് പൊറുതിമുട്ടിയിരുന്നു. അക്കാലത്തെ മാനവലോകത്തിന്റെ സംസ്കാരം അവരുടെ പാദങ്ങളെ സ്പർശിക്കുക പോലും ചെയ്തിരുന്നില്ല. അങ്ങനെ ഈ മഹദ്ഗ്രന്ഥം ഉദാത്തമായ സ്വഭാവ സംസ്കാരങ്ങളാൽ അവരെ അലങ്കരിച്ചു; ലോകം ഭരിക്കാനുള്ള ബുദ്ധിയും തന്ത്രവും സാമർഥ്യവും നല്കി എല്ലാ അർഥത്തിലും അവരെ ധീരരിൽ ധീരരാക്കി മാറ്റി.

ഖുർആന്റെ വിപ്ലവാത്മകമായ അധ്യാപനങ്ങളുടെ ഫലമായിരുന്നു ഇത്. ഇക്കാര്യം യാതൊരു സംശയവുമില്ലാതെ ഹിമാലയ ശൃംഗത്തിൽ കയറിനിന്ന് വിളിച്ചുപറയാനും ഞാനൊരുക്കമാണ്.

സദാ നീതിപാലിക്കാനും ഒരിക്കലും നീതി കൈവിടാതിരിക്കാനും ശക്തിയായി ഉദ്ബോധിപ്പിക്കുന്നു എന്നത് ഈ ഗ്രന്ഥത്തിന്റെ മറ്റൊരു സവിശേഷതയാണ്. നീതിപാലിക്കാത്തവർക്ക് നരകത്തിലെ കഠിന ശിക്ഷ അനുഭവിക്കേണ്ടിവരുമെന്ന് ഖുർആൻ താക്കീത് നല്കുകയും ചെയ്തിട്ടുണ്ട്. സ്വന്തം കുടുംബത്തിന്റെ കാര്യമാണെങ്കിൽപോലും നീതി കൈവെടിയരു

തെന്ന് അത് ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഈ അധ്യാപനങ്ങളുടെ ഫലമായാണ് ഇസ്‌ലാമിക ഭരണകൂടത്തെ നീതിയുടെ നിസ്തുല മാതൃകയായി ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയുന്നത്.

മനുഷ്യന്റെ സ്വാതന്ത്ര്യം, സമത്വം, സത്യവും നീതിയും എന്നീ തത്ത്വങ്ങളിലാണ് മനുഷ്യസമുദായത്തെ ഖുർആൻ വാർത്തെടുക്കുന്നത്.

ഇസ്‌ലാമിന്റെ മറ്റൊരു സവിശേഷത കൂടി ശ്രദ്ധിക്കുക:

പല മതഗ്രന്ഥങ്ങളും ഐഹികജീവിതത്തെ പാപത്തിന്റെ ജീവിതമായി കാണുന്നു. എത്രയും വേഗം ഐഹികജീവിതവുമായി ബന്ധം മുറിക്കാനും അതിനെ ത്യജിക്കാനും അവ ആഹ്വാനം ചെയ്യുന്നു.

എന്നാൽ, ഈ പ്രവണതയിൽനിന്ന് വ്യത്യസ്തമായി മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടികളിൽ സർവോൽകൃഷ്ടനാണ് എന്ന് ഖുർആൻ സിദ്ധാന്തിക്കുന്നു. ജീവിതത്തിൽ മാനുഷിക ബാധ്യതകളുടെ പ്രാധാന്യത്തിലേക്ക് അത് വെളിച്ചം വീശുന്നു. ആ ബാധ്യതകൾ നിർവഹിക്കുന്നതിനായുള്ള പ്രവർത്തനങ്ങളെ വിലമതിക്കുകയും അവയെ ശിരസാവഹിക്കാൻ കല്പി

ക്കുകയും ചെയ്യുന്നു. ഈ ബാധ്യതകൾ നിർവഹിക്കുമ്പോഴാണ് ജീവിതം പരിപൂർണമാവുന്നതും ജീവിതത്തിൽ സൗന്ദര്യം വർധിപ്പിക്കുന്നതും. മനുഷ്യ ജീവിതത്തെ ആദരവോടും ബഹുമാനത്തോടും കൂടി നോക്കുന്ന ഗ്രന്ഥം ഖുർആനാണ്. ജീവിത വ്യവഹാരങ്ങളിൽനിന്ന് പിന്തിരിഞ്ഞോടാൻ അത് ആഹ്വാനം ചെയ്യുന്നില്ല, മറിച്ച്, അത്തരം പരിശ്രമങ്ങളിലേർപ്പെടുമ്പോഴാണ് സമ്പൂർണ ജീവിതം സംസിദ്ധമാവുന്നത്.

ഇതുപോലുള്ള പ്രത്യേകതകൾ നിറഞ്ഞ ഗ്രന്ഥം തീർച്ചയായും അൽ-കിതാബ് (വിശിഷ്ട ഗ്രന്ഥം) തന്നെയാണ്. ഈദൃശ അനുഗ്രഹങ്ങളാൽ സമ്പന്നമായ ഗ്രന്ഥം നിശ്ചയമായും വിശുദ്ധ ഗ്രന്ഥമായിരിക്കും; ഇത്തരം മഹത്ത്വങ്ങളാൽ ധന്യമായ ഗ്രന്ഥം മഹത്തായ ഗ്രന്ഥമാണെന്നതിലും വിവാദമില്ല.

# പ്രവാചകൻ ഒരു മനുഷ്യൻ

**മ**നുഷ്യന്റെ അന്തരംഗത്ത് സത്യം, ധർമം, ലജ്ജ തുടങ്ങിയവ സൃഷ്ടിക്കുന്നതിനും അവയെക്കുറിച്ച അധ്യാപനങ്ങൾ നല്കുന്നതിനും വേണ്ടിയാണ് നബിതിരുമേനി നിയോഗിതനായത്. മഹിതവും യുക്തിനിർഭരവുമായ ഈ അധ്യാപനങ്ങൾ വളരേ സരളമായി അദ്ദേഹം മനുഷ്യർക്കു നല്കി.

ഇന്ന ആൾ ദൈവത്തിന്റെ അവതാരമാണ്, ഇന്ന ആൾ ദൈവത്തിന്റെ അംശമാണ്, ഇന്ന ആൾ ദൈവത്തിന്റെ പുത്രനാണ് എന്നു തുടങ്ങിയ വാദങ്ങളുമായി ഉയർന്നുവന്ന മതങ്ങളിൽ മാലോകർ വിശ്വസിക്കുകയും അവയെ പിൻപറ്റാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഇസ്‌ലാം, മുഹമ്മദ്(സ) ദൈവമാണെന്നോ ദൈവത്തിന്റെ പുത്രനാണെന്നോ ദൈവത്തിന്റെ അവതാരമാണെന്നോ പറയുന്നതായി നാം

കാണുന്നില്ല.

നബി(സ) ഒരു സാധാരണ മനുഷ്യനായിട്ടാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ, പരിശുദ്ധനും ഉത്കൃഷ്ട സ്വഭാവിയുമായിരുന്നു അദ്ദേഹം. ഖുർആൻ പറയുന്നു:

“ഓ നബീ! പറയുക: നിങ്ങളെപ്പോലെ ഒരു മനുഷ്യനാണ് ഞാൻ. എനിക്ക് ദിവ്യബോധനം ലഭിക്കുന്നുണ്ട്. നിങ്ങളുടെ ദൈവം ഏകനായ ദൈവമാണ്.”

താനൊരു മനുഷ്യനാണ്; പരിശുദ്ധനായ മനുഷ്യൻ എന്ന് ഖുർആനിൽ പലയിടത്തും നബിയെക്കൊണ്ട് പ്രഖ്യാപിക്കുന്നുണ്ട്.

- ഞാൻ യാതൊരു അദ്ഭുതപ്രകടനവും കാണിക്കുകയില്ല.
- ആകാശത്തിന്റെ ഖജനാവുകൾ എന്റെ കൈവശമില്ല.
- എനിക്ക് അദൃശ്യങ്ങളറിയുകയില്ല.
- ഞാൻ മനുഷ്യനാണ് നിങ്ങളെപ്പോലെ.

എന്നാണ് നബി(സ) പറഞ്ഞത്.

ഖുർആൻ സ്പഷ്ടമായ ഭാഷയിൽ പറയുന്നു:

“മരണമടഞ്ഞവരെ കേൾപിക്കാൻ നിനക്ക് കഴിയുകയില്ല. ചെവി കേൾക്കാത്തവർ പിന്തിരിഞ്ഞുപോകുന്ന പക്ഷം, അവരെ വിളികേൾപ്പിക്കാൻ നിനക്കു കഴിയുകയില്ല. അന്ധൻമാരെ തെറ്റായ മാർഗത്തിൽനിന്നു നേർമാർഗത്തിലേക്കു തിരിച്ചുവിടാനും നിനക്കു കഴിയുകയില്ല. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വാസമുള്ളവരെ മാത്രമേ നിനക്കു കേൾപ്പിക്കാൻ കഴിയൂ.

നബി(സ) അദ്ഭുതപ്രകടനങ്ങൾ കാണിക്കാൻ ശ്രമിച്ചിട്ടില്ലെന്നും ഇത് വ്യക്തമാക്കുന്നുണ്ട്. ശരിയായ മാർഗം കാണിച്ചുകൊടുക്കാൻ അയക്കപ്പെട്ട അദ്ദേഹം മനുഷ്യനായിരുന്നു.

അതു മാത്രമല്ല, ഈ നേർമാർഗത്തിൽനിന്നു വ്യതിചലിക്കുന്നത് നബി(സ) തന്നെയാണെന്നു വന്നാൽപോലും ദൈവത്തിന്റെ ശിക്ഷയിൽനിന്ന് അദ്ദേഹത്തെ രക്ഷിക്കാൻ ഒരു ശക്തിക്കും കഴിയുകയില്ല എന്നും ഖുർആൻ പറയുന്നുണ്ട്.

“ജ്ഞാനം ലഭിച്ചശേഷം നീ അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റാൻ പോയിട്ടുണ്ടെങ്കിൽ അന്നേരം നീ അക്രമികളിൽ പെട്ടവനായിരിക്കും.”

ഖുർആൻ വീണ്ടും പറയുന്നു:

"ജ്ഞാനസിദ്ധിക്കുശേഷവും നീ അവരുടെ ഇച്ഛകളെയെങ്ങാനും പിൻപറ്റിപ്പോയെങ്കിൽ അല്ലാഹുവിങ്കൽ നിനക്കൊരു രക്ഷാധികാരിയേയും സഹായിയേയും പ്രതീക്ഷിക്കുവാനില്ല."

ഈ സൂക്തങ്ങൾ പാരായണം ചെയ്യുമ്പോൾ നമ്മുടെ ഹൃദയം ചകിതമാവുന്നു.

മാനവകുലത്തിന് ഉത്തമ മാതൃകയെന്ന് വിശേഷിപ്പിക്കപ്പെട്ട ഒരാൾ ദൈവശിക്ഷക്ക് പാത്രമാവും വിധം ദൈവത്തെ കൈവെടിഞ്ഞ് ദേഹേച്ഛകളെ പിന്തുടരുമോ? ഇല്ല, അതൊരിക്കലുമുണ്ടാവില്ല. എന്നിട്ടും ഖുർആൻ വ്യക്തമായ ഭാഷയിൽ പറയുന്നു, നബിയിൽനിന്നാണെങ്കിലും തെറ്റുകൾ വരുകയാണെങ്കിൽ അദ്ദേഹത്തെ അല്ലാഹുവിന്റെ പിടിത്തത്തിൽനിന്ന് രക്ഷിക്കാനോ സഹായിക്കാനോ ആർക്കും കഴിയുകയില്ലെന്ന്.

ഇത്രയും സ്പഷ്ടമായി മറ്റേതെങ്കിലും മതഗ്രന്ഥത്തിൽ, അതു കൊണ്ടുവന്ന വ്യക്തിയെ താക്കീത് ചെയ്തിട്ടുണ്ടോ? ഞാൻ പറയുന്നു, തീർച്ചയായുമില്ല.

ഞാനൊരു മനുഷ്യനാണ്, നിങ്ങളെപ്പോലെ. ഞാൻ തെറ്റു ചെയ്താലും അല്ലാഹുവിന്റെ മുമ്പിൽ പിടികൂടപ്പെടും എന്ന് പറഞ്ഞുകൊണ്ട് മതം പ്രചരിപ്പിച്ചതാണ് നബി(സ)യുടെ പ്രത്യേകത. ഇസ്‌ലാമിനല്ലാതെ ഇങ്ങനെയുള്ള ഒരു പ്രവാചകനെ നല്കാൻ കഴിയുകയില്ല.

ശ്രദ്ധേയമായ മറ്റൊരു വസ്തുതകൂടിയുണ്ട്; മറ്റൊരു മതത്തിലും ദൃശ്യമാവാത്ത ഒരു വസ്തുത. അതിതാണ്: "ജീവിച്ചിരിക്കുന്ന കാലത്ത് നബി(സ) മനുഷ്യനായി മനസ്സിലാക്കപ്പെട്ടു; മരണത്തിന് ശേഷവും അദ്ദേഹം മനുഷ്യനായി ഗണിക്കപ്പെട്ടുപോരുന്നു. ലോകാവസാനം വരേയ്ക്കും അദ്ദേഹം മനുഷ്യനായിത്തന്നെ മനസ്സിലാക്കപ്പെടുന്നതുമായിരിക്കും.

മനുഷ്യരായി ജനിക്കുകയും മനുഷ്യരായി ജീവിക്കുകയും മനുഷ്യസമൂഹത്തിൽ പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്ത

എത്രയോ മതാചാര്യന്മാരുണ്ട്, കണ്ണടക്കുന്നതോടെ ദൈവത്തിന്റെ പദവി നല്കപ്പെട്ടവരായി.

ഉദാഹരണത്തിന് ഗൗതമബുദ്ധനെയെടുക്കുക. ഒരു മനുഷ്യനായാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹം സൽക്കർമങ്ങൾ ചെയ്യുകയും നന്മ ഉപദേശിക്കുകയും ചെയ്തിരുന്നു എന്നതും തീർച്ചയാണ്. മരണത്തോടെ അദ്ദേഹം ദൈവമാക്കപ്പെട്ടു. എന്നാൽ, ഇസ്‌ലാമിൽ നബി(സ)ക്ക് ഒരിക്കലും ദൈവിക പദവി നല്കപ്പെട്ടിട്ടില്ല. അദ്ദേഹം മനുഷ്യനായിരുന്നു. മഹത്തായ സ്വഭാവ ഗുണങ്ങളുള്ള മനുഷ്യനും ദൈവദൂതനുമായതുകൊണ്ട് മനുഷ്യരാശിക്കാകമാനം ഉത്തമ മാതൃകയുമാണ്.

കഴിഞ്ഞ പതിനാല് നൂറ്റാണ്ടുകളായി അദ്ദേഹത്തെക്കുറിച്ചും പ്രകീർത്തനങ്ങളും സ്തുതിപാഠങ്ങളും നടന്നുവരുന്നു. എങ്കിലും ദൈവത്തിന്റെ പദവി ഒരിക്കലും അദ്ദേഹത്തിന് നല്കപ്പെട്ടിട്ടില്ല.

# ഇസ്‌ലാം അണ്ണാദുരെ*യുടെ ദൃഷ്ടിയിൽ

**മു**ൻ തമിഴ്നാട് മുഖ്യമന്ത്രി അണ്ണാദുരെ 1957 ഒക്ടോബർ 7-ന് നബിചര്യയെക്കുറിച്ച് പ്രസംഗം നടത്തിയിരുന്നു. അതിവിടെ ഉദ്ധരിക്കുന്നത് സംഗതമായിരിക്കും. തന്റെ പ്രസംഗത്തിൽ അണ്ണാദുരെ പറഞ്ഞു:

ആറാം നൂറ്റാണ്ടിൽ ലോകത്തിന് ഇസ്‌ലാം എത്രത്തോളം ആവശ്യമായിരുന്നോ അതിനേക്കാളധികം അതിന്റെ ആവശ്യമുള്ളത് വിവിധ സിദ്ധാ

* ഡി.എം.കെ.യുടെ സ്ഥാപകനും ഡി.എം.കെ. ഭരണകൂടത്തിലെ പ്രഥമ മുഖ്യമന്ത്രിയുമായിരുന്ന അണ്ണാദുരെ ഒരു രാഷ്ട്രീയ വിചക്ഷണൻ മാത്രമല്ല നല്ലൊരു പണ്ഡിതൻ കൂടിയായിരുന്നു.

ന്തങ്ങളുടെ വലയത്തിലകപ്പെട്ട, യാതൊരു രക്ഷാമാർഗവുമില്ലാത്ത ആധുനിക ലോകത്തിനാണ്.

ഇസ്‌ലാം കേവലം ഒരു മതമല്ല, മറിച്ച് ഒരു ജീവിത സിദ്ധാന്തവും ഉത്തമമായ ഒരു ജീവിതവ്യവസ്ഥയുമാണ്. ലോകത്തിലെ പല രാഷ്ട്രങ്ങളും ഈ ജീവിത വ്യവസ്ഥ തെരഞ്ഞെടുത്തിട്ടുണ്ട്.

എന്റെ വിശ്വാസത്തിനും നബിചര്യയെക്കുറിച്ച ഈ യോഗത്തിലുള്ള എന്റെ പങ്കാളിത്തത്തിനും ഇടക്ക് യാതൊരു വൈരുധ്യവുമില്ല. ഇസ്‌ലാമിനെ ഒരു ജീവിതവ്യവസ്ഥിതിയായി മനസ്സിലാക്കിയിട്ട് തന്നെയാണ് ഞാൻ ഈ യോഗത്തിൽ സംബന്ധിച്ചത്.

ഇസ്‌ലാമിക സിദ്ധാന്തത്തെയും ഇസ്‌ലാമിക ജീവിതവ്യവസ്ഥിതിയെയും ഞാനെന്തിനു പ്രശംസിക്കുന്നു? മനുഷ്യന്റെ മനസ്സിലുടലെടുക്കുന്ന എല്ലാ സംശയങ്ങൾക്കും ഇസ്‌ലാമിന്റെ ജീവിതതത്ത്വം നല്ല രീതിയിൽ മറുപടി നല്കുന്നു എന്ന കാരണത്താലാണത്.

നബി(സ)യുടെ അധ്യാപനങ്ങളിൽ മൗലികമായത് "അല്ലാഹുവിനോട് മറ്റാരേയും പങ്ക് ചേർക്കരുത്" എന്നതാണ്. ഈ അധ്യാപനത്തെ മനസാ ഞാൻ ആദരിക്കുന്നു; നല്ല ദൃഷ്ടിയോടെ വീക്ഷിക്കുന്നു.

ഈ അധ്യാപനത്തിനു ഇത്ര സ്ഥാനം നല്കിയതെന്തിനാണ്?

കാരണം, മനുഷ്യനെ അത് ചിന്തിപ്പിക്കുകയും ചിന്തിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവിനോട് ആരെയും പങ്ക് ചേർക്കരുത്. എന്തുകൊണ്ട് ചേർത്തുകൂടാ? ദൈവത്തിന്റെ സത്തയും ഗുണങ്ങളുമെന്താണ്? ഇത്യാദി കാര്യങ്ങളെക്കുറിച്ചെല്ലാം ചിന്തിക്കാനുള്ള സാമഗ്രികൾ ഈ അധ്യാപനം തരുന്നുണ്ട്.

തമിഴിലെ ഒരു പണ്ഡിത കവി പാടുന്നു:

"കണ്ടവർക്കൊന്നും കിട്ടീലാ

കിട്ടിയവരൊന്നും കണ്ടീലാ

കണ്ടവരൊന്നും മിണ്ടീലാ"

ദൈവത്തിന്റെ ഗുണങ്ങൾ അന്തിമമാണ്. അതിൽ നിമഗ്നരാവുകയും അതിലൂടെ നിരന്തരമായി മുന്നോട്ടുപോവുകയും ചെയ്യുന്നതാണ് പൂർണത.

ദൈവത്തോട് ആരെയെങ്കിലും പങ്കുചേർക്കുകയെന്നതിന്റെ അർഥം അവരെ ദൈവത്തിന് തുല്യരാക്കുകയെന്നാണ്.

ദൈവത്തിന്റെ പങ്കാളിയാവാൻ ആർക്കാണ് കഴിയുക? അതുകൊണ്ടാണ് ബഹുദൈവവിശ്വാസത്തെ നബി(സ) നിരോധിച്ചത്.

ഇസ്‌ലാമേതര മതങ്ങളിൽ ബഹുദൈവത്വം അനുവദിച്ച കാരണത്താൽ നമ്മെപ്പോലുള്ളവർക്ക് പല ദോഷങ്ങളുമുണ്ടായിട്ടുണ്ട്. ബഹുദൈവത്തിന്റെ മാർഗം ബന്ധിച്ചുകൊണ്ട് ഇസ്‌ലാം മനുഷ്യന് ഔന്നത്യം പ്രദാനം ചെയ്തു; അധമത്വത്തിൽനിന്നും അതിന്റെ ഭയാനകമായ ഫലങ്ങളിൽനിന്നും അവന്ന് രക്ഷ നല്കി.

ഇസ്‌ലാം മനുഷ്യനെ സമ്പൂർണനും ഉത്തമനുമാക്കുന്നു. ഏതൊരു ഔന്നത്യത്തിലെത്തിച്ചേരാൻ വേണ്ടിയാണോ അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത്, ആ ഔന്നത്യം പ്രാപിക്കുന്നതിനും അതിലേക്ക് കയറിച്ചെല്ലുന്നതിനുമുള്ള കഴിവും ശേഷിയും ഇസ്‌ലാം മുഖേന മനുഷ്യനിലുണ്ടായിത്തീരുന്നു.

ദൈവത്തിന് സ്വയം വെളിപ്പെട്ട് 'എന്നെ ദൈവമായി അംഗീകരിക്കുക' എന്നു കല്പിക്കാൻ കഴിയുമായിരുന്നു. അങ്ങനെയാവുമ്പോൾ, തന്റെ ചിന്താശക്തിയെ ഉപയോഗപ്പെടുത്താനുള്ള ഒരവസരവും മനുഷ്യന് ലഭിക്കാതെ പോവുന്നു; മനുഷ്യന്റെ ചിന്താശക്തിക്ക് കടുത്ത ആഘാതമേല്ക്കുകയും മാനസികവും ചിന്താപരവുമായ പുരോഗതി തടയപ്പെടുകയും ചെയ്യുന്നു. എന്നാൽ നബിയെ അയച്ചുകൊണ്ട് അദ്ദേഹം മുഖേന 'ഇത് ഞാൻ അയച്ച ദൂതനാണ്' എന്ന് സന്ദേശമറിയിച്ചതുകൊണ്ട് മനുഷ്യന് ചിന്തിക്കുകയെന്നത് അത്യാവശ്യമായി. പ്രവാചകത്വം അവകാശപ്പെടുന്ന ഈ വ്യക്തി യഥാർഥത്തിൽ ദൈവം അയച്ചത് തന്നെയാണോ? ഒരു നബിക്കുണ്ടായിരിക്കേണ്ട ഉന്നത ഗുണവിശേഷങ്ങൾ ഇദ്ദേഹത്തിലുണ്ടോ? ഇതിനെക്കുറിച്ചെല്ലാം ചിന്തിക്കാൻ മനുഷ്യൻ നിർബന്ധിതനാവുന്നു. ഒരു തമിഴ് പഴഞ്ചൊല്ലുണ്ട്: 'അറിവേ ആണ്ടവൻ; ആണ്ടവനേ അറിവ്.'

"വിജ്ഞാനമാണ് ദൈവം.

ദൈവമാണ് വിജ്ഞാനം."

യഥാർഥ വിജ്ഞാനം തീർച്ചയായും മനുഷ്യനെ ദൈവത്തെക്കുറിച്ചു ബോധമുള്ളവനാക്കും. ദൈവത്തെ ധിക്കരിച്ചവർക്ക് വിജ്ഞാനം തടയപ്പെടും; തന്റെ വിജ്ഞാനത്തെക്കുറിച്ച് അവർ എത്രമാത്രം വലിയ അവകാശവാദം ഉന്നയിച്ചാലും ശരി. മുതുകുളത്തൂരി*ൽ പരസ്പരം തലയറുത്തി

* ഉയർന്ന ജാതിക്കാരും താഴ്ന്ന ജാതിക്കാരും തമ്മിൽ വമ്പിച്ച കലാപം നടന്ന തമിഴ്നാട്ടിലെ ഒരു ഗ്രാമം.

രുന്നവർ ഇസ്ലാം സ്വീകരിച്ചതോടെ സഹോദരൻമാരായി മാറി. സകല കുഴപ്പവും അവസാനിച്ചു, താഴ്ന്ന ജാതിക്കാർ പ്രിയപ്പെട്ടവരായി, അവരെല്ലാം സമാവകാശികളായി സാഹോദര്യത്താൽ ബന്ധിക്കപ്പെട്ടു.

ഇസ്ലാമിന്റെ ഈ നേട്ടം വളരെയേറെ ആകർഷിച്ചിട്ടുണ്ട്. ഏതൊരു വിഷയത്തിന്റെയും സമസ്ത വശങ്ങളെയും ആഴത്തിൽ അപഗ്രഥിക്കുന്ന ആളാണ് ബർണാഡ്ഷാ. അദ്ദേഹം ഇസ്ലാമിക തത്ത്വങ്ങളെ വിശകലനം ചെയ്യുന്നത് നോക്കുക:

"ലോകത്ത് നിലനില്പും ശേഷിപ്പുമുള്ള വല്ല മതവുമുണ്ടെങ്കിൽ അത് ഇസ്ലാമാണ്."

എന്തുകൊണ്ടാണ് നാം നബി(സ)യെ ഒരു മഹാനായി കണക്കാക്കുകയും പ്രശംസിക്കുകയും ചെയ്യുന്നത്?

ഇന്ന്, 1957-ൽ സാമൂഹിക സമുദ്ധാരണത്തിനുവേണ്ടി നാം പരിശ്രമിക്കുകയാണെങ്കിൽ എത്ര എതിർപ്പുകൾ നേരിടേണ്ടിവരും. പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പ് നബി(സ) വിഗ്രഹങ്ങളെ ദൈവമാക്കരുതെന്ന് പ്രബോധനം നൽകി. ബഹുദൈവ വിശ്വാസികളുടെ മധ്യത്തിൽനിന്നുകൊണ്ട് അദ്ദേഹം പ്രഖ്യാപിച്ചു: വിഗ്രഹങ്ങൾ ദൈവമല്ല. അവയ്ക്കു മുമ്പിൽ ശിരസ്സു നമിക്കരുത്. ഏകനായ ദൈവത്തെ മാത്രം ആരാധിക്കുക.

ഈ പ്രഖ്യാപനത്തിനു എത്രമാത്രം ധൈര്യം ആവശ്യമായിരുന്നില്ല! ഈ പ്രബോധനത്തിനു എത്ര എതിർപ്പുകൾ ഉണ്ടായില്ല!

എതിർപ്പുകളുടെ കൊടുങ്കാറ്റിനു മധ്യേ അചഞ്ചലനായി നിലയുറപ്പിച്ച് വിപ്ലവത്തിന്റെ ഈ സന്ദേശം അദ്ദേഹം പ്രഖ്യാപിച്ചുകൊണ്ടേയിരുന്നു. തിരുമേനിയുടെ മഹത്ത്വത്തിന്റെ വലിയൊരു തെളിവാണിത്.

അദ്ദേഹത്തിലുണ്ടായിരുന്ന ഈ അചഞ്ചലത ഇന്നും അദ്ദേഹത്തിന്റെ അനുയായികൾ പിന്തുടർന്നുപോരുന്നു.

ഇസ്ലാമിക ജീവിതവ്യവസ്ഥ മനുഷ്യരിൽ ഐക്യം സംസ്ഥാപിക്കുന്നു. മനുഷ്യന്റെ വികാരങ്ങളെ ഉണർത്തുന്നു. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ബന്ധം സൃഷ്ടിക്കുന്നു. മനുഷ്യ മനസ്സിനെ ഉദ്ബുദ്ധമാക്കുന്നു.

സാധാരണ മതങ്ങൾ മനുഷ്യർക്കിടയിൽ പക്ഷപാതിത്വം സൃഷ്ടിക്കുകയും അവരെ പരസ്പരം കലഹിപ്പിക്കുകയും ചെയ്യുമ്പോൾ അതിനു വിപരീതമായി ഈ ജീവിതസിദ്ധാന്തം സ്നേഹത്തിന്റെയും രമ്യതയുടെയും അടിസ്ഥാനത്തിൽ മനുഷ്യരെ ഏകീകരിക്കുകയാണ് ചെയ്യുന്നത്.

ശരിയായ മതത്തിലും ജീവിതവ്യവസ്ഥയിലും ഭിന്നതയുണ്ടാവുകയില്ല. മതത്തിന് ജീവിതത്തിന്റെ സാധാരണ പ്രശ്നങ്ങളുമായി യാതൊരു ബന്ധവുമില്ല എന്നിടത്തോളമെത്തുന്ന, മതത്തെ സംബന്ധിച്ച വികലവും പരിമിതവുമായ സങ്കല്പത്തിൽനിന്നാണ് ഭിന്നത ഉടലെടുക്കുന്നത്.

യഥാർഥ മതത്തെ- അത് സ്വയം ഒരു ജീവിത വ്യവസ്ഥിതി കൂടിയായിരിക്കും- പ്രാവർത്തികമാക്കുകയാണെങ്കിൽ മനുഷ്യർക്ക് ഉപകാരമല്ലാതെ ഒരിക്കലും ഉപദ്രവമുണ്ടാവുകയില്ല. ഇതിന് ഈ ജീവിതവ്യവസ്ഥിതി ആരോഗ്യകരമായ വിധത്തിൽ തന്റെ കൃത്യം നിർവഹിക്കുകയും മനുഷ്യന് ആവശ്യമായ നീതിയും അന്തസ്സും ഔന്നത്യവും നിർഭയത്വവുമെല്ലാം നല്കുകയും ചെയ്യുന്ന ഒരു പരിതഃസ്ഥിതി ഉണ്ടാകണം.

സാധാരണയായി ജനങ്ങൾ പരിതഃസ്ഥിതിക്കനുസരിച്ച് തങ്ങളെ രൂപപ്പെടുത്തുകയാണ് ചെയ്യുന്നത്. പരിതഃസ്ഥിതി ഏതെങ്കിലും ജീവിത വ്യവസ്ഥിതിക്ക് ആരോഗ്യകരമായി പ്രവർത്തിക്കാൻ അവസരം നല്കുന്നുണ്ടോ ഇല്ലേയെന്ന് സാധാരണക്കാർ ചിന്തിക്കുന്നില്ല. ആട്ടിൻപറ്റത്തെപ്പോലെ അന്ധമായി നടക്കുകയാണവർ ചെയ്യുന്നത്.

മഹാൻമാർ അങ്ങനെയല്ല. ചുറ്റുപാടിന്റെ ഗതി ശരിയായ ദിശയിലേക്കാണോ അല്ലേ എന്ന് നോക്കി, തെറ്റായ ദിശയിലേക്കാണെന്ന് കണ്ടാൽ എതിർദിശയിലേക്ക് അവർ തിരിഞ്ഞു നടക്കും. എതിർദിശ സ്വീകരിക്കുന്നതുകൊണ്ടുണ്ടായേക്കാവുന്ന കടുത്ത നഷ്ടങ്ങളെ അവർ പരിഗണിക്കുകയേയില്ല. സത്യത്തിന്റെയും ശരിയായ ജീവിതവ്യവസ്ഥിതിയുടെയും ആരോഗ്യകരമായ പ്രവർത്തനത്തിനുവേണ്ടി ഈ എതിർദിശയിലൂടെ നടക്കാൻ അവർ ദൃഢനിശ്ചയം ചെയ്യുന്നു. തെറ്റായ പരിതഃസ്ഥിതി ആരോഗ്യപൂർണമായ പരിതഃസ്ഥിതിയാക്കി പരിവർത്തിക്കപ്പെടുന്നതുവരെ ആ ദിശയിലൂടെത്തന്നെ അവർ നടക്കുന്നു. കഷ്ടപ്പാടുകൾ സഹിക്കുകയും വിപത്തുകൾക്കിരയാവുകയും ചെയ്യേണ്ടി വന്നിട്ടും സത്യത്തിന്റെ മാർഗത്തിൽ ചരിക്കാനുള്ള ഉത്സാഹം കാണിക്കുന്നവരാണ് യഥാർഥ മഹാൻമാർ. ഇങ്ങനെയുള്ള ഉത്സാഹശാലികളാണ് കാലത്തോട് പടവെട്ടി, ശരിയായ ജീവിതവ്യവസ്ഥിതി പ്രായോഗികമാവുന്ന പരിതഃസ്ഥിതി പടുത്തുയർത്തുന്നത്.

ഇത്തരത്തിലുള്ള മഹാനും ഉത്സാഹശാലിയുമായ വ്യക്തിത്വങ്ങളിൽ ഒന്നാണ് മുഹമ്മദ് നബി(സ). എന്നാൽ, നബി(സ)യുടെ വ്യക്തിത്വം സാധാരണ വലിയ വ്യക്തിത്വങ്ങളുടേതിൽനിന്നും എത്രയോ വലുതാണ്. ഈ മഹാപുരുഷന്റെ അധ്യാപനങ്ങൾ രാജ്യത്ത് പ്രചരിപ്പിക്കേണ്ടതാണ്. ഈ

അധ്യാപനങ്ങൾ പ്രചരിപ്പിക്കുന്നതിന് ഉചിതമായ ചുറ്റുപാടുകൾ ആവശ്യമാണ്. അതിനു ശുദ്ധമായൊരു വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കണം. ശുദ്ധമായ വിദ്യാഭ്യാസ പദ്ധതിക്ക് ശരിയായൊരു ഭരണവ്യവസ്ഥ വേണം. നല്ല ഭരണാധികാരികളെക്കൂടാതെ നല്ല ഭരണകൂടത്തെ വിഭാവന ചെയ്യാൻപോലും സാധ്യമല്ല. നല്ല വ്യക്തികളിൽനിന്നേ നല്ല ഭരണാധികാരികളെ ലഭിക്കൂ. ഇതിൽനിന്ന് നല്ല വ്യക്തികളുടെ പ്രാധാന്യവും വിലയും ശരിക്കും മനസ്സിലാക്കാവുന്നതാണ്. ഇങ്ങനെയുള്ള വ്യക്തികളാണ് ഒരു സമൂഹത്തിന്റെ യഥാർഥ മൂലധനം. സമൂഹത്തിന്റെ ഭാവിഭാഗധേയം അവരിൽ മാത്രം പരിമിതമാണ്. അവരുടെ നഷ്ടം മാനവതയ്ക്ക് ഏറ്റവും വലിയ നഷ്ടമായിരിക്കും.

ഇസ്‌ലാംമതം വൈരക്കല്ല് പോലെയാണ്. വൈരക്കല്ല് പലരും പല തരത്തിലാണ് ഉപയോഗപ്പെടുത്തുന്നത്. ചിലർ മോതിരത്തിൽ പതിച്ചുവെക്കുന്നു. ചിലർ കാതുകളിൽ അണിയുന്നു. വേറെ ചിലർ അത് വിറ്റു കാശാക്കി ജീവിക്കുന്നു.

വൈരക്കല്ലിന്റെ പ്രാധാന്യവും പ്രയോജനവും അതിന്റെ നഷ്ടവും യഥാർഥത്തിൽ, മനുഷ്യൻ അത് എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. വൈരക്കല്ലിനെക്കാളും എത്രയോ വിലപ്പെട്ട ജീവിതവ്യവസ്ഥിതിയോടുള്ള നമ്മുടെ സമീപനമെന്താണെന്നു നാം ചിന്തിക്കേണ്ടിയിരുന്നു.

അക്രമികളുടെയും മർദകരുടെയും സഹായിയാകുമോ ഈ മതം? അത് മർദകരുടെ അവകാശങ്ങൾ അപഹരിക്കുമോ? അതോ മർദിതർക്കും പീഡിതർക്കും സഹായം ചെയ്യുമോ?

ആദ്യം പറഞ്ഞ ഫലമാണ് പ്രാവർത്തികലോകത്ത് കാണപ്പെടുന്നതെങ്കിൽ ഇസ്‌ലാമിനെ നാം എത്രതന്നെ പ്രകീർത്തിച്ചാലും അതിനൊരു വിലയുമില്ല; ശേഷം പറഞ്ഞ ഫലമാണ് കാണപ്പെടുന്നതെങ്കിൽ തീർച്ചയായും ഈ മതം ലോകത്തിന് അനുഗ്രഹമാണെന്നു ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും.

ഇസ്‌ലാം അതിന്റെ സർവനാമഗുണങ്ങളോടും നന്മകളോടും കൂടി ഇന്നും നിലനില്ക്കുന്നുണ്ട്. ഇപ്പോൾ ഇസ്‌ലാമിക പ്രബോധകരുടെ ചുമതല, ഇസ്‌ലാംമതത്തെ ആത്മാർഥമായി സ്വായത്തമാക്കുകയാണ്. അതുവഴി തങ്ങളുടെ രക്ഷിതാവിന്റെ പ്രീതി കരസ്ഥമാക്കാനും ദരിദ്രരുടെയും പീഡിതരുടെയും പ്രശ്നങ്ങൾ പരിഹരിക്കാനും അവർക്ക് കഴിയും. എന്നല്ല, മാനവത ഭൗതികവും ആത്മീയവുമായ പുരോഗതിയിലേക്ക് അതിശീഘ്രം കുതിക്കുകയും ചെയ്യും.

# സാക്ഷ്യപത്രങ്ങൾ

**ന**മ്മുടെ നാട്ടിലെ പ്രതിഭാശാലിയായിരുന്ന അണ്ണാദുരെ എന്തുമാത്രം ആദരവോടുകൂടിയാണ് നബിതിരുമേനിയെ കണ്ടിരുന്നതെന്ന് കഴിഞ്ഞ അധ്യായത്തിൽനിന്ന് വ്യക്തമാവുകയുണ്ടായല്ലോ. അണ്ണാദുരെ മാത്രമല്ല, ലോകത്തെ വിവിധ രാഷ്ട്രങ്ങളിലുള്ള പ്രതിഭാധനൻമാരെല്ലാം നബി(സ)യുടെ മഹത്ത്വം അംഗീകരിച്ചിട്ടുണ്ട്. നെപ്പോളിയൻ മുതൽ എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കയുടെ എഡിറ്റർ വരെ പലരും നബി(സ)യുടെ സന്നിധിയിൽ വിശ്വാസോപഹാരം സമർപിച്ചിട്ടുണ്ട്.

നെപ്പോളിയൻ പറഞ്ഞു: “എല്ലാ രാജ്യങ്ങളിലെയും ഭരണാധികാരികൾ ഒരുമിച്ചുചേർന്നു ഖുർആന്റെ തത്ത്വങ്ങൾക്കനുസരിച്ചുള്ള ഒരു ഭരണരീതി സ്വീകരിക്കുന്ന ദിവസം വിദൂരമല്ല. ഖുർആന്റെ അധ്യാപനങ്ങളും അതിന്റെ തത്ത്വങ്ങളും സത്യത്തിന്റെ അടിത്തറയിൽ പടുത്തുയർത്തിയവയാണ്. മനുഷ്യവർഗത്തിന് അത് സന്തോഷവും സുസ്ഥിതിയും നല്കുന്നു; അതിനാൽ, ദൈവത്താൽ നിയുക്തനായ മുഹമ്മദ് നബിയിലും അദ്ദേഹത്തിനിറങ്ങിയ ഖുർആനിലും ഞാൻ അഭിമാനം കൊള്ളുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.”

ഗാന്ധിജി പറഞ്ഞു: “ഞാൻ ഖുർആൻ പലവട്ടം ശ്രദ്ധിച്ചു വായിച്ചിട്ടുണ്ട്. അതിൽ സത്യത്തിന്റെയും അഹിംസയുടെയും അധ്യാപനങ്ങൾ കണ്ട് ഞാൻ വളരെയേറെ സന്തുഷ്ടനാവുകയുണ്ടായി.”

ഡോക്ടർ സാമുവൽ ജോൺസൻ തന്റെ വിശ്വോത്തര കൃതിയായ ‘ഓറിയന്റൽ റിലീജ്യൻസി’ൽ പറയുന്നു: “ഖുർആൻ പദ്യമോ ഗദ്യമോ അല്ല. എങ്കിലും ഗദ്യത്തിന്റെ ശക്തിയും പദ്യത്തിന്റെ സൗന്ദര്യവും അതിലുണ്ട്. അത് ചരിത്രമോ ജീവചരിത്ര ഗ്രന്ഥമോ അല്ല. എന്നാൽ ഉപദേശങ്ങളും പാഠങ്ങളും നല്കുന്നതിൽ അവയെക്കാളെല്ലാം മികച്ചതാണത്.”

മൂസാനബിക്ക് ഒറ്റയടിക്കാണ് തൗറാത്ത് നല്കപ്പെട്ടത്. എന്നാൽ ഖുർആൻ ഒറ്റയടിക്കല്ല ഇറങ്ങിയത്. പ്ലാറ്റോയുടെ കൃതിയിൽ ഗവേഷണ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ ഖുർആന്റെ ശൈലി തനതാണ്. ഒരു പ്രബോധകന്റെ ശബ്ദമാണത്. യുക്തിബന്ധുരവും പരിശ്രമബോധവും കർമാവേശവും പകരുന്നതുമാണത്. എതിരാളികളെ വെല്ലുവിളിക്കുകയും സ്നേഹാനുകമ്പയോടെ അവരെ ഗ്രഹിപ്പിക്കുകയും ചെയ്യുന്ന ഗ്രന്ഥമാണത്. എക്കാലത്തും ഏതു രാജ്യത്തുമുള്ള ജനങ്ങൾ ബോധപൂർവമോ അല്ലാതെയോ, ആഗ്രഹിച്ചോ ആഗ്രഹിക്കാതെയോ ഖുർആന്റെ അധ്യാപനങ്ങൾക്ക് കീഴിൽ നില്ക്കാൻ നിർബന്ധിതരായിട്ടുണ്ട്. അത്രമാത്രം യുക്തിനിർഭരവും സമഗ്രവുമായ ഗ്രന്ഥമാണത്.

അതിന്റെ മാറ്റൊലികൾ കൊട്ടാരങ്ങളിലും മരുഭൂമികളിലും നഗരങ്ങളിലും മുഴങ്ങിക്കൊണ്ടിരിക്കുന്നു. എല്ലാ ആളുകളിലും അതിന്റെ സ്വാധീനം പതിഞ്ഞുകൊണ്ടിരിക്കുന്നു. ആദ്യമായി ഈ ഗ്രന്ഥം അതിന്റെ അധ്യാപനങ്ങൾ സ്വീകരിച്ചവരുടെ ഹൃദയങ്ങളെ ആവേശഭരിതരാക്കി. പിന്നീട് ഒരു സംഘടിത പ്രസ്ഥാനത്തിൽ അവരെ വാർത്തെടുത്തു. ഒരു കൊടുങ്കാറ്റ് കണക്കെ ആ പ്രസ്ഥാനം ഉയർന്നുവന്നു. ഇറാനിലൂടെയും ഏഷ്യയിലെ വിവിധ രാജ്യങ്ങളിലൂടെയും വിദൂരതകളിൽ അതെത്തിച്ചേർന്നു. അവിടങ്ങളിലുണ്ടായിരുന്ന സർഗചിന്തകളെ സ്വാംശീകരിച്ചുകൊണ്ട് അന്ധകാര

ത്തിൽ തപ്പിത്തടയുന്ന ക്രൈസ്തവ യൂറോപ്പിന് യുക്തിയുടെയും വിവേകത്തിന്റെയും പാഠം നല്കി.

വിശുദ്ധ ഖുർആന്റെ പ്രഥമ ആംഗല വിവർത്തകനായ മിസ്റ്റർ റോഡ്‌വെൽ തന്റെ മുഖവുരയിൽ പറയുന്നു:

"അറേബ്യയിലെ അജ്ഞരും അപരിഷ്കൃതരുമായ ജനവിഭാഗത്തെ കുറഞ്ഞ കാലംകൊണ്ട് ലോകത്തിന്റെ നേതൃത്വത്തിനും ഭരണത്തിനും ഈ ഗ്രന്ഥം അർഹരാക്കി; മാന്ത്രിക ദണ്ഡു കറക്കി അറബികളിൽ പൊടുന്നനെ ഒരു മഹാവിപ്ലവം സൃഷ്ടിച്ചപോലെ."

1945 ജനു: 1-ന് കവികോകിലം മിസിസ്സ് സരോജിനി നായിഡു കൽക്കത്തയിലെ മുസ്‌ലിം ഇൻസ്റ്റിറ്റ്യൂട്ട് ഹാളിൽവെച്ച് പ്രസ്താവിച്ചു:

"വിശുദ്ധ ഖുർആൻ നീതിയുടെയും സംസ്കാരത്തിന്റെയും പ്രമാണമാണ്; സ്വാതന്ത്ര്യത്തിന്റെ രേഖയാണ്. കർമരംഗത്ത് സത്യത്തിന്റെയും നീതിയുടെയും അധ്യാപനങ്ങൾ നല്കുന്ന മഹത്തായ നിയമഗ്രന്ഥമാണ്. മറ്റൊരു ഗ്രന്ഥവും വിശുദ്ധ ഖുർആനെപ്പോലെ, ജീവിതത്തിന്റെ മുഴുമണ്ഡല

ങ്ങൾക്കും വിശദീകരണമോ പരിഹാരമോ സമർപ്പിക്കുന്നില്ല.”

ജർമനിയിലെ വിശ്രുതനായ പണ്ഡിതൻ ഗോയ്ഥെ പറഞ്ഞു:

“ഖുർആൻ പാരായണം ചെയ്യുമ്പോഴൊക്കെ പുതിയ പുതിയ അർഥങ്ങൾ എന്റെ മുമ്പിൽ അനാവൃതമാവുന്നു. ഈ ഗ്രന്ഥത്തിന്റെ വശ്യത വായനക്കാരെ അല്പാൽപമായി ആകർഷിക്കുകയും അവസാനം അവരുടെ മനോമസ്തിഷ്കങ്ങളെ കീഴടക്കുകയും ചെയ്യുന്നു.”

പ്രശസ്ത ചരിത്രകാരനായ ഗിബ്ബൺ പറഞ്ഞു:

“ഏകദൈവ സിദ്ധാന്തത്തെ സ്പഷ്ടമായി വിവരിക്കുകയും മനസ്സുകളിൽ ഏകദൈവത്വത്തിന്റെ മുദ്ര പതിക്കുകയും ചെയ്യുന്ന മഹത്തായ ഗ്രന്ഥമാണ് ഖുർആൻ.”

എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നു:

“ലോകത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന ഗ്രന്ഥം ഖുർആനാണ്. ഈ സവിശേഷത ലോകത്തെ മറ്റൊരു മതഗ്രന്ഥത്തിനുമില്ല.”

# വേദങ്ങൾ മുഹമ്മദ് നബിയെ സത്യപ്പെടുത്തുന്നു

**ക്രി**സ്ത്വബ്ദം ആറാം നൂറ്റാണ്ടിലാണ് മുഹമ്മദ് നബി അറേബ്യയിൽ ജനിക്കുന്നത്. എന്നാൽ, അതിനുമെത്രയോ മുമ്പുതന്നെ വേദങ്ങൾ അദ്ദേഹത്തിന്റെ ആഗമനത്തെക്കുറിച്ച് പ്രവചനം നടത്തിയിട്ടുണ്ട്. ഒരു മാന്യൻ ഇങ്ങനെ അവകാശപ്പെട്ടപ്പോൾ ഞാൻ തത്സംബന്ധമായ ഒരന്വേഷണം നടത്തി. വേദങ്ങൾ നബിതിരുമേനിയുടെ ആഗമനം പ്രവചിച്ചത് കണ്ട് ഞാൻ അദ്ഭുതസ്തിമിതനായിപ്പോയി. വ്യാസമുനിയുടെ പതിനെട്ടു പുരാണ

ങ്ങളിൽ ഒന്നിന്റെ പേരാണ് ഭവിഷ്യൽ പുരാണം. അതിലെ ഒരു ശ്ലോകമിതാണ്:

“ആ സന്ദർഭത്തിൽ മഹാമദ എന്നു പേരുള്ള ഒരു ആചാര്യൻ വിദേശത്ത് തന്റെ ശിഷ്യന്മാരോടൊത്ത് പ്രത്യക്ഷപ്പെടും. മരുഭൂമിയിലായിരിക്കും അദ്ദേഹത്തിന്റെ ആഗമനം.”( 3,5,8)

ഈ ശ്ലോകത്തിൽ പേരും സ്ഥലവും വ്യക്തമായി പറഞ്ഞിട്ടുണ്ട്. വരാനിരിക്കുന്ന മഹാവ്യക്തിത്വത്തിന്റെ ലക്ഷണങ്ങൾ അത് ഇങ്ങനെ വിവരിക്കുന്നു:

“അദ്ദേഹം ചേലാകർമം ചെയ്തവനായിരിക്കും. അദ്ദേഹം കുടുമ വെക്കുകയില്ല. അദ്ദേഹം താടി വളർത്തും. മാംസം ഭക്ഷിക്കും. വളരെ ശക്തിയായ രീതിയിൽത്തന്നെ പ്രബോധനം സമർപ്പിക്കും. തന്റെ പ്രബോധനം സ്വീകരിക്കുന്നവരെ മുസലെ എന്ന് വിളിക്കും.”(ഭവിഷ്യൽ പുരാണം 25, 28)

ഈ സൂക്തം ശ്രദ്ധിച്ചു നോക്കുക. ചേലാകർമം ചെയ്യുന്ന പതിവ് ഹിന്ദുക്കൾക്കിടയിൽ ഉണ്ടായിരുന്നില്ല. കുടുമ ഇന്നാട്ടിലെ മതചിഹ്നമായിരുന്നു. എന്നല്ല, ഈ പ്രബോധനം സ്വീകരിക്കുന്നവരെ മുസലെ എന്ന് വിളിക്കുന്നതുമായിരിക്കും. മുസ്‌ലിം അഥവാ മുസൽമാനിലേക്കാണ് ഈ വാക്ക് സൂചന നൽകുന്നത്. അഥർവ വേദത്തിന്റെ 20-ാം അധ്യായത്തിൽ പറയുന്നു:

* “അല്ലയോ ഭക്തരേ! നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുക. പ്രശംസാർഹനായവൻ വാഴ്ത്തപ്പെടും. അറുപതിനായിരത്തി തൊണ്ണൂറു ശത്രുക്കളുടെ മധ്യത്തിൽനിന്ന് നാം അവനെ സ്വീകരിക്കും.”

മുഹമ്മദ് എന്ന വാക്കിന്റെ അർഥം വാഴ്ത്തപ്പെട്ടവൻ, പ്രശംസിക്കപ്പെട്ടവൻ എന്നൊക്കെയാണ്. അദ്ദേഹം ജനിക്കുമ്പോൾ മക്കയിലെ ജനസംഖ്യ അറുപതിനായിരമായിരുന്നു.

* അദ്ദേഹം ഇരുപത് ആൺ-പെൺ ഒട്ടകങ്ങൾക്ക് പുറത്ത് സവാരി ചെയ്യും. അദ്ദേഹത്തിന്റെ സ്ഥാനമഹത്വം സ്വർഗം വരെയെത്തും. ആ മഹർഷിക്ക് നൂറു സ്വർണം നാണയങ്ങളുണ്ടാകും.”

ഒട്ടകപ്പുറത്ത് സവാരി ചെയ്യുന്ന മഹർഷിമാരെ ഇന്ത്യയിൽ നമുക്ക് കാണാൻ കഴിയുകയില്ല. അതിനാൽ, ഇതിന്റെ സൂചന മുഹമ്മദ് തിരുമേനി തന്നെയാണ്. നൂറു സ്വർണനാണയങ്ങൾ എന്നതിന്റെ ഉദ്ദേശ്യം എത്യോപ്യയിലേക്ക് പലായനം ചെയ്ത നൂറു അനുചരൻമാരാണ്.

“പത്തു മുത്തുമാലകളും മുന്നൂറു അറബിക്കുതിരകളും പതിനായിരം

പശുക്കളും അദ്ദേഹത്തിനുണ്ടായിരിക്കും.”

പത്തു മുത്തുമാലകൾ എന്നതിന്റെ സൂചന സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ട പത്തുപേരാണ്. മുന്നൂറു അറബിക്കുതിരകൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത് ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത മുന്നൂറ്റിപ്പതിമൂന്നു പേരെയാണ്. അദ്ദേഹത്തിന്റെ അനുയായികളുടെ സംഖ്യാധിക്യത്തെയാണ് പതിനായിരം ഗോക്കൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

ഖുർആൻ നബി(സ)യെ ലോകാനുഗ്രഹി എന്ന് വിളിച്ചിട്ടുണ്ട്. ഋഗ്വേദത്തിലും ഇങ്ങനെ പറഞ്ഞിട്ടുണ്ട്:

“അനുഗ്രഹി എന്ന പേർ സിദ്ധിക്കുന്നവൻ വാഴ്ത്തപ്പെടുന്ന പതിനായിരം അനുയായികളോടൊപ്പം ആഗതനാവും.”(ഋഗ്വേദം, തന്ത്രം 5, സൂത്രം 26)

ഇപ്രകാരം വേദങ്ങളിൽ മാമ, മഹാമദ എന്നീ നാമങ്ങളിൽ അദ്ദേഹത്തിന്റെ ആഗമനത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്.

# നബിയുടെ സ്വഭാവമഹിമകൾ

**അ**മുസ്‌ലിം സുഹൃത്തുക്കളിൽ പൊതുവേ ഒരു തെറ്റിദ്ധാരണ പരന്നിരിക്കുന്നു- മുസ്‌ലിംകൾ അറിവില്ലാത്തവരാണ്; ദുരാഗ്രഹികളും വിദ്വേഷികളുമാണ്; അക്രമികളും വഞ്ചകരുമാണ്.

പരിശോധിച്ചു നോക്കിയാൽ അഥവാ അടുത്തുചെന്ന് ദർശിച്ചാൽ സൂര്യപ്രകാശംപോലെ വ്യക്തമായി കാണാൻ കഴിയുന്നത് മറ്റൊരു പരമാർഥമാണ്.

ഇസ്‌ലാമിന്റെ അർഥം തന്നെ സമാധാനം, രക്ഷ എന്നെല്ലാമാണ്. എനിക്കറിയാവുന്നിടത്തോളം വിനയത്തിനു ഉത്തമമായ വല്ല മാതൃകയുമുണ്ടെങ്കിൽ അത് നബി തിരുമേനിയത്രേ.

എല്ലാ മഹാന്മാരും പരിഷ്കർത്താക്കളും സദ്ഗുണ സമ്പന്നരായിരുന്നു. എന്നാൽ മുഹമ്മദ് നബിയെപ്പോലെ സമ്പൂർണമായ ഒരു വ്യക്തിത്വത്തെ മനുഷ്യചരിത്രത്തിലെവിടെയും കണ്ടെത്തുകയില്ല. മനസ്സിന്റെ ആഴത്തിൽനിന്നാണ് ഞാനിത് പറയുന്നത്.

അറേബ്യയുടെ ഭരണാധികാരിയായിരുന്നിട്ടും തന്റെ ജോലികൾ സ്വയം തന്നെയാണ് അദ്ദേഹം ചെയ്തിരുന്നത്. ചെരുപ്പ് സ്വയം നന്നാക്കി. ആതൃക്കൈകൾ കൊണ്ടുതന്നെ വസ്ത്രങ്ങൾ തുന്നുകയും കന്നുകാലികളെ തീറ്റുകയും പാൽ കറന്നെടുക്കുകയും ചെയ്തു.

പാൽ കുടിക്കുകയും പാലിൽ കുളിക്കുകയും ചെയ്യുന്ന ഭരണാധികാരികളെ ചരിത്രത്തിന്നറിയാം. എന്നാൽ പാൽ കറന്നെടുക്കുന്ന ഏക ഭരണാധികാരി നബിതിരുമേനിയാണ്.

ദക്ഷിണേന്ത്യയിലെ ഒരു സംഭവമാണ്: വൈകൈനദിയിൽനിന്ന് ഒരു ഋഷി മണ്ണു കടത്തുകയായിരുന്നു; കൂലിക്ക്. വിവരം രാജാവിന്റെയടുത്തെത്തി. ഉടനെയദ്ദേഹം ഋഷിയെക്കൊണ്ടു മണ്ണു തലയിലേറ്റിച്ച ആളെ വരുത്തി അതിന് തക്ക ശിക്ഷ നല്കി.

എന്നാൽ മദീനയിലേക്ക് നോക്കൂ. അവിടെ മദീനാ പള്ളിയുടെ നിർമാണ ജോലിയിലേർപ്പെട്ടവർക്കിടയിൽ നബിതിരുമേനിയേയും കാണാം. ചരിത്രത്തിലെ അനുപമമായ മാതൃക!

നബി(സ)യുടെ വിരിപ്പ് എത്രയും സാധാരണമായിരുന്നു. നിലത്ത് വിരിച്ച പായയിലോ തോലിലോ ആണ് അദ്ദേഹം കിടന്നിരുന്നത്; ചിലപ്പോൾ വെറും മണ്ണിലും.

ചുടാത്ത മണ്ണുകൊണ്ട് നിർമിച്ചതായിരുന്നു അദ്ദേഹത്തിന്റെ ഭവനം. അതിന്റെ മേൽ പാകിയതോ, ഈന്തപ്പനയോലയും.

വൈരാഗിയായ പുരോഹിതനായിരുന്നില്ല തിരുമേനി. മറിച്ച്, അക്കാലത്തെ ശക്തനായ ഭരണാധികാരിയായിരുന്നു. എന്നിട്ടും എന്തൊരു ലാളിത്യം! എന്തൊരെളിമ! അത് വിഭാവനം ചെയ്യുമ്പോൾ തന്നെ ഹൃദയം അദ്ഭുതംകൂറുന്നു.

എന്തായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവം? സദാ പ്രസന്നത മുറ്റിയ മുഖഭാവം. ആരോടും പരിഭവിക്കുകയില്ല, കോപിക്കുകയില്ല. പൊട്ടിച്ചിരിക്കുക

യില്ല. ഏതൊരാൾക്കും സഹായം നല്കും. ഗൗരവം സ്ഫുരിക്കുന്ന താണാ നടത്തം. ആളുകൾ ഇങ്ങോട്ടു സലാം പറയാൻ കാത്തിരിക്കാതെ അങ്ങോട്ടു പറയും. മുതിർന്നവരോട് അങ്ങേയറ്റം ബഹുമാനമാണ്. എന്നാൽ, കുട്ടികളോടുള്ള സ്നേഹാതിരേകത്താൽ ആദ്യം അവർക്ക് സലാം പറയും. സഹായാഭ്യർഥന നടത്തുന്നവർ ജനദൃഷ്ടിയിൽ എത്ര തന്നെ നിസ്സാരൻമാരായിരിക്കട്ടെ അതദ്ദേഹത്തിന് പ്രശ്നമല്ല. ഉത്സാഹ ത്തോടുകൂടി അവരുടെ അഭ്യർഥന അദ്ദേഹം സ്വീകരിക്കും.

ജീവിതത്തിലൊരിക്കലെങ്കിലും അദ്ദേഹം ആരോടും കലഹിച്ചിട്ടില്ല; ആരെയും ചീത്ത പറഞ്ഞിട്ടില്ല; ആരെയും ശപിച്ചിട്ടുമില്ല.

നമുക്കറിയുന്ന മഹാൻമാർ എത്രയോ ഉണ്ട്. പുറത്ത് മറ്റുള്ളവരോട് അവർ എത്രയും വിനയത്തിലായിരിക്കും പെരുമാറുക. എന്നാൽ, സ്വന്തം കുടുംബത്തോടും ഭൃത്യരോടും തനിക്ക് കീഴിലുള്ള മറ്റുള്ളവരോടും അവ രുടെ പെരുമാറ്റം പരുഷവും കർക്കശവുമായിരിക്കും.

ഇവടെയും നബി(സ)യുടെ സ്ഥിതി അനുപമം തന്നെ. മറ്റുള്ളവരോ ടെന്നപോലെ സ്വന്തം കുടുംബത്തോടും ഭൃത്യൻമാരോടും കീഴിലുള്ളവ രോടും മൃദുലമായി അദ്ദേഹം പെരുമാറി.

തന്റെ സന്ദർശകർ ഹസ്തദാനത്തിനായി കൈ നീട്ടിയാൽ ആ കരം ഗ്രഹിച്ചുകൊണ്ട് അദ്ദേഹം സംഭാഷണം നടത്തും. അവർ കൈ പിൻവലി ക്കുന്നതുവരെ തന്റെ കരം നീട്ടിത്തന്നെ പിടിക്കും. സ്നേഹത്തോടും ആദ രവോടും കൂടെ മാത്രം അദ്ദേഹം മറ്റുള്ളവരെ വിളിച്ചു. തന്നോടു പരുഷ മായി സംസാരിച്ചവരുടെ മുമ്പിൽ സംയമനം കൈക്കൊണ്ടു. മാതൃകാപര മായിരുന്നു അദ്ദേഹത്തിന്റെ ലജ്ജാശീലം; ആഭിജാത കുടുംബത്തിലെ മാന്യ നായ ഒരാളുടേതിലും കവിഞ്ഞ ലജ്ജാശീലം.

ഈ മഹാത്മാവിനെ നേതാവായി സ്വീകരിച്ചവരാണ് മുസ്‌ലിംകൾ. അവ രുടെ ജീവിതത്തിൽ ഇന്നും അദ്ദേഹത്തിന്റെ ആ സദ്ഗുണങ്ങൾ നിഴൽ വീശുന്നുണ്ട്. അതെല്ലാം മഹാനായ ആ നബിയുടെ സംഭാവനകളാണ്.

### ശാന്തതയും ധീരതയും

പല മതാചാര്യന്മാരുടെ ജീവിതത്തിലും അവർ ദൈവസഹായത്തെ ക്കുറിച്ച് നിരാശപ്പെട്ട നിമിഷങ്ങൾ കാണാം. അവരെല്ലാം സദ്വൃത്തർ തന്നെ. എന്നാൽ പ്രതികൂലമായ ചുറ്റുപാടുകളിൽ ദൈവം നിങ്ങളെ കൈവിട്ടതു പോലെയുള്ള സംസാരം അവരിൽനിന്ന് പുറത്തുവന്നിരുന്നു.

അവരുടെ ജീവിതത്തിലും ശാന്തത ദൃശ്യമായേക്കാം. എന്നാൽ, വിഷ

മാവസ്ഥകളിൽ അവശ്യം ആവശ്യമായ ആദർശസ്ഥൈര്യമോ ശുഭാപ്തി വിശ്വാസമോ ഉണ്ടാവുകയില്ല.

നബിയുടെ സ്ഥിതി നോക്കൂ. സദസ്സുകളിൽ എത്ര സൗമ്യനായിരുന്നോ അത്രയും ഉഗ്രനുമായിരുന്നു അദ്ദേഹം. രണാങ്കണങ്ങളിൽ-വിപദ്ഘട്ടങ്ങളിൽ- പർവത സമാനം അദ്ദേഹം ഉറച്ചുനിന്നു.

അദ്ദേഹത്തിന്റെ ഏകദൈവവിശ്വാസത്തിൽ കുപിതരായ ഒരു കൂട്ടം ആളുകൾ അബൂത്വാലിബിന്റെ അടുത്തുവന്ന് ഭീഷണി മുഴക്കി: "ഒന്നുകിൽ മുഹമ്മദിനോട് ഈ പ്രബോധനം നിറുത്താൻ പറയുക. അല്ലെങ്കിൽ ജനങ്ങൾക്കും അദ്ദേഹത്തിനുമിടയിൽ താങ്കൾ മാറിനിൽക്കുക. അദ്ദേഹത്തെ ഞങ്ങൾ കൈകാര്യം ചെയ്തുകൊള്ളാം."

ആ സന്ദർഭത്തിന്റെ സന്ദിഗ്ധത അബൂത്വാലിബിനെ കുഴക്കി. നബിയെ വരുത്തി അദ്ദേഹം ധരിപ്പിച്ചു: താങ്കൾ അല്പമൊന്ന് മയം കാണിക്കണം.

നബി(സ) അതിനു നല്കിയ മറുപടി മനുഷ്യചരിത്രത്തിൽ നിശ്ചയദാർഢ്യത്തിന്റെ പുതിയൊരധ്യായം സൃഷ്ടിച്ചു. അദ്ദേഹം പറഞ്ഞു:

"എന്റെ വലതുകയ്യിൽ സൂര്യനും ഇടതുകയ്യിൽ ചന്ദ്രനും വച്ചുതന്നാൽപോലും ഈ ദൗത്യത്തിൽനിന്ന് ഞാൻ പിൻമാറുകയില്ല. ശ്വാസം നിലക്കുന്നതുവരെ ഞാനിത് തുടരുകതന്നെ ചെയ്യും."

ശത്രുക്കളിൽനിന്ന് എത്രയെത്ര ഉപദ്രവങ്ങൾ അദ്ദേഹത്തിനേല്ക്കേണ്ടി വന്നു! ചപ്പുചവറുകൾകൊണ്ട് അവരദ്ദേഹത്തെ എറിഞ്ഞു. അദ്ദേഹത്തിന്റെ മേൽ ശിലാവൃഷ്ടി നടത്തി. നമസ്കരിച്ചുകൊണ്ടിരിക്കെ ഒട്ടകത്തിന്റെ കുടൽമാല കഴുത്തിൽ ചാർത്തി. അദ്ദേഹത്തെ കൊന്നുകളയാൻ വേണ്ടി ഊരിപ്പിടിച്ച വാളുമായി ഓരോ ഗോത്രത്തിലെയും ഓരോ വ്യക്തികൾ അദ്ദേഹത്തിന്റെ വീടുവളഞ്ഞു.

വിഷമകരമായ ഈ സാഹചര്യങ്ങളിലെല്ലാം എന്നാൽ, അദ്ദേഹത്തിന്റെ സ്ഥൈര്യം വർധിച്ചുകൊണ്ടേയിരുന്നു. ആ പാദം അല്പം പോലും പതറുകയുണ്ടായില്ല.

യുദ്ധക്കളത്തിൽ അദ്ദേഹത്തിന് നേരെ പോർവിളിയുയർന്നു. അപ്പോഴും ആ ശാന്തചിത്തൻ കൂസാതെ വാളുപിടിച്ചു മുന്നോട്ടു നീങ്ങുന്നതുകണ്ടു. വെറും മുന്നൂറ്റിപതിമൂന്നു യോദ്ധാക്കളാണ് തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നത്. ശത്രുക്കളുടെ സംഖ്യയോ അതിന്റെ എത്രയോ ഇരട്ടിയും. എന്നിട്ടും തികഞ്ഞ ധീരതയോടെ അദ്ദേഹം അവരെ നേരിട്ടു; വിജയവൈജയന്തി പറത്തി.

മറ്റൊരിക്കൽ യുദ്ധക്കളത്തിൽ അദ്ദേഹത്തിനു പരിക്കു പറ്റി. കവിളിനു മുറിവേറ്റു. പവിത്രമായ ആ ദന്തങ്ങൾ പൊട്ടി. ഒരു കുഴിയിൽ അദ്ദേഹം വീണുപോവുകയും ചെയ്തു. എന്നിട്ടൊന്നും ആ മനക്കരുത്തിന് ഒരു ക്ഷതവുമേൽക്കുകയുണ്ടായില്ല.

മദീനക്കുനേരെയും ഉപരോധമുണ്ടായി. കൊടിയ ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും ദിവസങ്ങളുണ്ടായി. പക്ഷേ, നിരാശ ഒരവസരത്തിലും നബിയെ പിടികൂടിയില്ല. സദാ ശുഭാപ്തിവിശ്വാസിയായി അദ്ദേഹം കാണപ്പെട്ടു. കഠിനാൽ കഠിനമായ സാഹചര്യങ്ങളിലും അചഞ്ചലനായിത്തന്നെ നിലകൊണ്ടു.

അതായിരുന്നു നബിതിരുമേനി; അദ്ദേഹത്തിന്റെ സഹചാരികളുടെ സ്ഥിതിയും അതുതന്നെയായിരുന്നു. ഒട്ടേറെ മർദനങ്ങൾക്ക് അവർ വിധേയരായി. ശത്രുക്കൾ അവരെ ചാട്ടകൊണ്ട് അടിച്ചു. പരിഹസിച്ചു. അധിക്ഷേപിച്ചു. മാലിന്യങ്ങൾകൊണ്ടെറിഞ്ഞു. പൊരിയുന്ന മണലിൽ കിടത്തി. അപ്പോഴെല്ലാം തികഞ്ഞ ശക്തിയോടെ സത്യമാർഗത്തിൽ നബിയുടെ ആ സഹചാരികൾ ഉറച്ചുനിന്നു.

അവരുടെ ഏകദൈവവിശ്വാസവും ഏകദൈവാർപ്പണവും ആ സ്ഥൈര്യത്തിലൂടെ പ്രകടമായി. അവസാനത്തെ ശ്വാസം വരെ അവർ ആദർശത്തിൽ അടിയുറച്ചുനിന്നു. ജീവൻ വെടിഞ്ഞാലും ആദർശം വെടിയാത്തവർ!

ശാന്തരായിരിക്കാൻ പഠിപ്പിച്ചതുപോലെ ആദർശത്തിൽ അചഞ്ചലരായി നിലകൊള്ളാനും നബി അവരെ പഠിപ്പിച്ചിരുന്നു. ശത്രുകരങ്ങളിൽനിന്നു നബിക്കും അനുചരന്മാർക്കും ഏല്ക്കേണ്ടിവന്ന മർദനങ്ങൾ നിരവധിയാണ്. എന്നാൽ ‘മക്കാ വിജയഘട്ട’ത്തിൽ വിജയശ്രീലാളിതരായി മക്കയിൽ

പ്രവേശിച്ച അവരിൽ വിജയത്തിന്റെ യാതൊരു ലഹരിയും പ്രകടമായി ല്ല. ആ ഹൃദയങ്ങളിൽ പ്രതികാരചിന്ത ഉടലെടുത്തില്ല. പകരം നബിയുടെ ശിരസ്സ് വിനയാന്വിതമായി കുനിയുന്നതാണ് കാണാൻ കഴിഞ്ഞത്.

ഖുറൈശികൾ നിന്ന് വിറക്കുകയായിരുന്നു. ഭയങ്കരമായ അതിക്രമ ങ്ങൾ ഇവരോട് ഞങ്ങൾ ചെയ്തിട്ടുണ്ട്; എന്തായിരിക്കും ഞങ്ങൾക്ക് കിട്ടാൻ പോവുന്നത്?

അപ്പോൾ ദയാനിധിയായ നബിയുടെ നാവിൽനിന്നു മുത്തുമണികൾ പോലെ വാക്കുകൾ ഉതിർന്നുവീണു: 'നിങ്ങളോട് ഇന്ന് യാതൊരു പ്രതി കാരവുമില്ല. പോവുക, നിങ്ങളെല്ലാം സ്വതന്ത്രരാണ്. ദൈവം നിങ്ങൾക്ക് മാപ്പാക്കട്ടെ.'

തന്റെ പിതൃവ്യനെ കൊന്ന് കരൾ ചവച്ചുതുപ്പിയവരും അവരിലുണ്ടാ യിരുന്നു. അവർക്കും അദ്ദേഹം മാപ്പുനല്കി. മനുഷ്യചരിത്രത്തിൽ ഇതു പോലൊരു അനുഭവം കാണിക്കാൻ കഴിയുമോ?

ഹാ, എത്ര മഹത്തരം! എത്ര ഉദാത്തം!!

# വൃത്തി

**അ**റിവില്ലാത്ത ചിലർ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും സംബന്ധിച്ച പല തെറ്റിദ്ധാരണകളിലും അകപ്പെട്ടിരിക്കുന്നു. മുസ്‌ലിംകളിൽ വൃത്തിക്ക് ഒരു പ്രാധാന്യവുമില്ല എന്നാണ് അവരുടെ ധാരണ. ഇവരോടെല്ലാമായി ഞാൻ പറയുന്നു: പരമമായ ശുദ്ധിയെപ്പറ്റി പറയുന്ന വല്ല മതവുമുണ്ടെ ങ്കിൽ അത് ഇസ്‌ലാമാണ്. നബിതിരുമേനി കാണിച്ചുതന്ന ബാഹ്യവും ആന്ത രികവുമായ പരിശുദ്ധിയോടെ നബി(സ)യെ അനുധാവനം ചെയ്യുകയാണെ

ങ്കിൽ ഇസ്‌ലാമികലോകം ശുദ്ധിയുടെ കേദാരമായിത്തീരുന്നതാണ്.

ദിവസവും അഞ്ചുനേരം നമസ്കരിക്കൽ ഇസ്‌ലാമിൽ ഒരു നിർബന്ധ ബാധ്യതയാണ്. ശുദ്ധികൂടാതെ നമസ്കരിക്കുകയില്ല. 'ത്വഹാറാത്ത്' എന്നാണ് ഇസ്‌ലാമിക സാങ്കേതിക ശബ്ദാവലിയിൽ ശുദ്ധിക്ക് പറയുന്നത്. അത് മൂന്നു ഘടകങ്ങൾ ഉൾകൊള്ളുന്നു.

1. ശരീരശുദ്ധി 2. വസ്ത്രശുദ്ധി 3. പരിസരശുദ്ധി.

മലമൂത്ര വിസർജനത്തിനുശേഷം ശരീരം നന്നായി വൃത്തിയാക്കുവാൻ ഈ മതം കല്പിക്കുന്നു. ശൗച്യത്തിന് വെള്ളമോ കല്ലോ ഉപയോഗിക്കാവുന്നതാണ്.

വഴികൾ, ജലാശയം, പുഴയോരം, മരച്ചുവട്, ജനങ്ങൾ നടക്കുന്ന സ്ഥലം, പള്ളി, ശ്മശാനം, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ മലമൂത്ര വിസർജനം നിരോധിച്ചിട്ടുണ്ട്.

പന്നി, നായ തുടങ്ങിയ മ്ലേച്ഛ മൃഗങ്ങളുടെ കേലയോ മറ്റോ ആയ പാത്രങ്ങൾ ശരിക്കും കഴുകി വൃത്തിയാക്കണമെന്ന് ഇസ്ലാം കല്പിക്കുന്നു. രക്തമോ ചലമോ വസ്ത്രത്തിലോ ദേഹത്തിലോ ആയാൽ അവിടെ കഴുകി ശുദ്ധിയാക്കണം. ചെറിയ കുട്ടികളുടെ മൂത്രമായാൽ പോലും ശരീരവും വസ്ത്രവും കഴുകേണ്ടതാണെന്നും ഇസ്ലാം കല്പിക്കുന്നു. ഇസ്ലാം ശുദ്ധിക്ക് എത്രമാത്രം പ്രാധാന്യം നല്കിയിരിക്കുന്നു എന്ന് ഇതിൽനിന്നെല്ലാം മനസ്സിലാക്കാൻ കഴിയും.

ശരീരവും വസ്ത്രവും നമസ്കരിക്കുന്ന സ്ഥലവുമെല്ലാം ശുദ്ധിയായിരിക്കണമെന്നത് നമസ്കാരത്തിന്റെ നിബന്ധനയാണ്. നമസ്കാരത്തിന് മുമ്പായി നിർബന്ധമായും അംഗസ്നാനം നടത്തിയിരിക്കണം. കുളി ആവശ്യമാണെങ്കിൽ കുളിക്കലും നിർബന്ധമാണ്. (സ്ഖലനം, ഋതുരക്തം തുടങ്ങിയവ മൂലമുള്ള കുളിയാണ് ഉദ്ദേശ്യം). കുളിക്കുമ്പോൾ വായ് കഴുകി വൃത്തിയാക്കുകയും മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും വേണം. പിന്നീട് ദേഹം മുഴുവൻ വെള്ളമൊഴിച്ച് കഴുകേണ്ടതാണ്.

അംഗസ്നാനത്തിലും വായും നാസാദ്വാരങ്ങളും വൃത്തിയാക്കുകയും

മുഖവും കൈകാലുകളും കഴുകുകയും ചെയ്യേണ്ടതാണ്. നനച്ച കൈ കുടഞ്ഞ് തലയും കാതുകളും തടവേണ്ടതുമാണ്. അംഗസ്നാനത്തിൽ ദന്തശുദ്ധി വരുത്തണമെന്ന് ശക്തിയായി പറഞ്ഞിട്ടുണ്ട്. ദന്തശുദ്ധിക്ക് ഇസ്‌ലാമിൽ വലിയ ശ്രേഷ്ഠതയുണ്ട്.

ഓരോ ദിവസവും നമസ്കാരത്തിനുവേണ്ടി അഞ്ച് തവണ അംഗ ശുദ്ധി വരുത്തുന്നുണ്ട്. ഇനി നിങ്ങൾ തന്നെ ഊഹിക്കുക, ഇസ്‌ലാം ശുദ്ധിക്ക് എത്രമാത്രം പ്രാധാന്യം നല്കിയിട്ടുണ്ടെന്ന്.

നബി(സ) ശുദ്ധിയുടെ കാര്യത്തിൽ അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു. സർവ സ്ഥലത്തും തുപ്പിനിറക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടില്ല. പാടില്ലാത്ത സ്ഥല ങ്ങളിൽ ആരെങ്കിലും തുപ്പിയാൽ നബി തിരുമേനി സ്വയംതന്നെ അത് വൃത്തിയാക്കുമായിരുന്നു. തന്റെ താമസസ്ഥലം കണ്ണാടിപോലെ വൃത്തി യായി സൂക്ഷിച്ചിരുന്നു അദ്ദേഹം. ലളിതമെങ്കിലും വെടിപ്പുള്ളതായിരുന്നു അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ.

ശുദ്ധി സത്യവിശ്വാസത്തിന്റെ ഭാഗമാണെന്നാണ് നബി(സ) പഠിപ്പിച്ചത്.

# സ്ത്രീകൾ ഇസ്‌ലാമിൽ

**ഇ**സ്‌ലാമിനെയും മുസ്‌ലിംകളെയും സംബന്ധിച്ച മറ്റൊരു തെറ്റിദ്ധാരണ സ്ത്രീകളുടെ പേരിലാണ്.

പ്രാഗ് ഇസ്‌ലാമിക സമൂഹങ്ങളിൽ പൊതുവേ സ്ത്രീകൾ ഹീനരായാണ്

* ഇന്നും ഈ സമ്പ്രദായം നിലനില്ക്കുന്നു എന്നാണല്ലോ രാജസ്ഥാനിൽ രൂപ്കൻവർ സതിയനുഷ്ഠിച്ച സംഭവം വ്യക്തമാക്കുന്നത് - വിവ:

കണക്കാക്കപ്പെട്ടിരുന്നത്. കടുത്ത നിന്ദക്കും നാനാവിധ പീഡനങ്ങൾക്കും വിധേയരായിരുന്നു അവർ.

ഭാരതത്തിൽ, ഭർത്താവിന്റെ ചിതയിൽ അയാളുടെ ഭാര്യയെയും ജീവനോടെ ദഹിപ്പിക്കുന്ന സമ്പ്രദായം നിലനിന്നിരുന്നു.*

ചൈനയിൽ ഇരുമ്പിന്റെ ഇടുങ്ങിയ ഷൂ അവളുടെ കാലിൽ കുത്തിക്കയറ്റിയിരുന്നു.

പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടുന്ന പതിവുണ്ടായിരുന്നു അറബികൾക്കിടയിൽ.

ഈ വക അത്യാചാരങ്ങൾക്കെതിരെ ശബ്ദമുയർത്തിയ പരിഷ്കർത്താക്കൾ അടുത്ത കാലത്ത് മാത്രമാണുണ്ടായത്. എന്നാൽ, പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ അറേബ്യയിൽ നബി(സ)യെ ഒരു സ്ത്രീസമുദ്ധാരകനായി നാം കാണുന്നു. സ്ത്രീകൾ കാലമത്രയും അനുഭവിച്ചുപോന്ന പീഡനങ്ങൾക്ക് അദ്ദേഹം അറുതി വരുത്തി.

സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചു യാതൊന്നുമറിയാത്ത അറബികളിൽ സ്ത്രീകൾക്ക് അദ്ദേഹം പുരുഷന്റേതിനു തുല്യമായ പദവി നല്കി. അനന്തരാവകാശമില്ലാതിരുന്ന അവൾക്ക് അനന്തരസ്വത്തിൽ അവകാശങ്ങൾ നിർണയിച്ചുകൊടുത്തു. സ്ത്രീയുടെ അവകാശങ്ങൾ വിശദമാക്കുന്ന നിരവധി ഖുർആൻ സൂക്തങ്ങൾ അവതീർണമായിട്ടുണ്ട്.

ഇന്ന് സംസ്കാരത്തിന്റെ ദുന്ദുഭി മുഴക്കുന്ന പല രാജ്യങ്ങളിലും സ്ത്രീകൾക്ക് അനന്തരാവകാശമോ വോട്ടവകാശമോ ഇല്ല. 1928-ൽ മാത്രമാണ് ഇംഗ്ലണ്ടിൽ വനിതകൾക്ക് വോട്ടവകാശം നല്കപ്പെട്ടത്. ഭാരതത്തിൽ സ്ത്രീകൾക്ക് അനന്തരാവകാശം അനുവദിച്ചത് ഈയിടെ മാത്രമാണ്.

എന്നാൽ പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഈ അവകാശങ്ങളെല്ലാം ഇസ്ലാം സ്ത്രീകൾക്ക് നല്കുകയുണ്ടായി.

നബി(സ)യുടെ അധ്യാപനങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങളെസ്സംബന്ധിച്ച് ഊന്നിപ്പറയുന്നുണ്ട്. പ്രസ്തുത അവകാശങ്ങളെക്കുറിച്ച് അശ്രദ്ധമാവരുതെന്നും അവ നീതിപൂർവം നിർവഹിക്കണമെന്നും അദ്ദേഹം ശക്തിയായി ഉദ്ബോധിപ്പിക്കുകയും ചെയ്തു.

സ്ത്രീകളോടുള്ള പെരുമാറ്റത്തെസ്സംബന്ധിച്ച് തിരുമേനി നല്കിയ നിർദേശങ്ങൾ കാണുക:

1. ഭാര്യയെ തല്ലുന്നവൻ സൽസ്വഭാവിയല്ല.

2. ഭാര്യയോട് നല്ല നിലയിൽ വർത്തിക്കുന്നവനാണ് നിങ്ങളിൽ സർവോത്തമൻ.

3. നിങ്ങൾ സ്ത്രീകളോട് നല്ല രീതിയിൽ പെരുമാറണമെന്ന് അല്ലാഹുവിന്റെ കല്പനയുണ്ട്; എന്തെന്നാൽ, നിങ്ങളുടെ മാതാക്കളും സഹോദരിമാരും പെൺമക്കളുമാണല്ലോ അവർ.

4. സ്വർഗം മാതാവിന്റെ കാൽക്കീഴിലാണ്.

5. ഒരു മുസ്ലിം തന്റെ ഭാര്യയോട് നീരസം കാട്ടരുത്. അവളുടെ ഏതെങ്കിലും സ്വഭാവം ചീത്തയായി അനുഭവപ്പെട്ടാൽ അവളുടെ നല്ല പ്രവർത്തികളെ നോക്കി സന്തുഷ്ടരാവുക.

6. ഭാര്യയോട്, അടിമകളോടെന്നപോലെ വർത്തിക്കരുത്. അവരെ പ്രഹരിക്കുകയും അരുത്.

7. നിങ്ങൾ ഭക്ഷിക്കുകയാണെങ്കിൽ അവരെയും ഭക്ഷിപ്പിക്കുക. നിങ്ങൾ ഉടുക്കുമ്പോൾ അവരെയും ഉടുപ്പിക്കുക.

8. ഭാര്യയെ അധിക്ഷേപിക്കരുത്. അവളുടെ രഹസ്യം വെളിപ്പെടുത്തരുത്.

ഈ അവകാശങ്ങളെല്ലാം നല്കി ഇസ്ലാം സ്ത്രീയെ വെറുതേ വിടുകയല്ല ചെയ്തത്; അവൾക്ക് ചില ബാധ്യതകളും അത് നിശ്ചയിച്ചുകൊടുത്തിട്ടുണ്ട്.

1. ഭർത്താവിന്റെ മുമ്പിൽ സന്തോഷവതിയായി നില്ക്കുക. അദ്ദേഹത്തിന്റെ കല്പനകൾ അനുസരിക്കുക. ഭർത്താവിന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ സ്വത്തും തന്റെ ചാരിത്ര്യവും കാത്തുസൂക്ഷിക്കുക.

2. ഗുണവതിയായ ഭാര്യ വിലമതിക്കാനാവാത്ത സമ്പത്താണ്.

3. നമസ്കാരം മുറക്ക് അനുഷ്ഠിക്കുകയും റമദാനിൽ നോമ്പ് നോൽക്കുകയും ഭർത്താവിനെ അനുസരിക്കുകയും ചാരിത്ര്യം സൂക്ഷിക്കുകയും ചെയ്യുന്ന സ്ത്രീക്ക് ഏത് മാർഗത്തിലൂടെ വേണമെങ്കിലും സ്വർഗത്തിൽ പ്രവേശിക്കാം.

4. ലോകത്തെ സമസ്ത സമ്പത്തിനെക്കാളും വിലപ്പെട്ടതാണ് പതിവ്രതയായ ഭാര്യ.

ഇങ്ങനെ നബി തിരുമേനി സ്ത്രീക്ക് അവളുടെ അവകാശങ്ങൾ നല്കുകയും ബാധ്യതകളെക്കുറിച്ച് അവളെ ബോധ്യപ്പെടുത്തുകയും ചെയ്തു.

ചോദിക്കാം: സ്ത്രീക്ക് ഇത്രയൊക്കെ അവകാശങ്ങൾ നല്കുന്ന ഇസ്ലാം ബഹുഭാര്യത്വം അനുവദിച്ചതെന്തുകൊണ്ട്? സ്ത്രീകളോടുള്ള അനീതിയല്ലേ അത്?

ഇവിടെ ചരിത്രവും മനുഷ്യപ്രകൃതിയും ജീവിതത്തിന്റെ പ്രായോഗിക പ്രശ്നങ്ങളും നാം മുമ്പിൽ കാണുന്നു.

ദശരഥമഹാരാജാവിന് നിരവധി ഭാര്യമാരുണ്ടായിരുന്നു. രുഗ്മിണി, സത്യഭാമ, രാധ തുടങ്ങിയ എണ്ണമറ്റ ഗോപസ്ത്രീകളുടെ നടുവിലായിരുന്നല്ലോ ശ്രീകൃഷ്ണൻ. മുരുകനെപ്പോലുള്ള ദേവന്മാർ ജീവിച്ചത് മനംകക്കുന്ന സുന്ദരിമാരുടെ കൂടെയായിരുന്നു. ഇത് പുരാണങ്ങളുടെ കഥ. ചരിത്രവും ഇതിൽനിന്ന് ഭിന്നമല്ല. മഹാൻമാരായ പല രാജാക്കൻമാരും ഒന്നിലേറെ പത്നിമാരെ വച്ചിരുന്നവരാണ്.

തമിഴ്നാട്ടിലെ കട്ടബൊമ്മന്ന് എത്ര പത്നിമാരുണ്ടായിരുന്നു?

ഇന്നും ചില രാഷ്ട്രീയനേതാക്കൻമാർ ഒന്നിൽ കൂടുതൽ ഭാര്യമാരുള്ളവരാണ്.

പ്രാഗ് ഇസ്ലാമിക സമൂഹങ്ങളിൽ ഭാര്യമാരുടെ എണ്ണത്തിന്നു ഒരു പരിധിയുണ്ടായിരുന്നില്ല. പുരുഷന്റെ പ്രകൃതിയും ജീവിതത്തിന്റെ പ്രായോഗികാവശ്യങ്ങളും കണക്കിലെടുത്ത് നബി(സ) അത് നാലിൽ പരിമിതപ്പെടുത്തുകയാണ് ചെയ്തത്.

ഇസ്ലാമിനുമുമ്പ് അറബികൾക്കിടയിൽ വിവാഹത്തിനു ഒരു വ്യവസ്ഥയുണ്ടായിരുന്നില്ല. പത്നിമാരെയും വെപ്പാട്ടികളെയും കൂട്ടമായി വെച്ചു പൊറുപ്പിക്കുന്ന പതിവുണ്ടായിരുന്നു. വിവാഹമോചനത്തിനുമുണ്ടായിരുന്നില്ല ഒരു വ്യവസ്ഥ. ആർക്ക് എപ്പോൾ വേണമെങ്കിലും വിവാഹമോചനം നടത്താം. ഈ അവസ്ഥ നന്നാക്കിയെടുക്കാൻ ദൈവകല്പനകൾ വന്നു. ഭാര്യമാരുടെ എണ്ണത്തിന്റെ മര്യാദകളും വ്യവസ്ഥകളും നിശ്ചയിച്ചുകൊടുത്തു. ഖുർആൻ പറയുന്നു:

"അനാഥക്കുട്ടികളുടെ കാര്യത്തിൽ നീതിപാലിക്കാനാവുകയില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ നിങ്ങൾക്ക് നന്നായിത്തോന്നുന്ന സ്ത്രീകളെ രണ്ട് വീതമോ മൂന്നുവീതമോ നാലുവീതമോ നിങ്ങൾ വിവാഹം ചെയ്യുക. (അവർക്കിടയിലും) നീതി പുലർത്താൻ കഴിയുകയില്ലെന്ന ഭയമുണ്ടെങ്കിൽ ഒരു സ്ത്രീയെ മാത്രമേ വിവാഹം ചെയ്യാവൂ."

ഈ നിർദേശത്തിൽ അന്തർഭവിച്ച തത്ത്വങ്ങൾ ശ്രദ്ധാർഹമാണ്. നീതിയോടും സത്യസന്ധതയോടും കൂടി മാത്രമേ ഭാര്യയോട് പെരുമാറാവൂ.

ഒന്നുകിൽ കൂടുതൽ ഭാര്യമാരെ സ്വീകരിക്കാം. എന്നാലവരോടെല്ലാം നീതി പുലർത്തണം. നീതിപുലർത്താൻ കഴിയുന്നില്ലെങ്കിൽ ഒറ്റ ഭാര്യയെക്കൊണ്ട്തന്നെ തൃപ്തിപ്പെട്ടുകൊള്ളണം.

പുരുഷന് ഏതവസരത്തിലും ലൈംഗികാസക്തിയുണ്ടാവും. ഏത് പരിതഃസ്ഥിതിയിലും എപ്പോഴും ലൈംഗികവൃത്തിക്ക് യോഗ്യമായ പ്രകൃതിയാണവന്റേത്. എന്നാൽ സ്ത്രീകളുടെ സ്ഥിതി ഇതിൽനിന്ന് വ്യത്യസ്തമാണ്.

ആർത്തവസമയത്തും ഗർഭിണിയായിരിക്കുന്ന സമയത്തും പ്രസവാനന്തരം ഏതാനും ദിവസങ്ങളിലും അവർക്ക് ഭർത്താവുമായി സംസർഗം നടത്താൻ കഴിയുകയില്ല.

എല്ലാ പുരുഷന്മാർക്കും സഹനത്തിനും വികാരസംയമനത്തിനും കഴി

യുമെന്ന ധാരണ ശരിയല്ല. ഭർത്താവിന്റെ ദാഹശമനത്തിന് ഭാര്യ അയോഗ്യയായിരിക്കുന്ന കാലമത്രയും സഹനം കൈക്കൊള്ളാൻ അദ്ദേഹത്തിന് കഴിഞ്ഞുകൊള്ളണമെന്നില്ല. അപ്പോൾ ഇതിനൊരു മാർഗം ആവശ്യമാണ്. നിഷിദ്ധമായ മാർഗം സ്വീകരിക്കാൻ അദ്ദേഹത്തെ നിർബന്ധിക്കുംവിധം ഇടുക്കമുണ്ടാക്കുന്നത് ശരിയല്ല. ഭാര്യ ഒന്നേ അവന്നുള്ളൂവെങ്കിലും പരിചയമുള്ള പെണ്ണുങ്ങൾ പലരുമുണ്ടല്ലോ. ഇങ്ങനെ സമൂഹത്തിലുണ്ടാവുന്ന ദുർഗന്ധവും ധാർമികത്തകർച്ചയും നമുക്ക് ഊഹിക്കുക.

ഇസ്‌ലാം പക്ഷേ, അതിന്നിട നല്കിയിട്ടില്ല. വ്യഭിചാരത്തെ കർശനമായി അത് തടഞ്ഞിട്ടുണ്ട്. ബഹുഭാര്യത്വത്തിന് നിയമപരമായ അനുമതി നല്കുകയും ചെയ്തിരിക്കുന്നു. അവിടെയാണ് ഇസ്‌ലാമിന്റെ യുക്തി.

ചില നിബന്ധനകളോടെ ബഹുഭാര്യത്വത്തിന് അനുമതി നല്കി. യഥാർഥത്തിൽ ഇസ്‌ലാം സ്ത്രീയുടെയും പുരുഷന്റെയും ശരീര പ്രകൃതിയും മാനസികാവസ്ഥയും പ്രായോഗികാവശ്യങ്ങളും മാനിക്കുകയാണ് ചെയ്തത്. ഇസ്‌ലാം ഒരു യഥാർഥ ശാസ്ത്രീയമതമായി പ്രത്യക്ഷപ്പെടുന്നത് നാം കാണുന്നു.

# ഇസ്‌ലാം പ്രചരിച്ചത് വാൾകൊണ്ടോ?

**ഇ**സ്‌ലാം പ്രചരിച്ചത് വാളിന്റെ ബലംകൊണ്ടാണെന്ന വാദം അബദ്ധജടിലമാണ്. തീർത്തും തെറ്റിദ്ധാരണയിൽ നിന്നുടലെടുത്തതാണ് ഈ വാദം. വരൂ, ഈ വശം കൂടി നമുക്കൊന്ന് വിശകലനം ചെയ്തുനോക്കാം.

ക്രിസ്തുമതത്തിന്റെയും ഇസ്‌ലാമിന്റെയും പ്രചാരണം ആരംഭത്തിൽ നിശ്ശബ്ദ പ്രബോധനത്തിലൂടെയായിരുന്നു.

യേശുക്രിസ്തുവിനുശേഷം അദ്ദേഹത്തിന്റെ ശിഷ്യൻമാർ ക്രിസ്തു മതത്തിന്റെ പ്രചാരകൻമാരായി.

എന്നാൽ, ഇസ്‌ലാമിന്റെ പ്രബോധനം കുറച്ച് കാലമേ നിശ്ശബ്ദമായി നടന്നുള്ളൂ. പിന്നീട് പരസ്യമായിത്തന്നെ പ്രബോധനം നടത്താനുള്ള ദൈവാജ്ഞയുണ്ടായി.

ഇസ്‌ലാമിൽ ബലാൽക്കാരമില്ല. ''ദീനിന്റെ കാര്യത്തിൽ ബലപ്രയോഗം പാടില്ല'' എന്ന് ഖുർആൻ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. ചോദിക്കാം: സംഗതി അതാണെങ്കിൽ നബി(സ) എന്തിനാണ് യുദ്ധം ചെയ്തത്? എങ്ങനെ അദ്ദേഹത്തിന് വാളെടുക്കേണ്ടിവന്നു? നബി(സ) ചെയ്ത യുദ്ധങ്ങൾ അക്രമപരമായിരുന്നില്ല എന്നതാണ് പരമാർഥം. പ്രതിരോധത്തിനുവേണ്ടിയാണ് അദ്ദേഹം രണം ചെയ്തത്. നബി(സ)ക്ക് അഭയം നല്കിയ മദീനയിലെ ഇസ്‌ലാമിക ഭരണകൂടത്തെ നശിപ്പിച്ചുകളയാനുള്ള പദ്ധതിയുമായി മക്കക്കാർ മദീനയിലേക്ക് പുറപ്പെട്ടപ്പോൾ, ഇസ്‌ലാമിക വ്യവസ്ഥക്ക് അന്ത്യംകുറിക്കാൻ വേണ്ടി ഖുറൈശികൾ അക്രമാസക്തരായി മുന്നേറിയപ്പോൾ നബിക്ക് അവരോട് യുദ്ധം ചെയ്യേണ്ടിവരുകയാണുണ്ടായത്.

പില്ക്കാല ചരിത്രത്തിൽ മുസ്‌ലിം ഭരണാധികാരികൾ നടത്തിയ യുദ്ധങ്ങൾക്ക് ഇസ്‌ലാമുമായി ബന്ധമില്ല.

ഹിന്ദുവായ രാജരാജനും രാജേന്ദ്രനും ജാവയിലും സുമാത്രയിലും പടയോട്ടം നടത്തി. അവിടങ്ങളിലിന്നും ഹൈന്ദവ സംസ്കാരത്തിന്റെ സ്വാധീനം ദൃശ്യമാണ്. എന്നുവച്ച്, രാജേന്ദ്രൻമാർ ഹിന്ദുമതം പ്രചരിപ്പിക്കാൻ വേണ്ടിയാണ് യുദ്ധം ചെയ്തതെന്നു പറയാമോ?

യൂറോപ്പിലെ ക്രൈസ്തവർ യുദ്ധം നടത്തി പൗരസ്ത്യ ദേശങ്ങളിൽ തങ്ങളുടെ സാമ്രാജ്യം പണിതു. ആ രാജ്യങ്ങളിൽ ക്രിസ്തുമതം തഴച്ചുവളർന്നു. അതുകൊണ്ട് അവിടങ്ങളിൽ ക്രിസ്തുമതം വാളിന്റെ ശക്തികൊണ്ട് പ്രചരിച്ചതാണെന്ന് പറയാൻ കഴിയുമോ?

യുദ്ധം പലപ്പോഴും രാജ്യങ്ങൾ കീഴടക്കാൻ വേണ്ടിയാണ് നടത്തപ്പെടുന്നത്. പിന്നീട് ഏത് സമൂഹമാണോ രാജ്യം വാഴുന്നത് അവരെ അന്നാട്ടിലെ പൊതുജനം അനുകരിക്കാൻ തുടങ്ങുന്നു; ഇവരുടെ മതം കൈക്കൊള്ളുന്നു. ഭാരതത്തിൽ ബുദ്ധമതക്കാർ അധികാരം വാണകാലത്ത് ആ മതത്തിന് പ്രചാരമുണ്ടായി. ആധിപത്യം ശൈവർക്കായിരുന്നപ്പോൾ ശൈവമതത്തിനായിരുന്നു പൊതു സ്വീകാര്യത. വൈഷ്ണവ വാഴ്ചക്കാലത്ത്

വൈഷ്ണവമതത്തിന് പ്രചുരമായ പ്രചാരമുണ്ടായി. "യഥാരാജ തഥാ പ്രജ" എന്ന ന്യായമാണ് ഇവിടെയെല്ലാം സംഭവിച്ചത്. അല്ലാതെ ഈ ഭരണാധികാരികൾക്ക് മതം പ്രചരിപ്പിക്കുന്നതിൽ താൽപര്യം കാട്ടുകയോ തദാവശ്യാർഥം യുദ്ധം ചെയ്യുകയോ ഉണ്ടായിട്ടില്ല.

ഇസ്‌ലാം സ്വീകരിക്കാൻ വിസമ്മതം കാട്ടിയ ഒരാൾ, ഇസ്‌ലാംമതം സ്വീകരിച്ചില്ല എന്ന ഒറ്റക്കാരണത്താൽ എവിടെയും വധിക്കപ്പെട്ടിട്ടില്ല.

എന്നാൽ മതത്തിന്റെ പേരിൽ നീണ്ടൊരു കാലം കത്തോലിക്കർക്കും പ്രൊട്ടസ്റ്റന്റുകാർക്കുമിടയിൽ വ്യാപകമായ തോതിൽ കൊല്ലും കൊലയും നടന്നിട്ടുണ്ട്. അകലേക്കെന്തിനു പോവണം? തമിഴ്നാട്ടിലെ ചരിത്രം നോക്കുക. മധുരയിൽ ജ്ഞാനസമുദ്രന്റെ കാലത്ത് എണ്ണായിരം ചമണരെ മതത്തിന്റെ പേരിൽ കഴുവിലേറ്റുകയുണ്ടായി. ഇതാണ് നമ്മുടെ ചരിത്രം.

അറേബ്യയിൽ നബി(സ)യുടെ ഭരണകാലത്ത് ജൂതന്മാരും ക്രിസ്ത്യാനികളും നിവസിച്ചിരുന്നു. എങ്കിലും അവർക്ക് അവരുടെ മതത്തിനൊത്ത് ജീവിക്കുന്നതിന് ഒരു തടസ്സവുമുണ്ടായിരുന്നില്ല.

ഇന്ത്യയിൽ മുസ്‌ലിം ഭരണകാലത്ത് ഹിന്ദുമതം സ്വീകരിക്കുന്നതിനും

അതനുസരിച്ചു നടക്കുന്നതിനും പരിപൂർണ അനുവാദമുണ്ടായിരുന്നു. ഈ ഭരണാധികാരികൾ ക്ഷേത്രങ്ങൾ സംരക്ഷിച്ചിരുന്നുവെന്നും അവയുടെ മേൽനോട്ടം നടത്തുകപോലും ചെയ്തിരുന്നുവെന്നും ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

ഇസ്‌ലാംമതം പ്രചരിപ്പിക്കാനായിരുന്നു മുസ്‌ലിംകളുടെ പടയോട്ടമെങ്കിൽ ഡൽഹിയിലെ മുസ്‌ലിം ഭരണത്തിന്നെതിരെ ഒരു മുസ്‌ലിമായ ബാബർ ഒരിക്കലും സൈന്യത്തെ നയിക്കുമായിരുന്നില്ല. രാജ്യം കീഴടക്കൽ അക്കാലത്തെ അംഗീകൃത രാജധർമമായിരുന്നു. നാടുകീഴടക്കുന്നതിനു ഇസ്‌ലാമുമായി ഒരു ബന്ധവുമില്ല. ഇസ്‌ലാംമത പ്രചാരണാർഥം ഒട്ടനവധി പണ്ഡിതന്മാരും സൂഫികളും ഇന്ത്യയിൽ വന്നിട്ടുണ്ട്. അവർ മുഖേനയാണ് ഇവിടെ ഇസ്‌ലാം മതത്തിന്റെ വേരോടിയത്. മുസ്‌ലിം ഭരണാധികാരികളുമായി അവർക്ക് ബന്ധമുണ്ടായിരുന്നില്ല. നാഗൂറിലെ ഷാഹ് അബ്ദുൽ ഹമീദും അജ്മീറിലെ മുഈനുദ്ദീൻ ചിശ്തിയുമെല്ലാം ഇതിന്നുദാഹരണമാണ്.

ഇസ്‌ലാമിലെ സിദ്ധാന്തങ്ങൾക്കും അധ്യാപനങ്ങൾക്കും അസാമാന്യമായ ഒരു ശക്തിവിശേഷമുണ്ട്. ജനഹൃദയങ്ങൾ സ്വയം അതിലേക്ക് ആകർഷിക്കപ്പെടുന്നത് ഈ ശക്തിമൂലമാണ്. ഇങ്ങനെയുള്ള ഒരു മതത്തിന് അതിന്റെ പ്രചാരണത്തിനായി വാളെടുക്കേണ്ട ആവശ്യമെന്ത്?

# കമ്യൂണിസത്തെക്കാൾ ഉത്തമം

**മു**തലാളിത്തത്തിന്റെ നട്ടെല്ലൊടിക്കാൻ പോന്ന വ്യവസ്ഥിതികൾ രണ്ടെണ്ണമാണുള്ളത്– കമ്യൂണിസവും ഇസ്‌ലാമും.

നമ്മുടെ കമ്യൂണിസ്റ്റുകാരിൽ കുറച്ചുപേർ മാത്രമേ ‘മൂലധനം’ ഗൗരവ

ത്തോടെ വായിച്ചവരായുള്ളൂ. മാർക്സിനു മിച്ചമൂല്യസിദ്ധാന്തം എന്ന പേരിൽ ഒരു തിയറിയുണ്ട്. ഈ തത്ത്വത്തെ വിശദമാക്കാൻ വേണ്ടിയാണ് മൂന്ന് വാല്യങ്ങൾ അദ്ദേഹം എഴുതിയത്.

കമ്യൂണിസത്തിന്റെ വാദം ഇതാണ്: മുതലാളി മുതലിറക്കുന്നു. തൊഴിലാളി തന്റെ അധ്വാനം വഴി അതിൽ ലാഭമുണ്ടാക്കുന്നു. ഈ ലാഭം യഥാർഥ മൂലധനത്തെക്കാൾ അധികമായിരിക്കും. ഈ അധികവരുമാനം കൊണ്ട് പുതിയൊരു വ്യവസായം ആരംഭിച്ച് മുതലാളി ജനങ്ങളെ ചൂഷണം ചെയ്യുന്നു. ഈ വാദം അവതരിപ്പിച്ചശേഷം കമ്യൂണിസം കുറേക്കൂടി മുമ്പോട്ടു നീങ്ങി, മുതലാളിത്തത്തിന്റെ യഥാർഥ ശക്തിയായ മിച്ചമൂല്യത്തെ ഇല്ലായ്മ ചെയ്യാൻ ദൃഢനിശ്ചയം ചെയ്യുന്നു. മുതലാളിത്തത്തെ ഉൻമൂലനം ചെയ്ത് എല്ലാ ഉൽപാദനോപാധികളും ദേശസാൽക്കരിക്കണമെന്ന് അത് സിദ്ധാന്തിക്കുന്നു.

ഇങ്ങനെ ദേശസാൽക്കരണം നടത്തിയിട്ട് എന്ത് പ്രശ്നമാണ് പരിഹരിക്കാൻ കഴിയുക എന്നത് ചിന്തനീയമാണ്. ദേശസാൽകൃത വ്യവസായത്തിലും മിച്ചമൂല്യമുണ്ടാകും; ലാഭവുമുണ്ടാകും. ഈ ലാഭം എന്തു ചെയ്യുന്നു എന്നതാണ് ചോദ്യം. ഇന്ന് പ്രയോഗത്തിൽ അതെന്താണ് ചെയ്യുന്നത് എന്നും നോക്കേണ്ടതുണ്ട്.

ആദ്യമായി വ്യവസായങ്ങളെ ദേശസാൽക്കരിക്കുന്നു. കിട്ടുന്ന ലാഭത്തിൽനിന്നും ഒരംശം തൊഴിലാളിക്ക് നല്കുന്നു. ബാക്കിയുള്ള പൊതുജനങ്ങൾക്കാകട്ടെ അതിൽനിന്ന് ഒന്നും ലഭിക്കുന്നില്ല.

ഏതെങ്കിലും വ്യവസായത്തിന്റെ ലാഭവിഹിതം അതിൽ ജോലിയെടുക്കുന്ന തൊഴിലാളിക്ക് മാത്രം ലഭിക്കുക, ഇതര വ്യവസായശാലകളിൽ ജോലി ചെയ്യുന്നവർക്കോ രാജ്യത്തെ പാവപ്പെട്ടവർക്കോ അതിൽനിന്ന് യാതൊരംശവും കിട്ടാതിരിക്കുകയും ചെയ്യുക- ദേശസാൽക്കരണത്തിന്റെ ഉദ്ദേശ്യം ഇതാവരുതായിരുന്നു. ലാഭം സമൂഹത്തിലെ മുഴുവൻ വ്യക്തികൾക്കിടയിലും വിതരണം ചെയ്യപ്പെടണം.

കമ്യൂണിസ്റ്റ് ഭരണകൂടം നിയമത്തിന്റെ ശക്തിയാൽ ലാഭം പിടിച്ചെടുത്ത് മറ്റുള്ളവർക്ക് നല്കുകയാണ് ചെയ്യുന്നത്. അതിനു വിപരീതമായി ഇസ്ലാം ചെയ്യുന്നത് മിച്ചമൂല്യത്തെ മറ്റുള്ളവർക്കുവേണ്ടി വ്യയംചെയ്യാൻ പ്രോൽസാഹിപ്പിക്കുകയും ശക്തിയായി ഉദ്ബോധിപ്പിക്കുകയുമാണ്. ഇവിടെ യഥാർഥ പ്രചോദനം ഭരണകൂടത്തിന്റെ ബലാൽക്കാരമല്ല; വിശ്വാസത്തിന്റെ ബലമാണ്.

കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ വ്യവസായങ്ങൾ ദേശസാൽക്കരിച്ചിട്ടുണ്ട്. ലാഭത്തിന്റെ വിതരണത്തിന്നു എന്തെല്ലാം വ്യവസ്ഥകളുണ്ടോ അതെല്ലാം അവിടെയുണ്ട്. എന്നാൽ വ്യക്തികളുടെ ഉടമയിലുള്ള വരുമാനവർധനവിന്റെ അംശം വിതരണം ചെയ്യുന്നതിന് ഒരു വ്യവസ്ഥയും അവിടെയില്ല. ഇസ്‌ലാമിൽ വ്യക്തികളുടെ വരുമാനത്തിന്റെ മിച്ചമൂല്യത്തെയും മറ്റുള്ളവർക്കുവേണ്ടി വ്യയംചെയ്യാൻ നിർദേശമുണ്ട്. മിച്ചമൂല്യത്തിന്റെ ഒരുവിഹിതം നല്ല കാര്യങ്ങൾക്കായി വ്യയം ചെയ്യുന്നതിന് 'സകാത്ത്' എന്നാണ് പറയുന്നത്. അറബി ഭാഷയിൽ സംസ്കരണം, പരിശുദ്ധി എന്നൊക്കെയാണ് സകാത്ത് എന്ന പദത്തിനർഥം. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ സമ്പത്ത് മുഴുവൻ അവിശുദ്ധമായിപ്പോവും. ഇത്ര ഉന്നതമായ ഒരധ്യാപനം ലോകത്ത് ഇസ്‌ലാം മാത്രമേ നല്കുന്നുള്ളൂ.

ഇവിടെയിങ്ങനെയൊരു തടസ്സവാദമുന്നയിക്കാനിടയുണ്ട്. തന്റെ ധനത്തിൽനിന്ന് നൻമക്കുവേണ്ടി ഒരംശം ചെലവഴിക്കണമെന്നത് മതത്തിന്റെ ഒരു നിർദേശം മാത്രമല്ലേ? ഒരാൾ അതനുസരിക്കുന്നില്ലെങ്കിൽ എന്തു ചെയ്യും? അതിനുള്ള മറുപടി ചരിത്രത്തിലുണ്ട്. സകാത്ത് നിഷേധികൾക്കെതിരിൽ പ്രഥമ ഖലീഫ അബൂബക്ർ(റ) വാളെടുക്കുകയുണ്ടായി. സകാത്ത് കൊടുക്കാൻ വിസമ്മതിച്ചവർ പ്രത്യക്ഷത്തിൽ മുസ്‌ലിംകളും ഇസ്‌ലാമിനെ പിൻപറ്റുന്നവരുമായിരുന്നു. നബി(സ)യിൽ വിശ്വസിക്കുകയും നമസ്കരിക്കുകയും ചെയ്യുന്നവർക്കെതിരിലായിരുന്നു ഈ പോരാട്ടം. കാരണം, അത്രയ്ക്കും ഗുരുതരമായ ഒരു കുറ്റമാണ് അവർ ചെയ്തത്. ദൈവവിശ്വാസത്തിന് ശേഷം ഖുർആൻ ഏറ്റവുമധികം ഊന്നൽ നല്കുന്ന ഒന്നാണ് സകാത്ത് -അതായത് തന്റെ ധനത്തിൽനിന്ന് ഒരു വിഹിതമെടുത്ത് തന്റെ ദുർബലരായ സഹോദരങ്ങളെ സഹായിക്കുക. ഇവിടെ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. വ്യക്തികൾ തങ്ങളുടെ സ്വകാര്യ വരുമാനത്തിൽനിന്നും മറ്റുള്ളവർക്ക് വേണ്ടി ചെലവഴിക്കേണ്ടതാണ്. കമ്യൂണിസം പഠിപ്പിക്കാത്ത ഒന്നാണിത്. എന്നാൽ ഇസ്‌ലാം ഇക്കാര്യം ശക്തിയായി ആവശ്യപ്പെടുന്നുണ്ട്. ഇങ്ങനെ ചെലവഴിക്കുന്നില്ലെങ്കിൽ ഇസ്‌ലാമിന്റെ ഖഡ്ഗം അവന്നെതിരെ ഉയരുന്നതായിരിക്കും.

ഇസ്‌ലാം കമ്യൂണിസത്തെക്കാൾ ഉന്നതവും ഉത്തമവുമാണ്. സാധാരണമായി മുതലാളി ചിന്തിക്കുന്നതിതാണ്: 'തന്റെ സമ്പത്ത് തന്റെ സുഖത്തിനും ഐശ്വര്യത്തിനും വേണ്ടിയാണ്. അതു മറ്റുള്ളവർക്കുവേണ്ടി ചെലവഴിക്കുകയെന്നാൽ സ്വയം ദാരിദ്ര്യം വിളിച്ചുവരുത്തുകയാണ്.' ഈ ആശങ്ക സാധാരണ എല്ലാ മനുഷ്യർക്കുമുള്ളതാണ്. ഇസ്‌ലാം ആദ്യമായി ഈ ആശ

ങ്കയെ വേരോടെ പിഴുതെറിയുന്നു. ഖുർആൻ സ്പഷ്ടമായി പ്രഖ്യാപി ക്കുന്നു: ചെലവഴിക്കുന്നതുമൂലം ഞെരുക്കമുണ്ടാവുകിയല്ല; ആശ്വാസമേ ഉണ്ടാവൂ.

'ദാരിദ്ര്യത്തെക്കുറിച്ച് പറഞ്ഞ് പിശാച് നിങ്ങളെ പേടിപ്പിക്കുകയും നീച കൃത്യങ്ങൾക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യും. അല്ലാഹുവാകട്ടെ, നിങ്ങൾക്ക് പാപം പൊറുത്തുതരാമെന്നും നിങ്ങളോട് കൂടുതൽ ഔദാര്യം കാണിക്കാമെന്നുമാണ് വാഗ്ദാനം ചെയ്യുന്നത്. അല്ലാഹു വളരെ വിശാ ലതയുള്ളവനാണ്.'

എന്താണ് ലുബ്ധ്? തന്റെയും തന്റെ കുടുംബത്തിന്റെയും മറ്റുള്ളവ രുടെയും ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നതിന് പകരം പണം കുന്നു കൂട്ടി വെക്കുക.

തമിഴ് സിനിമാ ലോകത്ത് വിഖ്യാതനായ ഒരു കഥാപാത്രമുണ്ട്; അറു പിശുക്കനാണ്. അയാളുടെ മകന് കാലിൽ പരിക്കു പറ്റുന്നു. അതിന്റെ ചികി ത്സാർഥം പണം ചെലവ് ചെയ്യാൻ അയാളുടെ പിശുക്ക് അനുവദിക്കുന്നി ല്ല. അങ്ങനെ മകൻ മരണപ്പെടുന്നു. ഇതാണ് പിശുക്കിന്റെ അനന്തരഫലം. ഇത്തരത്തിലുള്ള ലുബ്ധിനെ ഇസ്ലാം ശക്തിയായെതിർത്തിട്ടുണ്ട്.

ഇസ്ലാം വ്യയം ചെയ്യാനുള്ള അധ്യാപനങ്ങൾ നല്കുക മാത്രമല്ല ചെയ്തത്. അതോടൊപ്പം ചെലവഴിക്കുന്നതിന്റെ മര്യാദകളും പഠിപ്പിച്ചിട്ടു ണ്ട്. ചിലർ താൻ ചെയ്ത നന്മ എടുത്തുപറയാൻ വേണ്ടിയാണ് ചെലവഴി ക്കുന്നത്. വേറെ ചിലർ പ്രസിദ്ധിക്ക് വേണ്ടി. ഇങ്ങനെയുള്ള തെറ്റായ പ്രചോ ദനങ്ങളെ ഇസ്ലാം വിലക്കുകയും ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നു. ധന വ്യയം ഒരു മതബധ്യതയാണെന്നും നമസ്കാരം കഴിഞ്ഞാൽ ഇസ്ലാമിന്റെ ഏറ്റവും വലിയ സ്തംഭം അതാണെന്നും ഇസ്ലാം പറയുന്നു. അല്ലാഹു വിന്റെ പ്രീതി സമ്പാദിക്കുക എന്നല്ലാതെ ധനവ്യയത്തിനു മറ്റൊരു ഉദ്ദേശ്യ വുമുണ്ടായിരിക്കരുത്. ഇതു ഖുർആന്റെ ശക്തിയായ ശാസനയാണ്. ട്യൂബ്ലൈറ്റ് സംഭാവന നല്കുകയും അതിൻമേൽ സംഭാവന ചെയ്ത ആളുടെ പേർ വെളിച്ചം പുറത്തുവരുന്നതു തടയും വിധം വലിയ അക്ഷര ങ്ങളിൽ എഴുതിവെക്കുകയും ചെയ്തതായി ചില നഗരങ്ങളിൽ എനിക്ക് കാണാൻ കഴിഞ്ഞു. ഇത്തരത്തിലുള്ള ധനവ്യയം തെറ്റ് മാത്രമല്ല, എല്ലാ നൻമകളെയും നിഷ്ഫലമാക്കുന്നവ കൂടിയാണെന്ന് ഇസ്ലാം പറയുന്നു. ചില ആളുകൾ മറ്റുള്ളവർക്ക് സാമ്പത്തികവും മറ്റു രൂപത്തിലുള്ളതുമായ സഹായങ്ങൾ നല്കും. എന്നാൽ നല്കപ്പെട്ടവന്റെ മനസ്സ് നൊമ്പരപ്പെടും വിധം താൻ ചെയ്ത നല്ല കാര്യത്തെക്കുറിച്ച് അയാൾ കൂടക്കൂടെ എടു

ത്തുപറഞ്ഞുകൊണ്ടിരിക്കും. ഇതുപോലുള്ള എല്ലാ നടപടികളെയും ഇസ്ലാം വിലക്കിയിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ പറയുന്നു:

"ഒരു നല്ല വാക്കു പറയുന്നതും മാപ്പു ചെയ്തുകൊടുക്കുന്നതുമാണ് ദാനം ചെയ്ത് വേദനിപ്പിക്കുന്ന വാക്കുകൾ പറയുന്നതിനേക്കാൾ ഉത്തമം."

വിനോബ ഭാവെ ഭൂദാനപ്രസ്ഥാനം നടത്തിയപ്പോൾ നല്ല ഭൂമി ദാനം ചെയ്ത ചിലരുണ്ടായിരുന്നു. എന്നാൽ പലരും പാറ നിറഞ്ഞതും തരിശുമായ നിലങ്ങളാണ് ദാനം ചെയ്തത്.

വീട്ടിലെ പഴകി ജീർണിച്ച വസ്ത്രങ്ങൾ, കേടുവന്ന ആഹാരപദാർഥങ്ങൾ, പൊട്ടിപ്പൊളിഞ്ഞ സാധനങ്ങൾ തുടങ്ങിയവ ദാനം ചെയ്യുന്ന ഉദാരമതികളും ലോകത്തുണ്ട്. കീറിയ നോട്ടുകളും ചീത്തയായ സാധനങ്ങളും ദാനം ചെയ്യുന്നവരുമുണ്ട്. എന്നാൽ തന്റെ കൈവശമുള്ള ഏറ്റവും നല്ല വസ്തുക്കൾ ദാനം ചെയ്യണമെന്ന് ഇസ്ലാം പഠിപ്പിക്കുന്നു. തനിക്കിഷ്ടപ്പെട്ട വസ്ത്രം, തനിക്ക് പ്രിയമുള്ള ആഹാരം, തനിക്ക് ആഗ്രഹമുള്ള സമ്പത്ത് ഇവയെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കണമെന്ന് ഖുർആൻ കല്പിക്കുന്നു. നിങ്ങളുടെ സമ്പാദ്യത്തിലുള്ള നല്ല സാധനങ്ങൾ നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവിടുക- അതാണ് ഇസ്ലാമിന്റെ ആജ്ഞ.

ധനമോ ഭക്ഷണമോ വസ്ത്രമോ നല്കി നിങ്ങൾ മറ്റുള്ളവരെ സഹായിക്കുന്നുവെങ്കിൽ അത് ഗുപ്തമാക്കിവെക്കുന്നതാണ് ഇസ്ലാം ഉത്തമമായി കാണുന്നത്. എന്നാൽ ആവശ്യമായ സന്ദർഭങ്ങളിൽ പരസ്യമായിത്തന്നെ ചെയ്യേണ്ടതാണ്. "ദാനങ്ങളെ നിങ്ങൾ വെളിപ്പെടുത്തുന്ന പക്ഷം അത് നല്ലതുതന്നെ. ഇനി അതു മറച്ചുവെക്കുകയും ദരിദ്രൻമാർക്ക് കൊടുക്കുകയുമാണ് നിങ്ങൾ ചെയ്യുന്നതെങ്കിലോ, അത് നിങ്ങൾക്ക് ഏറ്റവും ഉത്തമമാണ്."

ധൂർത്തനും മദ്യപാനിയുമായ ഒരാൾ സഹായം തേടി നിങ്ങളെ സമീപിക്കുന്നുവെന്നിരിക്കട്ടെ. നിങ്ങൾ അയാളെ സഹായിക്കുമോ? സഹായിക്കുകയാണെങ്കിൽതന്നെ അത് ഏതു രൂപത്തിലുള്ള സഹായമായിരിക്കും? ഇസ്ലാം ഈ ചോദ്യങ്ങൾക്കും മറുപടി നല്കുന്നുണ്ട്. ദുഷ്കീർത്തരും ബുദ്ധിസ്ഥിരത ഇല്ലാത്തവരുമായ ആളുകളുടെ കയ്യിൽ പണം കൊടുക്കരുത് എന്ന് ഇസ്ലാം പഠിപ്പിക്കുന്നു. എന്നാൽ അവർക്ക് ഭക്ഷണത്തിനും വസ്ത്രത്തിനുമുള്ള സംവിധാനം ഉണ്ടായിരിക്കണം. ഖുർആൻ പറയുന്നു: "നിങ്ങളുടെ നിലനില്പിന്റെ അടിസ്ഥാനമായി അല്ലാഹു നിശ്ചയിച്ചിരിക്കുന്ന

നിങ്ങളുടെ ധനം വിവേചന ശക്തിയില്ലാത്തവർക്ക് നിങ്ങൾ കൊടുക്കരുത്. അവർക്ക് ഭക്ഷണവും വസ്ത്രവും അതിൽനിന്നു നല്കുക. അവരോടു നല്ല വാക്ക് ഉപദേശിക്കുക.”

അവരുടെ മൗലികാവശ്യങ്ങളായ ഭക്ഷണത്തെയും വസ്ത്രത്തെയും കുറിച്ച് ചിന്തിച്ചശേഷം ഇസ്‌ലാം ഇവ്വിഷയകമായി എന്തു നിർദേശങ്ങൾ നല്കുന്നു. അതു സംബന്ധിച്ച് നമുക്കൊരു വിഹഗവീക്ഷണം നടത്താം.

1. നിങ്ങളുടെയും കുടുംബത്തിന്റെയും ചെലവ് കഴിച്ചുള്ളതിൽനിന്ന് ദൈവമാർഗത്തിൽ ചെലവഴിക്കുക.

2. ചെലവഴിക്കുന്നതിൽനിന്നു സ്വകരത്തെ തടഞ്ഞുനിർത്തരുത്. എന്നാൽ അതങ്ങ് തുറന്നുവെക്കയുമരുത്.

3. ദരിദ്രരായ കുടുംബക്കാർ, ആവശ്യക്കാർ, അഗതികൾ, അനാഥകൾ, പഥികർ എന്നിവരെല്ലാം സഹായത്തിന് അവകാശികളാണ്.

സകാത്ത് ആർക്കെല്ലാമാണ് വിതരണം ചെയ്യേണ്ടത്? ഖുർആൻ അതു വ്യക്തമാക്കുന്നുണ്ട്. ദരിദ്രർ, അഗതികൾ, കടംകൊണ്ട് വലഞ്ഞവർ, അനാഥകൾ, പഥികർ എന്നിവർക്കുപുറമെ നവമുസ്‌ലിംകൾക്കും അടിമവിമോചനത്തിനും വേണ്ടി സകാത്തിന്റെ ധനം വിനിയോഗിക്കാവുന്നതാണ്. സകാത്ത് പിരിച്ചെടുക്കാനും മറ്റും ചുമതലയേല്പിക്കപ്പെട്ടവർക്കുള്ള പ്രതിഫലവും അതിൽനിന്നുതന്നെ കൊടുക്കാവുന്നതാണ്. സകാത്തിന്റെ ഒരു വിഹിതം ദൈവികമാർഗത്തിൽ ചെലവഴിക്കാനുള്ളതാണ്. ‘ദൈവികമാർഗം’ എന്നത് വിശാലമായ അർഥമുൾക്കൊള്ളുന്ന ഒരു സാങ്കേതിക പ്രയോഗമാണ്. നല്ലതായ എല്ലാ മാർഗങ്ങളും അതിൽപെടുന്നു. പ്രത്യേകിച്ച് പ്രബോധന പ്രചാരണവും ദീനീ പ്രവർത്തനങ്ങളും മറ്റും.

മാതാവ്, പിതാവ്, സന്താനങ്ങൾ തുടങ്ങി തന്റെ സംരക്ഷണത്തിൻ കീഴിലുള്ളവർക്ക് സകാത്ത് കൊടുക്കാൻ പാടുള്ളതല്ല. സമ്പത്തിന്റെ ഈ അംശം അന്യർക്ക് നല്കാനാണ് വിധി.

ഇനി ഇസ്ലാമികാധ്യാപനങ്ങളുടെ മറ്റൊരു വശം പരിശോധിക്കാം: കഴിവിന്റെ പരമാവധി യാചനയിൽനിന്നു ഒഴിഞ്ഞുനിൽക്കാനാണ് ഇസ്ലാം കല്പിക്കുന്നത്. മനുഷ്യൻ എപ്പോഴും പരിശ്രമിക്കേണ്ടത് വാങ്ങുവാനല്ല, കൊടുക്കുന്നവനാവാൻ വേണ്ടിയാണ്. എല്ലാവരുടെയും മുമ്പിൽ കൈനീട്ടുന്നതിനേക്കാൾ നല്ലത് കാട്ടിൽപോയി വിറകു ശേഖരിച്ച് ഉപജീവനം കഴിക്കുകയാണെന്ന് നബി(സ) ഉപദേശിക്കുന്നു.

ഒരിക്കൽ ഒരു കാട്ടറബിയെ വിളിച്ചുവരുത്തി നബി(സ) അവന്റെ കൈപിടിച്ചു ചുംബിച്ചു. ആ കൈകളിൽ അധ്വാനത്തിന്റെ പാടുകളുണ്ടായിരുന്നു. തന്റെ ഉപജീവനത്തിനുവേണ്ടി ദേഹാധ്വാനം ചെയ്യുന്നവനായിരുന്നു അദ്ദേഹം. അതിൽ സന്തുഷ്ടനായാണ് അയാളുടെ കൈ നബി(സ) ചുംബിച്ചത്.

ഒരു വശത്ത് നബി(സ) യാചനയെ നിരുൽസാഹപ്പെടുത്തുന്നു. മറുവശത്ത് സന്തോഷപൂർവം സമ്പത്ത് ദാനം ചെയ്യാൻ കല്പിക്കുന്നു. ഇസ്ലാമികാധ്യാപനങ്ങളിൽ വേണ്ടത്ര നൻമയും സന്തുലിതത്വവും നമുക്കിവിടെ ദൃശ്യമാവുന്നു.

# ആരോപണങ്ങൾക്ക് മറുപടി

**'ഞാ**ൻ സ്നേഹിക്കുന്ന ഇസ്ലാം' എന്ന ലേഖന പരമ്പര വായിച്ച 'നീരോട്ടം' വായനക്കാർ ചില വിമർശനങ്ങളും ചോദ്യങ്ങളും ഉന്നയിക്കുക

യുണ്ടായി. അവയ്ക്ക് നല്കിയ വിശദീകരണങ്ങളാണ് ചുവടെ:

### മുസ്‌ലിം രാഷ്ട്രങ്ങളുടെ തമ്മിൽ തല്ലും ഇസ്‌ലാമും

ഒരു അമുസ്‌ലിം സുഹൃത്തിന്റെ ചോദ്യം ഇതായിരുന്നു: മുസ്‌ലിം രാഷ്ട്രങ്ങൾ, അവർ ഇസ്‌ലാമിൽ വിശ്വസിക്കുന്നവരാണെങ്കിലും പരസ്പരം അങ്കം വെട്ടുന്നതാണ് നാമിന്നു കാണുന്നത്. അപ്പോൾ ഇസ്‌ലാമിനെ സ്നേഹിക്കുന്നതിന് എന്തർഥമാണുള്ളത്?

ഞാൻ മനസ്സിലാക്കുന്നിടത്തോളം സ്നേഹം സ്നേഹമാണ്. മുസ്‌ലിംകൾ എന്തു ചെയ്യുന്നു എന്നതുമായി അതിനു ഒരു ബന്ധവുമില്ല. മുസ്‌ലിംകളുടെ കുറ്റങ്ങളും കുറവുകളും നോക്കി ഇസ്‌ലാമിനെ പ്രശംസിക്കാതിരിക്കാൻ എനിക്ക് വയ്യ. ഇതിനെ സംബന്ധിച്ച് ഒരാൾ ഇങ്ങനെ പറഞ്ഞു:

'അറബ് രാജ്യങ്ങൾ പരസ്പരം കലഹിക്കുന്നത് കണ്ട് ഇസ്‌ലാമിലുള്ള വിശ്വാസം നശിച്ചുപോവുന്നില്ലേ?'

എന്റെ മറുപടി ഇതായിരുന്നു: പ്രത്യക്ഷത്തിൽ പ്രസക്തമാണ് ഈ ചോദ്യം; എങ്കിലും യാഥാർഥ്യം മറ്റൊന്നാണ്.

ഭദ്രമായ അടിത്തറയില്ലാത്തപ്പോഴാണ് വിശ്വാസം ചോർന്നുപോവുന്നത്. ചൈനയും വിയറ്റ്നാമും ചെങ്കൊടിവാഹകരാണല്ലോ. എന്നിട്ടും അവർക്കിടയിൽ യുദ്ധമുണ്ടായി. അതുകൊണ്ട് ഇന്ത്യയിലെ കമ്യൂണിസ്റ്റുകാർ പറഞ്ഞോ, കമ്യൂണിസത്തിൽ ഞങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെട്ടുവെന്ന്? തീർച്ചയായും അവരങ്ങനെ പറയുകയില്ല. ഹിറ്റ്ലറും ചർച്ചിലും ക്രിസ്ത്യാനികളായിരുന്നു. അവരിരുവരുടെയും നേതൃത്വത്തിൽ ജർമനിയും ഇംഗ്ലണ്ടും കടുത്ത യുദ്ധം നടത്തുകയുണ്ടായി. ക്രിസ്ത്യാനികളുടെ മനസ്സിൽനിന്നു അവരുടെ വിശ്വാസം പ്രസ്തുത യുദ്ധം കെടുത്തിക്കളഞ്ഞോ? ഇല്ല. ഇനിയും നോക്കുക. ഇന്ത്യയിലെ പല ക്ഷേത്രങ്ങൾക്കിടയിലും പലപ്പോഴും കലഹങ്ങളുണ്ടാവാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ പ്രസ്തുത മന്ദിരങ്ങളിലെ പൂജാരിമാർ ദൈവവിശ്വാസം നശിച്ച് നിരീശ്വരവാദികളാവാറുണ്ടോ? ഒരിക്കലുമില്ല.

ഇതാണ് നേരെങ്കിൽ മുസ്‌ലിം രാഷ്ട്രങ്ങൾ തമ്മിൽ കലഹിക്കുന്നതു കാണുമ്പോൾ മാത്രം ഇസ്‌ലാമിനെപ്പറ്റി അസംതൃപ്തി ഉണ്ടാവുന്ന പ്രശ്നം എവിടെനിന്നാണ് ഉദ്ഭവിക്കുന്നത്?

ഇതെല്ലാം വിവിധ രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങളാണ്. മതവും ആദർശവുമായി അവയ്ക്കൊരു ബന്ധവുമില്ല. ഈ വഴക്കുകൾ ഇന്നുണ്ടെങ്കിൽ നാളെ ഇല്ലാതായെന്നുവരും. എന്നാൽ, ആദർശവും വിശ്വാസവും

ഇന്നുണ്ട്; നാളെയും അതുണ്ടാവുന്നതാണ്. മാറുന്നതോ ചാഞ്ചല്യപ്പെടുന്നതോ ആയ ഒന്നല്ല അത്.

ലോകത്ത് ഇന്ന് കമ്യൂണിസം ഒരു ശക്തിയാണ്. അതിന്നെതിരിൽ മറ്റൊരു ശക്തിയായി മുതലാളിത്തവും നിലകൊള്ളുന്നു. ഇനി മൂന്നാമതൊരു ശക്തിയായി ലോകത്ത് വല്ലതുമുണ്ടെങ്കിൽ അത് ഇസ്‌ലാമാണ്.

ആദ്യം പറഞ്ഞ രണ്ട് ശക്തികളും അവസാനം പറഞ്ഞ ഈ മൂന്നാമത്തെ ശക്തിയുടെ മുമ്പിൽ മുട്ടുകുത്തുക തന്നെ ചെയ്യും. ചരിത്രവും അങ്ങനെയാണ് പറയുന്നത്. ഇന്നലെയുടെ ചരിത്രം മാത്രമല്ല ഇന്നിന്റെ ചരിത്രവും അതു പറയുന്നു. നാളെയുടെ ചരിത്രവും പറയുന്നത് അതു തന്നെ. എല്ലാം ഇസ്‌ലാമിന്റെ അപദാനങ്ങൾ പറയുന്നു.

അറബികൾ ഇസ്‌ലാമികാദർശത്തിൽ കൂടുതൽ വിശ്വാസമർപ്പിക്കുകയാണെങ്കിൽ അവർക്ക് അല്ലാഹു നല്കിയ അനുഗ്രഹം ലോകത്ത് വ്യാപിക്കുന്നതാണ്.

നബിയുടെ ജീവിതം അകളങ്കമായിരുന്നു. ഖുലഫാഉർറാശിദുകളുടെ ജീവിതവും തഥൈവ. ചരിത്രത്തിന്റെ പിന്നീടുള്ള ദശകളിൽ ചില നവാബുമാരുടെയും പാദുഷമാരുടെയും കാലുകൾ വഴുതിപ്പോവുകയുണ്ടായി. ചില തെറ്റുകൾ അവർക്ക് പിണഞ്ഞു. എന്നാൽ മുസ്‌ലിം സമുദായത്തിന് തങ്ങളുടെ മതത്തിലും ആദർശങ്ങളിലും അചഞ്ചലമായ വിശ്വാസം നില നിന്നിരുന്നു. പ്രഥമ നൂറ്റാണ്ടിൽ അവരുടെ സംഖ്യ ലക്ഷത്തിൽപരമായിരുന്നു. ഇന്നത് കോടികളായി ഉയർന്നിട്ടുണ്ട്. മുസ്‌ലിം രാഷ്ട്രങ്ങളുടെയും ഭരണാധികാരികളുടെയും പിഴവുകൾ ആദർശത്തിന്റെ നൈരന്തര്യത്തെ ബാധിക്കുകയുണ്ടായില്ല എന്ന് ഇതിൽനിന്നും മനസ്സിലാക്കാം. വ്യക്തികളുടെ തെറ്റുകൾ ആദർശത്തെ ദുർബലപ്പെടുത്തുകയുമില്ല.

യാഥാർഥ്യം ഇതാണ്: ലോകത്തെ സങ്കീർണമായ പ്രശ്നങ്ങളുടെ പരിഹാരവും ലോകത്തെ ദുരന്തങ്ങൾക്കുള്ള ശമനൗഷധവും ഇസ്‌ലാം മാത്രമാണ്. സൂര്യൻ അസ്തമിച്ചാൽ വെളിച്ചം കിട്ടുന്നതെവിടെനിന്ന്? സമുദ്രം അതിന്റെ ഉപ്പുരസം ഒഴിവാക്കുകയാണെങ്കിൽ എവിടെനിന്ന് ഉപ്പ് കിട്ടും? ഉറവകൾ വറ്റിയാൽ ജലം കിട്ടുന്നതെവിടെനിന്ന്? ഇസ്‌ലാം നാമാവശേഷമായാൽ മാനവകുലത്തിന്റെ ദുഃഖങ്ങൾക്ക് ശമനമെവിടെ?

'മുസ്‌ലിംകൾ നിർദയരാണ്. കുറ്റകൃത്യങ്ങൾക്ക് ഇസ്‌ലാം നല്കുന്ന ശിക്ഷ മൃഗീയമാണ്. കട്ടവന്റെ കൈ വെട്ടുക; വ്യഭിചരിച്ചവരെ എറിഞ്ഞു കൊല്ലുക'. പൊതുവേ അമുസ്‌ലിം സുഹൃത്തുക്കൾ ധരിച്ചുവശായതും വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നതുമായ ഒരു സംഗതിയാണിത്. മറ്റൊരു

പ്രചാരണം ഇതാണ്: മുസ്‌ലിംകൾ ക്ഷേത്ര വിധ്വംസകരാണ്. പടയോട്ടം നടത്തി നിരവധി ദേവാലയങ്ങൾ അവർ തകർക്കുകയുണ്ടായി. പല ജാതി അക്രമങ്ങൾ അവർ നടത്തിയിട്ടുണ്ട്.

ആരോപണം നടത്തുന്നവർ ആദ്യമായി സ്വയമൊന്ന് പരിശോധിക്കേണ്ടതുണ്ട്. അപ്പോൾ യാഥാർഥ്യം മറനീക്കി പുറത്തുവരുന്നതാണ്.

● ഒരു പശുക്കുട്ടിയെ അറുത്തതിന് പോളൻ സ്വന്തം മകനെ കഴുമരത്തിലേറ്റി. മനുസ്മൃതിയുടെ വിധി പ്രകാരമായിരുന്നു അദ്ദേഹമത് ചെയ്തത്.

● നന്ദൻ എന്നു പേരായ ചക്രവർത്തിയുടെ കയ്യിൽനിന്നു ഒരു പഴം നദിയിൽ വീണു. അത് ഒഴുകിയൊഴുകി കുറേ താഴെയെത്തി. ഒരു പെൺകുട്ടി അതെടുത്ത് തിന്നു. ആ പാപം ചെയ്തതിന് ചക്രവർത്തി അവൾക്ക് വധശിക്ഷയാണ് നല്കിയത്.

● പ്രസിദ്ധ കവിയായിരുന്ന കങ്കിയുടെ കാൽത്തള ഒരു സ്വർണപ്പണിക്കാരൻ മോഷ്ടിച്ചു. അതിന് ശിക്ഷ നല്കിയത് അന്നത്തെ മുഴുവൻ സ്വർണപ്പണിക്കാരെയും കൊന്നുകൊണ്ടായിരുന്നു.

● ജ്ഞാനസമുദ്രൻ എന്ന പുരോഹിതൻ ഒരു മഠത്തിൽ താമസിക്കുകയായിരുന്നു. ചമണൻ ജാതിയിൽ പെട്ട ഒരു വിഭാഗം മഠത്തിന് തീവെക്കാൻ ശ്രമിച്ചു. പ്രസ്തുത ജാതിയിൽപെട്ട എണ്ണായിരം പേരെ കൊന്നൊടുക്കിക്കൊണ്ടാണ് അതിന് ശിക്ഷ നല്കിയത്.

● അപ്പർ എന്നു പേരായ ഒരാളെ, മതപരിവർത്തനം നടത്തിയ കാരണത്താൽ കല്ലുകെട്ടി കടലിലേക്കെറിയുകയുണ്ടായി. അയാൾ എങ്ങനെയോ രക്ഷപ്പെട്ടു. വീണ്ടും അദ്ദേഹത്തെ പിടികൂടി ചുണ്ണാമ്പ് ചൂളയിലിറക്കി കൊന്നുകളഞ്ഞു.

● രാജകല്പന ലംഘിച്ചവരെ ജീവനോടെ കുഴിച്ചുമൂടുകയും ആനയെക്കൊണ്ട് ചവിട്ടിച്ചു കൊല്ലുകയും ചെയ്തിരുന്നതായി തെന്നാലിരാമൻ കഥകളിൽ കാണാം.

● തിരുമലയിലെയും മൈസൂരിലെയും രാജാക്കൻമാർക്കിടയിലുണ്ടായിരുന്ന യുദ്ധത്തിൽ ജനങ്ങളുടെ മൂക്ക് മുറിച്ചിരുന്നു. മൈസൂരിലെ രാജാവ് തമിഴ്നാടിനോട് പ്രതികാരം ചെയ്യാൻ വേണ്ടി അക്രമിക്കുകയും ജനങ്ങളുടെ ചുണ്ടും മൂക്കും മുറിച്ചെടുക്കുകയും ചെയ്തു. ഇതിനു പ്രതികാരമെന്ന വണ്ണം തമിഴ്നാട്ടിലെ രാജാവ് മൈസൂർ ആക്രമിക്കുകയും അവി

ടത്തെ ജനങ്ങളുടെ ചുണ്ടും മൂക്കും മുറിച്ചെടുക്കുകയും ചെയ്തു.(നായിക് രാജാക്കന്മാരുടെ ചരിത്രത്തിൽനിന്ന്.)

● കുട്ടികളെ ബലി നല്കുക, മനുഷ്യന്റെ അവയവങ്ങൾ വഴിപാട് നല്കുക- ഇത്തരം ആചാരങ്ങൾ ഇന്നും നമ്മുടെ നാട്ടിന്റെ പല ഭാഗത്തും നടക്കുന്നുണ്ട്. ഇതാണോ ദയയും ദാക്ഷിണ്യവും.

● പാശ്ചാത്യലോകത്ത് കുരുശിൽ തറച്ചുകൊല്ലൽ സാധാരണയായിരുന്നു. യേശുവിനെ കുരിശിൽ തറക്കാനുള്ള ശ്രമം നടന്നിരുന്നു. സെന്റ് പീറ്ററെ കുത്തനെ നിറുത്തി ക്രൂശിക്കുകയുണ്ടായി.

● ജോൺ ഓഫ് ആർക്കിനെ ജീവനോടെ ചുട്ടെരിച്ചു.

● പ്രൊട്ടസ്റ്റന്റ് മതം സ്വീകരിക്കുന്നവരുടെ തലയറുത്തെടുത്ത് തലച്ചോറ് പിച്ചിയെറിയുകയും അവരെ ജീവനോടെ ചുട്ടുകൊല്ലുകയും ചെയ്തിരുന്നു.

● ആഫ്രിക്കൻ വനാന്തരങ്ങളിൽനിന്നു കന്നുകാലികളെപ്പോലെ മനുഷ്യരെ പിടിച്ചുകൊണ്ട് വന്ന് യൂറോപ്പിലെ ചന്തകളിൽ വിലപേശി വിറ്റിരുന്നു. ഇതാണ് പാശ്ചാത്യരുടെ സംസ്കാരം.

● ഹിറ്റ്ലർ എണ്ണമറ്റ മനുഷ്യരെ ഗ്യാസ്ചേമ്പറിലിട്ടു കൊന്നു.

● വർഗീയ കലാപങ്ങളിൽ മനുഷ്യരെ ജീവനോടെ ചുട്ടുകൊന്നതായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്ന് ഇന്നും റിപ്പോർട്ടുകൾ വരുന്നുണ്ട്. വലിയപുരം, ജാംഷഡ്പൂർ, ബെൽചി തുടങ്ങിയ സംഭവങ്ങൾ ഇതിനു തെളിവാണ്.

ഏതൊരു രാജ്യത്തിന്റെ ചരിത്രവും ഇതുപോലുള്ള അക്രമമർദനങ്ങളിൽ കളങ്കിതമാണ്. പല തത്ത്വശാസ്ത്രങ്ങളുടെയും നിഴലിൽ മനുഷ്യർ അക്രമങ്ങൾ നടത്തിയിട്ടുണ്ട്. അവിടെയെല്ലാം അവന്ന് നേരെ ദയയും അനുകമ്പയും പ്രകടിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. മൃഗീയവും അക്രമപരവുമായ ആശയങ്ങളെ ഇല്ലായ്മ ചെയ്ത് തൽസ്ഥാനത്ത് ശരിയായ അർഥത്തിലുള്ള കാരുണ്യത്തിന്റെ അധ്യാപനങ്ങൾ നല്കിയ വല്ല മതവുമുണ്ടെങ്കിൽ അത് ഇസ്‌ലാമാണ്.

ചില മതങ്ങളിൽ ദൈവത്തിന്റെ വിശേഷണങ്ങളെ വകതിരിച്ച്, ഓരോ വിശേഷണത്തെയും ഒരു ദൈവമായി സങ്കല്പിക്കുന്നു. മറ്റു ചില മതങ്ങളിൽ ദൈവത്തെ വിശേഷണങ്ങളിൽനിന്ന് മുക്തമായ ഒരസ്തിത്വമായി കണക്കാക്കുന്നു. എന്നാൽ ഇസ്‌ലാമിൽ ദൈവത്തെ ആദ്യാവസാനം കരുണ

യായി കാണിക്കപ്പെടുന്നു. നബി(സ)യുടെ ആഗമനത്തെപ്പോലും കാരുണ്യമെന്നാണ് പറഞ്ഞിരിക്കുന്നത്. ഖുർആനിൽ ദൈവത്തെപ്പറ്റി പലയിടത്തും പരമകാരുണികൻ, കരുണാനിധി എന്നെല്ലാം പ്രയോഗിച്ചിരിക്കുന്നു. തന്റെ വിശേഷണമായ കാരുണ്യം തന്റെ അടിമകളിലും പ്രതിബിംബിക്കണമെന്നാണ് അല്ലാഹു ആഗ്രഹിക്കുന്നത്.

എല്ലാ പ്രവൃത്തികളും അല്ലാഹു, റഹ്മാൻ(പരമകാരുണികൻ), റഹീം (കരുണാനിധി) എന്നിവകൊണ്ട് തുടങ്ങണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇസ്‌ലാമിലെ അഭിവാദനരീതിയും കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും പ്രകാശനമാണ്.

ഒരു യഥാർഥ മുസ്‌ലിം മറ്റുള്ളവരോടു ദയയും അനുകമ്പയുമുള്ളവനായിരിക്കും. ഖുർആന്റെ അധ്യാപനവും നബി(സ)യുടെ മാതൃകയുമാണത്. ആരെങ്കിലും സഹാനുഭൂതിയുടെ മാർഗത്തിൽനിന്ന് വ്യതിചലിക്കുകയാണെങ്കിൽ അവരെ ആ മാർഗത്തിലേക്കുതന്നെ കൊണ്ടുവരാൻ ഇസ്‌ലാം ശക്തിയായി പറയുന്നുണ്ട്.

സുൽത്താൻ സലീം തുർക്കിയിലെ ഒരു ഭരണാധികാരിയായിരുന്നു. തനിക്ക് കീഴിലുള്ളവരോട് അദ്ദേഹത്തിന്റെ പെരുമാറ്റം വളരെ പരുഷമായിരുന്നു. തന്റെ രാജ്യത്തെ എല്ലാ ഭാഷകളും എല്ലാ മതങ്ങളും തുടച്ചുനീക്കി ഒരു മതവും ഒരു ഭാഷയും മാത്രം നടപ്പാക്കാൻ അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ അക്കാലത്തെ ശൈഖുൽ ഇസ്‌ലാമിന്റെ കടുത്ത എതിർപ്പുമൂലം അദ്ദേഹത്തിന് ആ സംരംഭം ഉപേക്ഷിക്കേണ്ടിവന്നു.

വിനോദത്തിനുവേണ്ടി പക്ഷികളെയോ മൃഗങ്ങളെയോ പരസ്പരം അങ്കം വെട്ടിക്കുന്ന പതിവ് ലോകത്തിന്റെ പല ഭാഗത്തും ഇന്നും നടപ്പുണ്ട്. ഇസ്‌ലാം അതിനെ കഠിനമായി വെറുക്കുന്നു.

അദിയ്യുബ്നു ഹാതിം ഉറുമ്പുകൾക്ക് ഭക്ഷണം നല്കാറുണ്ടായിരുന്നു. ഇസ്‌ലാമിന്റെ അധ്യാപനമാണ് അതിനദ്ദേഹത്തെ പ്രേരിപ്പിച്ചത്.

റോഡിൽ യാത്ര ചെയ്യാനുള്ള അവകാശം മൃഗങ്ങൾക്കുമുണ്ട്. അവയെ ആട്ടിയോടിക്കാൻ പാടില്ല- ശീറാസിയാണിത് പറഞ്ഞത്. ഇതുപോലുള്ള സംഭവങ്ങൾ മുസ്‌ലിംകളുടെ ചരിത്രത്തിൽ സുലഭമാണ്.

മൂന്ന് പേർ ഒട്ടകപ്പുറത്ത് യാത്ര ചെയ്യുകയും ഭാരം നിമിത്തം ഒട്ടകം ഞെരുങ്ങുകയുമാണെങ്കിൽ ബലം പ്രയോഗിച്ചുകൊണ്ടും അതിലൊരുവനെ പിടിച്ചിറക്കണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

കാരുണ്യത്തിന്റെ അധ്യാപനങ്ങൾ നല്കുന്ന ഇസ്ലാം ഗുരുതരമായ കുറ്റകൃത്യങ്ങൾക്ക് കടുത്ത ശിക്ഷ നല്കുന്നു എന്നത് ശരിയാണ്. കട്ടവന്റെ കരം വെട്ടണമെന്ന് ഇസ്ലാം കല്പിക്കുന്നുണ്ടെന്നതിൽ സംശയമില്ല. എന്നാൽ, ഈ നടപടികളുളവാക്കുന്ന സദ്ഫലങ്ങളെക്കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഈ നിയമം നടപ്പിലുള്ള മുസ്ലിം രാഷ്ട്രങ്ങളിൽ മോഷണം വളരെ അപൂർവമായേ നടക്കുന്നുള്ളൂ.

അറബ് നാടുകളിൽ കൊലയാളികളുടെ തല വെട്ടുന്നുണ്ടെങ്കിൽ ഇതര രാജ്യങ്ങളിൽ അവരെ തൂക്കിക്കൊല്ലുകയോ വൈദ്യുത കസേരയിലിരുത്തി വധശിക്ഷ നല്കുകയോ ചെയ്യുന്നുണ്ട്. തൂക്കുമരവും വൈദ്യുതിയുമുപയോഗിച്ചുള്ള മരണം വളരെ കഠിനമാണ്. എന്നാൽ വാൾകൊണ്ട് ശിരശ്ഛേദം നടത്തുമ്പോൾ അത്രയും കാഠിന്യമില്ല.

**ക്ഷേത്ര ധ്വംസകരോ**

ഇപ്രകാരം അടിസ്ഥാന രഹിതമായ മറ്റൊരു ആരോപണമാണ് മുസ്ലിംകൾ ഹൈന്ദവ ക്ഷേത്രങ്ങൾ കൊള്ളയടിച്ചുവെന്നത്. ഈ ആരോപണമുന്നയിക്കുമ്പോൾ ഇന്ത്യയിലെ മറ്റു ജനവിഭാഗങ്ങളും ഇതേ കൃത്യം നടത്തിയിട്ടുണ്ടെന്ന സത്യം നാം മറക്കുന്നു. തമിഴ്നാട്ടിൽ ചമണർ ക്ഷേത്രങ്ങൾ പൊളിച്ചിട്ടുണ്ട്. മുസ്ലിംകൾ ക്ഷേത്ര വിധ്വംസനം നടത്തിയെന്നു നാം പറയുന്നു. എന്നാൽ അവർ ഹിന്ദുക്ഷേത്രങ്ങൾക്കു വേണ്ടി ഭൂമി ദാനം ചെയ്തിരുന്നുവെന്ന കാര്യം മറക്കുകയും ചെയ്യുന്നു. മുസ്ലിംകൾ ക്ഷേത്രം തകർത്തിട്ടുണ്ടെങ്കിൽ അത് ഇതര മതസ്ഥരുടെ ആരാധനാ മന്ദിരങ്ങൾ പൊളിക്കണമെന്നു ഇസ്ലാം കല്പിക്കുന്നതുകൊണ്ടല്ല; മറ്റു പലതുമായിരുന്നു അതിന്റെ പ്രേരകം.

'മുസ്ലിംകൾ ക്ഷേത്രങ്ങൾ പൊളിക്കുകയും വിഗ്രഹങ്ങൾ തകർക്കുകയും ചെയ്തതായി ഇന്ത്യൻ ചരിത്രത്തിൽ കാണുന്നില്ലേ? അതിനെ സംബന്ധിച്ച് താങ്കളെന്ത് പറയുന്നു?'- ഒരാൾ ചോദിക്കുന്നു.

അതിന്റെ മറുപടി: ജനങ്ങളുടെ കൈകളിൽ ഇന്നുള്ള ഇന്ത്യാചരിത്രം വസ്തുതകളുടെയോ സത്യാന്വേഷണത്തിന്റെയോ വെളിച്ചത്തിൽ ക്രോഡീകരിക്കപ്പെട്ടതല്ല. മുസ്ലിംകൾക്കും ഇതര സമുദായങ്ങൾക്കുമിടയിൽ ശത്രുതയുണ്ടാക്കാൻ വേണ്ടി കുഴപ്പക്കാരായ പാശ്ചാത്യർ എഴുതിയുണ്ടാക്കിയതാണ് ഈ ചരിത്രം. മുസ്ലിംകൾ ക്ഷേത്രധ്വംസനവും വിഗ്രഹഭഞ്ജനവും നടത്തിയിട്ടുണ്ട് എന്നത് സ്ഥിരീകരിക്കപ്പെട്ടാൽത്തന്നെ എന്റെ മറുപടി ഇതാണ്: അന്യ മതസ്ഥരുടെ ആരാധനാലയങ്ങൾ നശിപ്പിക്കാനും പൂജാവസ്തുക്കൾ തകർക്കാനും ഇസ്ലാം ഒരിക്കലും അനുവദിച്ചിട്ടില്ല. ക്ഷേത്ര

വിധ്വംസനം നടത്തിയത്, മഹ്മൂദ് ഗസ്നിയാവട്ടെ അദ്ദേഹത്തിന്റെ സേനാ നായകനാവട്ടെ, അതിന് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല. മറിച്ച്, അന്യ സമുദായങ്ങളുടെ ആരാധനാ ഗേഹങ്ങൾ സംരക്ഷിക്കാൻ കടപ്പെട്ട താണ് ഇസ്‌ലാമിക ഭരണകൂടം.

വിഗ്രഹാരാധന തെറ്റാണ് എന്ന ബോധം ഇസ്‌ലാം ജനമനസ്സുകളിൽ സൃഷ്ടിക്കുകയും അതിനു തക്ക തെളിവുകൾ സമർപ്പിക്കുകയും ചെയ്യു ന്നുണ്ട്. മതത്തിന്റെ കാര്യത്തിൽ യാതൊരു ബലാൽക്കാരവുമില്ല എന്ന് ഇസ്‌ലാം സ്പഷ്ടമായി പ്രഖ്യാപിച്ചിട്ടുണ്ട്. ജനമനസ്സുകൾ ബഹുദൈ വത്വത്തിൽനിന്നും അവിശ്വാസത്തിൽനിന്നും ശുദ്ധമാവണമെന്ന് ഇസ്‌ലാം ആഗ്രഹിക്കുന്നുണ്ട്. അതിന് അത് സ്വീകരിക്കുന്ന മാർഗം പ്രബോധന പ്രചാ രണങ്ങളുടേതാണ്. ബലാൽക്കാരത്തിന്റെയും ശക്തിപ്രയോഗത്തിന്റെയും മാർഗം ഇസ്‌ലാമിന്റെ പ്രകൃതിക്ക് തന്നെ വിരുദ്ധമാണ്.

നബി(സ) കഅ്ബയിൽനിന്ന് വിഗ്രഹങ്ങൾ നീക്കംചെയ്തുവെന്നത് ഒരു ചരിത്ര യാഥാർഥ്യമാണ്. എന്നാൽ, കഅ്ബ അല്ലാഹുവിന്റെ വീടാണെന്ന കാര്യം മറക്കുന്നത് ശരിയല്ല. ജനങ്ങൾ തങ്ങളുടെ അജ്ഞതയും ധിക്കാ രവും നിമിത്തമാണ് അവിടെ വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചത്. ഏകനായ അല്ലാ ഹുവിനെ ആരാധിക്കാൻ വേണ്ടി നിർമിക്കപ്പെട്ടതാണ് കഅ്ബ. അറേബ്യ യിലെ ബിംബാരാധകരും അംഗീകരിച്ചിരുന്ന ഒരു സത്യമായിരുന്നു അത്. കാലാന്തരത്തിൽ പല വിഗ്രഹങ്ങളും അതിൽ പ്രതിഷ്ഠിക്കപ്പെട്ടു. നബി( സ) അവയെ നീക്കംചെയ്യുകയും മുമ്പത്തെപ്പോലെ കഅ്ബയെ ഏകദൈ വാരാധനയുടെ കേന്ദ്രമാക്കുകയും ചെയ്തു.

എന്നാൽ, നബി(സ) യഹൂദരുടെയോ ക്രൈസ്തവരുടെയോ ആരാധ നാലയങ്ങൾ കയ്യേറിയതായി ചരിത്രത്തിലെവിടെയും കാണുകയില്ല.

## ഇസ്‌ലാം പ്രചരിച്ചത് വാളുകൊണ്ടല്ല

സ്വന്തം നന്മകൾകൊണ്ടല്ല, പ്രത്യുത വാളിന്റെ ശക്തികൊണ്ടാണ് ഇസ്‌ലാം പ്രചരിച്ചത് എന്നായിരുന്നു ഒരു വിമർശനം. ഇത് ഒരു വാദം മാത്ര മാണ്. അതിനെ ബലപ്പെടുത്തുന്ന ഒരു തെളിവും കാണാൻ കഴിയുകയില്ല. ഇസ്‌ലാം വളരെ സ്പഷ്ടമായിത്തന്നെ ബലാൽക്കാരം പ്രയോഗിക്കുന്ന തിനെ വിലക്കിയിട്ടുണ്ട്.

ഇസ്‌ലാമിനെതിരെ ആരോപണമുന്നയിക്കുന്നവർ ലോകചരിത്രം മറ ക്കുകയാണ് ചെയ്യുന്നത്. നാവെടുത്താൽ ഇസ്‌ലാമിന്നെതിരിൽ ആക്ഷേപ ങ്ങൾ തൊടുത്തുവിടുന്നവരാണവർ. പല രാജ്യങ്ങളും അവയുടെ മതങ്ങളെ

അധികാരത്തിന്റെ ശക്തിയുപയോഗിച്ചു പ്രചരിപ്പിച്ചിട്ടുണ്ടെന്ന് ചരിത്രം പരതിയാൽ കാണാം. അകലെയെന്തിന് പോകണം! ബുദ്ധമതത്തിന്റെ ചരിത്രം പരിശോധിക്കൂ. അശോകന്റെയും ഹർഷന്റെയും ഭരണകൂടത്തിന്റെ സഹായത്തിലാണിവിടെ ബുദ്ധമതം പ്രചരിച്ചത്. ചമണരുടെ ചരിത്രവും അതുതന്നെ. ഭാരതത്തിലെ മുഴുവൻ രാജാക്കന്മാരും ചമണരായിരുന്ന ഒരു കാലമുണ്ടായിരുന്നു. അതിനു ശേഷം വൈദികയുഗം സമാഗതമായി. ഈ മതം അധികാരത്തിന്റെ ശക്തികൊണ്ട് ഇതര മതവിഭാഗത്തെ നശിപ്പിച്ചു. അവർ എത്രയോ പേരെ കഴുമരത്തിലേറ്റുക പോലും ചെയ്തു. ഭാരതത്തെ ഒരു ഹിന്ദുരാഷ്ട്രമാക്കാൻ സ്വീകരിക്കപ്പെട്ട മാർഗമാണിത്.

മാത്രമല്ല, ഭാരതീയ രാജാക്കന്മാർ സൈനികാക്രമണം നടത്തി വിദേശങ്ങളിൽ തങ്ങളുടെ മതം പ്രചരിപ്പിക്കുക പോലും ചെയ്തിട്ടുണ്ട്. ജാവാ, സുമാത്രാ, കമ്പോഡിയാ എന്നിവിടങ്ങളിൽ ഇന്നും ഹിന്ദുമതത്തിന്റെ സ്വാധീനം ദൃശ്യമാണ്.

ഇനി മുസ്‌ലിം ഭരണാധികാരികൾ മതപ്രചാരണത്തിനുവേണ്ടി തങ്ങളുടെ ശക്തി പ്രയോഗിച്ചിരുന്നുവെന്ന് തെളിയിക്കപ്പെട്ടാൽതന്നെ അത് വലിയൊരു തെറ്റൊന്നുമല്ല. ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്താൻ മാത്രം അതിലൊന്നുമില്ല. ആധുനിക ശാസ്ത്രയുഗത്തിൽപോലും ഇസ്‌ലാം വാളുകൊണ്ട് പ്രചരിപ്പിക്കപ്പെട്ടതാണെന്ന ആരോപണം ഉന്നയിക്കപ്പെടുന്നുണ്ട്. തോക്കിൻ കുഴലിലൂടെ ആദർശം പ്രചരിപ്പിക്കുന്ന ഭരണാധികാരികളും ഈ ആരോപണമുന്നയിക്കുന്നവരുടെ കൂട്ടത്തിലുണ്ടെന്നാണ് ഏറെ രസകരം. ഇവരുടെ ദൃഷ്ടി ഒരിക്കലും സ്വന്തം ചെയ്തികളിലേക്ക് എത്താറില്ല എന്നതാണ് വാസ്തവം.

ഇന്ന് ഏതായാലും മതത്തിൽ ബലപ്രയോഗത്തിന്റെ പ്രശ്നമില്ല. സ്വന്തം ആശയാദർശങ്ങൾക്കൊത്ത് ജീവിക്കാനും അവ മറ്റുള്ളവരിൽ പ്രചരിപ്പിക്കാനും എല്ലാവർക്കും ഇന്നവകാശമുണ്ട്. ഇന്നും വളരെ പേർ ഇസ്‌ലാം സ്വീകരിക്കുന്നുണ്ടല്ലോ. ഏത് വാൾകൊണ്ടാണ് ഇവർ മുസ്‌ലിംകളാക്കപ്പെടുന്നത്? ഇരുമ്പിന്റെ വാളല്ല എന്നത് തീർച്ച. മറിച്ച് സത്യസന്ധതയും വിശ്വസ്തതയുമാണ് ജനങ്ങളെ ആകർഷിക്കുന്നത്.

●